# ഉള്ളടക്കം




04 ചെയർപേഴ്സന്റെ സന്ദേശം



05 നാളികേര വികസന ബോർഡിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയം: മന്ത്രി ശ്രീ.നരേന്ദ്ര സിംങ് തോമർ
സിഡിബി ന്യൂസ് ബ്യൂറോ



08 കർഷക താത്പര്യങ്ങൾ സംരക്ഷിക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധം
സിഡിബി ന്യൂസ് ബ്യൂറോ



13 നാളികേര ഉത്പാദക കമ്പനികളുടെ കൺസോർഷ്യത്തിന് ഐസിസി മന്ത്രിതല സമ്മേളനത്തിന്റെ അംഗീകാരം
മൃദുല കൊട്ടേക്കാട്



16 ലോക നാളികേര ദിനാഘോഷം കേരളത്തിൽ
സിഡിബി ന്യൂസ് ബ്യൂറോ



19 പുങ്കംപാളയത്തെ പഞ്ചസാര ഫാക്ടറി
ആബെ ജേക്കബ്



23 തെങ്ങിൻ തോപ്പുകളിൽ തിപ്പലി വളർത്താം
ബേബി ജോസഫ്



25 തെങ്ങിന് ഇടവിളയായി പപ്പായ കൃഷി
കെ. നിഹാദ്, വി. കൃഷ്ണകുമാർ, എ. അബ്ദുൽ ഹാരിസ്, എം. രാജ്കുമാർ, രവി ഭട്ട്

കുരുത്തോലപ്പന്തൽ 27

വാർത്തകൾ 31

തെങ്ങിൻ തോപ്പിൽ ഒക്ടോബറിലെ കൃഷിപ്പണികൾ
സി. തമ്പാൻ, പി. സുബ്രഹ്മണ്യം, ജോസഫ് രാജ്കുമാർ 33

കമ്പോളം 35

കേരപാചകം 38



# ചെയർപേഴ്സന്റെ സന്ദേശം



പ്രിയപ്പെട്ട നാളികേര കർഷകരെ,

നാളികേര വികസന ബോർഡിൽ നിന്ന് ഹൃദ്യമായ ആശംസകൾ


നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ 2019 സെപ്റ്റംബർ 2– ന് ഭുവനേശ്വറിലെ കലിംഗ സർവകലാശാല കാമ്പസിൽ 21–ാമത് ലോക നാളികേര ദിനം ആഘോഷിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ആയിരത്തോളം കൃഷിക്കാർ പരിപാടികളിൽ സംബന്ധിച്ചു. ഇതാദ്യമായാണ് ഇത്രയധികം കർഷക പങ്കാളിത്തമുള്ള നാളികേരദിനാഘോഷം ബോർഡ് സംഘടിപ്പിക്കുന്നത്. വിദഗ്ധർ നേതൃത്വം നല്കിയ നാളികേര സെമിനാർ ആയിരുന്നു ദിനാഘോഷങ്ങളുടെ മുഖ്യ പരിപാടി. നാളികേരത്തിന്റെ നന്മകളെ കുറിച്ചും, മേഖലയിലെ നൂതനവും ആനുകാലികവുമായ സാങ്കേതിക വിദ്യകൾ, ശാസ്ത്രീയ പരിചരണ മുറകൾ, സംസ്കരണം, മൂല്യവർധനവ്, വിപണനം, കയറ്റുമതി തുടങ്ങിയവയെ കുറിച്ചും കർഷകരിൽ കൂടുതൽ അവബോധം സൃഷ്ടിക്കുക എന്നതായിരുന്നു സെമിനാറിന്റെ ലക്ഷ്യം.

രാജ്യത്തെ നാളികേര കൃഷി വികസനത്തിനും, സംസ്കരണത്തിനും, മൂല്യവർധനവിനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തു നടത്തിയ പ്രസംഗത്തിൽ ആദരണീയനായ കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രി ഉറപ്പു നല്കി. ഇന്ത്യയിലെ നാളികേര മേഖലയുടെ സമഗ്ര വികസനത്തിനായി വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനു മുഖ്യ പങ്കു വഹിച്ചു കൊണ്ട് നാളികേര വികസന ബോർഡ് ചെയ്യുന്ന സ്തുത്യർഹ സേവനങ്ങളെയും അദ്ദേഹം പ്രകീർത്തിച്ചു. ഫാനി ചുഴലിക്കൊടുങ്കാറ്റിലും മറ്റു പ്രകൃതിക്ഷോഭങ്ങളിലും ദുരിതമനുഭവിക്കുന്ന ഒഡീഷയിലെ കൃഷിക്കാരെ അദ്ദേഹം തന്റെ കരുതൽ അറിയിക്കുകയും അവരുടെ ക്ഷേമത്തനായി കേന്ദ്ര ഗവൺമെന്റിൽ നിന്ന് സാധ്യമായ എല്ലാ സഹായ സഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു. 2020 ആകുമ്പോഴേയ്ക്കും രാജ്യത്തെ കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക എന്ന ഗവൺമെന്റിന്റെ കാഴ്ച്ചപ്പാട് സാക്ഷാത്ക്കരിക്കുന്നതിന് നാളികേര സംസ്കരണവും മൂല്യവർധനവുമാണ് വളരെ അടിയന്തിരമായി ചെയ്യേണ്ടത് എന്നും അദ്ദേഹം കൃഷിക്കാരെ ഓർമ്മിപ്പിച്ചു.

കേന്ദ്ര കൃഷി വകുപ്പ് സെക്രട്ടറി ശ്രീ സഞ്ജയ് അഗർവാൾ, കൃഷി സഹകരണ, കർഷക ക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറിയും സാമ്പത്തിക ഉപദേഷ്ടാവുമായ ശ്രീ ബി പ്രധാൻ എന്നിവരും തദവസരത്തിൽ നാളികേര കൃഷിക്കാരുടെ കഠിനാധ്വാനത്തെയും അവരുടെ സംഭാവനകളെയും അഭിനന്ദിക്കുകയും, ഗവൺമെന്റ് അവർക്ക് ഒപ്പം നിന്ന് എല്ലാ പിന്തുണയും നല്കുമെന്ന് അറിയിക്കുകയും ചെയ്തു. നൂതന ഉത്പ്പന്നങ്ങളുടെ പേരിലും, രാജ്യത്തിന്റെ കയറ്റുമതി വിഹിതത്തിൽ നല്കുന്ന സംഭാവനകളുടെ പേരിലും സംരംഭകരെയും ഇരുവരും ശ്ലാഘിച്ചു.

നാളികേരം എന്ന അത്ഭുത വിളയുടെ ഭാവി നേട്ടങ്ങൾ പ്രവചനാതീതമാണ്. അത് മനുഷ്യരാശിയ്ക്കു ലഭിച്ച വരമാണ്. നാളികേര ഉത്പാദനക്ഷമതയിൽ ലോകത്ത് ഒന്നാം സ്ഥാനത്ത് നില്ക്കുന്ന ഇന്ത്യയിൽ ഉപജീവനത്തിനായി 1.2 കോടി കുടുംബങ്ങൾ ഈ വിളയെ ആശ്രയിക്കുന്നു. അതുകൊണ്ട് നാളികേരത്തിന് സ്ഥിരവും ആദായകരവുമായ വില ഉറപ്പാക്കുകയും അത് ഏകീകരിക്കകയും ചെയ്യേണ്ടത് നാളികേര കർഷകരുടെ നല്ല നാളെയ്ക്ക് അത്യാവശ്യമാണ്.

ഈ സന്ദർഭത്തിൽ നാളികേര മേഖലയിലെ സാധ്യതകളും അവസരങ്ങളും പരമാവധി ഉപയോഗപ്പെടുത്തുവാൻ എന്റെ കർഷക സുഹൃത്തുക്കളെയും സംരംഭകരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.



വി. ഉഷാറാണി ഐ.എ.എസ്
ചെയർപേഴ്സൺ




# നാളികേര വികസന ബോർഡിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയം: മന്ത്രി ശ്രീ. നരേന്ദ്ര സിംങ് തോമർ

**സിഡിബി ന്യൂസ് ബ്യൂറോ**, കൊച്ചി -11

രാജ്യത്തെ നാളികേര മേഖലയിൽ നാളികേര വികസന ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്ന് കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രി ശ്രീ. നരേന്ദ്ര സിംങ് തോമർ പ്രസ്താവിച്ചു. രാജ്യത്ത് 10000 കർഷക ഉത്പാദക കൂട്ടായ്മകൾ രൂപീകരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രഖ്യാപനം വരുന്നതിനും മുമ്പെ, മറ്റ് മേഖലകൾക്കു മാതൃകയാകത്തക്ക വിധത്തിൽ ഉത്പാദക കമ്പനികൾ രൂപീകരിച്ച് ഈ ത്രിതല സംവിധാനത്തിന്റെ പ്രയോജനം കർഷകർക്ക് ലഭ്യമാക്കാൻ ബോർഡിനു സാധിച്ചു എന്നും മന്ത്രി തുടർന്നു. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ 21- മത് ലോക നാളികേര ദിനാഘോഷത്തിന്റെ ഭാഗമായി ഭുവനേശ്വറിലെ കലിംഗ സർവകലാശാലയിൽ ചേർന്ന സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഒഡീഷയിൽ ആയിരക്കണക്കിന് കൃഷിക്കാരെ നിലവിൽ ഉത്പാദക കമ്പനികളുടെ കുടക്കീഴിൽ അണിനിരത്താൻ സാധിച്ചതിൽ മന്ത്രി സന്തുഷ്ടി പ്രകടിപ്പിച്ചു. സംസ്ഥാനത്ത് ഇപ്പോൾ നിരന്തരമായി ഉണ്ടായിക്കൊണ്ടിക്കുന്ന പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുവാൻ കഠിനമായി പ്രയത്നിക്കണമെന്ന് അദ്ദേഹം കൃഷിക്കാരെ ആഹ്വാനം ചെയ്തു. ഫാനി ചുഴലിക്കാറ്റിന്റെ കെടുതികൾ അനുഭവിക്കുന്ന മേഖലയിലെ നാളികേര കൃഷിക്കാർക്കായി നാളികേര വികസന ബോർഡ് 29 കോടി രൂപ നീക്കി വച്ചതായും മന്ത്രി അറിയിച്ചു.

**നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ 21- മത് ലോക നാളികേര ദിനഘോഷം ഭുവനേശ്വറിലെ കലിംഗ സർവകലാശാലയിൽ നടത്തി. ഇതോടനുബന്ധിച്ചു സംഘടിപ്പിച്ച സെമിനാറിലും സമാപന സമ്മേളനത്തിലും രാജ്യത്തെ വിവിധ ഭാഗങ്ങളിൽ നിന്ന് 1000ത്തോളം കൃഷിക്കാർ പങ്കെടുത്തു. നാളികേരം കുടുംബങ്ങളുടെ സൗഖ്യത്തിന് എന്നതായിരുന്നു ഈ വർഷത്തെ ദിനാചരണത്തിന്റെ പ്രമേയം.**



സദസ്സ്

നാളികേര കൃഷി, സംസ്കരണം, മൂല്യ വർധനവ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഈ പരിപാടികൾ നടപ്പാക്കുന്നതിന് നാളികേര വികസന ബോർഡ് സുപ്രധാന പങ്കാണ് വഹിക്കുന്നത്. ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ ഏകദേശം 490 നാളികേര സംസ്കരണ യൂണിറ്റുകൾ നിലവിൽ രാജ്യത്ത് പ്രവർത്തിക്കുന്നു. 2020 ആകുമ്പോഴേയ്ക്കും ഇവയുടെ എണ്ണം ഇരട്ടിയാകും. നാളികേരത്തിന്റെ മൂല്യ വർധനവിന് വളരെ സാധ്യതകൾ ഉണ്ട്. അനേകം ഉത്പ്പന്നങ്ങൾ ഇതിലൂടെ വികസിപ്പിക്കാൻ സാധിച്ചിട്ടുമുണ്ട്. നൈപുണ്യ പരിശീലനത്തിലും ബോർഡ് പ്രശംസനീയമായ പങ്കാണ് വഹിക്കുന്നത്.. ഇതുവഴി ഈ മേഖലയിൽ അനേകം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നു. ആഗോള നാളികേര ഭൂപടത്തിൽ രാജ്യം പ്രമുഖ സ്ഥാനത്ത് നില്ക്കുന്നതിൽ മന്ത്രി സന്തുഷ്ടി പ്രകടിപ്പിച്ചു. രാജ്യത്തെ നാളികേര സമൂഹത്തിന്റെ ക്ഷേമത്തിനായി സാധിക്കുന്ന എല്ലാ സഹായങ്ങളും പിന്തുണയും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് മന്ത്രി വാഗ്ദാനം ചെയ്യുകയും ചെയ്തു.

കലിംഗ സർവകലാശാല കാമ്പസിൽ ഒരുക്കിയിരുന്ന നാളികേര ഉത്പ്പന്നങ്ങളുടെ പ്രദർശനവും മന്ത്രി ഉദ്ഘാടനം ചെയ്തു. പതിനഞ്ചിലധികം നാളികേര സംരംഭകർ, കർഷകരുടെ ഉത്പാദക സംഘങ്ങൾ, സിപിസിആർഐ, നാളികേര മേഖലയുമായി ബന്ധപ്പെട്ട വകുപ്പുകൾ തുടങ്ങിയവർ അവരുടെ ഉത്പ്പന്നങ്ങളും സേവനങ്ങളും പ്രദർശനത്തിൽ ഒരുക്കിയിരുന്നു.

രാജ്യത്തെ, പ്രത്യേകിച്ച് ഒഡീഷയിലെ നാളികേര മേഖലയുടെ അവസ്ഥയെ കുറിച്ചാണ് ചടങ്ങിൽ പ്രസംഗിച്ച ഒഡീഷ കൃഷി മന്ത്രി ഡോ.അരുൺകുമാർ സാഹു സംസാരിച്ചത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി പ്രകൃതി ക്ഷോഭങ്ങൾ തുടർച്ചയായി നാളികേര മേഖലയെ പ്രതികൂലമായി ബാധിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു. അവർക്കു സംഭവിച്ചിരിക്കുന്ന കനത്ത നഷ്ടം പരിഹരിക്കാൻ പ്രത്യേക കരുതൽ വേണമെന്നും അദ്ദേഹം കൂട്ടി ചേർത്തു. ഏകദേശം നാലു ലക്ഷത്തോളം തെങ്ങുകൾ ഈ ദുരന്തങ്ങളിൽ പൂർണമായി നശിച്ചു. വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കണമെന്ന് അദ്ദേഹം കൃഷിക്കാരെയും ആഹ്വാനം ചെയ്തു. വെളിച്ചെണ്ണ, വിർജിൻ കോക്കനട്ട് ഓയിൽ, ഇളനീർ തുടങ്ങിയ നാളികേര ഉത്പ്പന്നങ്ങളുടെ ആരോഗ്യ സവിശേഷതകളും അദ്ദേഹം സംക്ഷിപ്തമായി വിവരിച്ചു. നാളികേര വികസന ബോർഡിന്റെ നിലവിലുള്ള എല്ലാ പദ്ധതികളും ഒഡീഷയിൽ നടപ്പാക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.



ഒഡീഷ കൃഷി മന്ത്രി ഡോ.അരുൺകുമാർ സാഹു

ഇതാദ്യമായാണ് രാജ്യമെമ്പാടും നിന്ന് ഇത്രയധികം കൃഷിക്കാരെ പങ്കെടുപ്പിച്ചു കൊണ്ട് ബോർഡ് ലോക നാളികേര ദിനാഘോഷം നടത്തുന്നത് എന്ന് ചടങ്ങിൽ പ്രസംഗിച്ച കേന്ദ്ര കൃഷി മന്ത്രാലയ സെക്രട്ടറി ശ്രീ. സഞ്ജയ് അഗർവാൾ ഐഎഎസ് അറിയിച്ചു. നാളികേര ഉത്പാദക സംഘങ്ങൾ, ഫെഡറേഷനുകൾ, കമ്പനികൾ എന്നീ ത്രിതല സംവിധാനത്തിലൂടെ ബോർഡിന്റെ കീഴിൽ കർഷകർ ഒരുക്കിയിരിക്കുന്ന കൂട്ടായ്മയെ അദ്ദേഹം അഭിനന്ദിച്ചു. കൂടുതൽ കർഷക കൂട്ടായ്മകൾ രൂപീകരിക്കാൻ അദ്ദേഹം ഒഡീഷയിലെ കൃഷിക്കാരെ ആഹ്വാനം ചെയ്യുകയും ചെയ്തു. കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുന്നതിനുള്ള എല്ലാ ചെലവുകളും ഗവൺമെന്റ് എടുത്തു കളഞ്ഞതായി അദ്ദേഹം കൃഷിക്കാരെ അറിയിച്ചു. ചുഴലികൊടുങ്കാറ്റ് നാശനഷ്ടം വിതച്ച മേഖലകളിൽ പുതുകൃഷി



*കലിംഗ സർവകലാശാല കാമ്പസിൽ നാളികേര ഉത്പ്പന്നങ്ങളുടെ പ്രദർശനം മന്ത്രി ശ്രീ. നരേന്ദ്ര സിംങ് തോമർ ഉദ്ഘാടനം ചെയ്യുന്നു.*



*നാളികേര വികസന ബോർഡ് ചെയർപേഴ്സൺ ശ്രീമതി വി ഉഷാറാണി ഐഎഎസിനൊപ്പം മന്ത്രി ശ്രീ. നരേന്ദ്ര സിംങ് തോമർ സമ്മേളന വേദിയിലേക്ക്*

ക്കായി ഗുണമേന്മയുള്ള കൂടുതൽ നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുകയാണ് ഇപ്പോഴത്തെ ആവശ്യമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഇതിനായി ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് എല്ലാ സഹായങ്ങളും നല്കുമെന്നും അദ്ദേഹം അറിയിച്ചു.

ഉത്തര ഭുവനേശ്വർ എംഎൽഎ ശ്രീ സുശാന്ത് കുമാർ റൗട്, ഒഡീഷ കൃഷി കർഷക ശാക്തീകരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. സൗരഭ് ഗാർഗ് ഐഎഎസ് തുടങ്ങിയവർ പ്രസംഗിച്ചു. കേന്ദ്ര കൃഷി കർഷക ക്ഷേമ സഹകരണ മന്ത്രാലയം അഡീഷണൽ സെക്രട്ടറി ശ്രീ ബി പ്രധാൻ മുഖ്യാതിഥിയായിരുന്നു.

ലോകത്തിൽ ഏറ്റവും കൂടുതൽ നാളികേരം ഉത്പാദിപ്പിക്കുന്ന രാജ്യമാണ് ഇന്ത്യ എന്ന് നാളികേര വികസന ബോർഡ് ചെയർപേഴ്സൺ ശ്രീമതി വി ഉഷാറാണി ഐഎഎസ് സ്വാഗത പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. രാജ്യത്തെ 1.2 കോടി കുടുംബങ്ങളാണ് നാളികേരത്തെ ഉപജീവിക്കുന്നത് എന്നും ചെയർപേഴ്സൺ വ്യക്തമാക്കി. നാളികേരം മനുഷ്യരാശിക്കു ലഭിച്ച വരമാണ്. കുടംബത്തിലെ മക്കളുടെ സ്ഥാനമാണ് അതിനുള്ളത്. മുലപ്പാൽ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ലോറിക് അമ്ലം അടങ്ങിയിരിക്കുന്നത് നാളികേരത്തിലാണ്. അത്രയ്ക്കുണ്ട് ഈ വിളയുടെ ഔഷധീയ സവിശേഷത എന്നും ശ്രീമതി ഉഷാറാണി വിവരിച്ചു. ബോർഡ് വൈസ് ചെയർമാൻ ഡോ.വിശ്വനാഥ് റാഥ് നന്ദി പറഞ്ഞു. ഒറിയ, ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിൽ ബോർഡ് പുറത്തിറക്കിയ പ്രസിദ്ധീകരണങ്ങളുടെ പ്രകാശനവും ചടങ്ങിൽ നടന്നു.

വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കർഷക പ്രതിനിധികൾ അവരുടെ അനുഭവങ്ങൾ പങ്കിട്ടു. പരിപാടിയുടെ ഭാഗമായി നടന്ന സെമിനാറിൽ ഒഡീഷ കാർഷിക സാങ്കേതിക സർവകലാശാലയിലെ പഴവർഗ ശാസ്ത്ര വകുപ്പ് പ്രൊഫസർ ഡോ. ശരത് ചന്ദ്ര സാഹുവും, ഭുവനേശ്വറിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ഫിസിയോളജി വകുപ്പ് അസോഷ്യേറ്റ് പ്രൊഫസർ ഡോ.അമിത് ഘോഷും നാളികേര കൃഷി, നാളികേരത്തിന്റെ ആരോഗ്യ സവിശേഷതകൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവതരിപ്പിച്ചു. സിപിസിആർഐ ഡയറക്ടർ ഇൻ ചാർജ്ജ് ശ്രീമതി. അനിത കരുൺ, നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.ശ്രീകുമാർ പൊതുവാൾ എന്നിവരും സെമിനാറിൽ സംസാരിച്ചു.

സർവകലാശാല കാമ്പസിൽ ഒരുക്കിയിരുന്ന പ്രദർശനത്തിൽ നാളികേര വികസന ബോർഡിന്റെ തീം പവലിയൻ ഉൾപ്പെടെ 15 സ്റ്റാളുകൾ പ്രവർത്തിച്ചു. മാരിക്കോ (സാന്താക്രൂസ്, മഹാരാഷ്ട്ര), കെഎൽഎഫ് നിർമ്മൽ (ഇരിങ്ങാലക്കുട, കേരളം), പ്യൂർ ട്രോപ്പിക് (തിരുപ്പൂർ തമിഴ്നാട്) സൗഖ്യ എന്റർപ്രൈസസ്( ശ്രീപെരുമ്പതൂർ, തമിഴ്നാട്), മദുര അഗ്രോ പ്രോസസ്(കോയമ്പത്തൂർ തമിഴ്നാട്), ദിനേശ് ഫുഡ്സ് (കണ്ണൂർ കേരളം), യോഗിക് ഫുഡ്സ് (മീനാക്ഷിപുരം തമിഴ്നാട്), കോവൈ അഗ്രോ ഫുഡ്സ് (മീനാക്ഷിപുരം തമിഴ്നാട്), പ്രൗൺസു കൊക്കോ (മുംഗെർ ബിഹാർ), സിപിസിആർഐ (കാസർഗോഡ്, കേരളം), പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആൻഡ് ഫാം റൈറ്റ്സ് അഥോറിറ്റി (കൃഷി, കർഷക ക്ഷേമ മന്ത്രാലയം, ഡൽഹി), ഡയറക്റേറ്റ് ഓഫ് ഹോർട്ടിക്കൾച്ചർ (ഒഡീഷ), തുടങ്ങിയ സ്ഥാപനങ്ങളാണ് പ്രദർശനത്തിൽ പങ്കെടുത്തത്. ■

# കർഷക താത്പര്യങ്ങൾ സംരക്ഷിക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധം

**സിഡിബി ന്യൂസ് ബ്യൂറോ**, കൊച്ചി -11

**കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രി ശ്രീ. നരേന്ദ്ര സിംങ് തോമർ 21–ാമത് ലോക നാളികേര ദിനാഘോഷ വേളയിൽ ഭുവനേശ്വറിലെ സമ്മേളനത്തിൽ നടത്തിയ പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങൾ**

നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ ലോക നാളികേര ദിനം ആഘോഷിക്കുന്ന ഈ ശുഭവേളയിൽ, ഇവിടെ സന്നിഹിതരായിരിക്കുന്ന നിങ്ങൾക്ക് എല്ലാവർക്കും ഞാൻ ആശംസകൾ നേരുന്നു. നിങ്ങളെ അഭിനന്ദിക്കുന്നു.

ഇന്ത്യ കാർഷിക രാജ്യമാണ്. രാജ്യത്തെ പ്രധാന പ്രവർത്തനം കൃഷിയാണ്. എന്നിട്ടും മെച്ചപ്പെട്ടഅവസ്ഥയിലല്ല നമ്മുടെ കൃഷിക്കാർ. പ്രധാന മന്ത്രി ശ്രീ നരേന്ദ്ര മോദിജിയുടെ നേതൃത്വത്തിൽ രാജ്യത്തെ കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണ്. ഈ ലക്ഷ്യം 2022-ാടുകൂടി നാം നേടും. നമ്മുടെ കൃഷിക്കാർ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതുകൊണ്ട്, അവർ കഠിനാധ്വാനം ചെയ്യുന്നതുകൊണ്ട്, നമ്മുടെ കാർഷിക ശാസ്ത്രജ്ഞരുടെ ഗവേഷണങ്ങളും ഗവൺമെന്റിന്റെ സഹായവും കൊണ്ട് ഇന്ന് ഭക്ഷ്യമേഖലയിൽ നാം സ്വയംപര്യാപ്തരാണ്.

രാജ്യത്തിന്റെ കാർഷിക മേഖലയിൽ നാളികേരത്തിന് സുപ്രധാന സ്ഥാനം ഉണ്ട്.രാജ്യത്തെ ഒരു കോടിയോളം കൃഷിക്കാർ ഉപജീവനത്തിനായി നാളികേരത്തെ ആശ്രയിക്കുന്നു. ഏതാണ്ട് 20 ലക്ഷം ഹെക്ടർ സ്ഥലത്ത് നാം നാളികേരം കൃഷി ചെയ്യുന്നു. ആഗോളാടിസ്ഥാനത്തിൽ നോക്കുമ്പോൾ നാളികേര മേഖലയിലെ നമ്മുടെ സംഭാവന 33 ശതമാനമാണ്. ലോകത്തിൽ ഇന്ത്യയാണ് മുന്നിൽ. ഘട്ടം ഘട്ടമായി നാളികേര വികസന ബോർഡ് നാളികേര കർഷകരെ സഹായിച്ചു വരുന്നു. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ഈ മേഖലയോടുള്ള പ്രതിബദ്ധത വളരെ ശക്തമാണ്.

നൈപുണ്യ വികസന രംഗത്തും ഈ മേഖല മുന്നിലാണ്. നാളികേര ഉത്പ്പന്ന നിർമ്മാണം വിപണനം എന്നീ തലങ്ങളിൽ ഗ്രാമീണ മേഖലയിലെ യുവാക്കൾക്ക് ബോർഡ് പരിശീലനം നല്കി വരുന്നു.

രാജ്യത്ത് ഇന്ന് ഈ മേഖലയുമായി ബന്ധപ്പെട്ട് 484 ഉത്പാദന യൂണിറ്റുകൾ പ്രവർത്തിക്കുന്നു. 2022 ആകുമ്പോഴെയ്ക്കും ഇവയുടെ എണ്ണം ഇരട്ടിയാകും. ഇതിനായി സാധ്യമായ എല്ലാ സഹായങ്ങളും നല്കാൻ കേന്ദ്ര ഗവൺമെന്റ് തയാറാണ്.

ഇന്ത്യയെ അഞ്ചു ദശലക്ഷം ഡോളറിന്റെ സമ്പദ് വ്യവസ്ഥയാക്കുമെന്നാണ് പ്രധാന മന്ത്രി ശ്രീ നരേന്ദ്ര മോദി പറഞ്ഞത്. ലക്ഷ്യം വളരെ വലുതാണ്. എന്നാൽ നാം നിശ്ചയിച്ചുകഴിഞ്ഞാൽ ദൂരം എത്രയായാലും ഒന്നും അസാധ്യമല്ല. രാജ്യം അഞ്ചു ദശലക്ഷം ഡോളറിന്റെ സമ്പദ് വ്യവസ്ഥയാകണമെങ്കിൽ നാം ആദ്യം ചെയ്യേണ്ടത് കൃഷിക്കാരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുക എന്നതാണ്. അതുകൊണ്ടാണ് കാർഷിക മേഖല, കൃഷിക്കാരുടെ താല്പര്യങ്ങൾ, ഗ്രാമ വികസനം എന്നിവയ്ക്ക് ഈ ഗവൺമെന്റ് പ്രഥമ പരിഗണന നല്കുന്നത്. ഞങ്ങൾ അതിനോടു പരിപൂർണ പ്രതിജ്ഞാബദ്ധരുമാണ്.

ഇന്നു കൃഷി ചെലവിന്റെ പകുതി തുക കൃഷിക്കാർക്ക് ഗവൺമെന്റ് നല്കുന്നുണ്ട്. ഉത്പാദനം ഉയർത്തുക എന്നതിനു പകരം കൃഷിക്കാരുടെ വരുമാനം ഉയർത്തുക എന്നതിനാണ് ഇപ്പോൾ നാം പ്രാധാന്യം നല്കുന്നത്.




പ്രധാനമന്ത്രിയുടെ കർഷക ക്ഷേമ പദ്ധതിയുടെ കീഴിൽ വരുമാനം ഉയർത്തപ്പെടുന്നതിന് നേരത്തെ ഗുണഭോക്താക്കളായ കൃഷിക്കാരുടെ സംഖ്യ വളരെ കുറവായിരുന്നു. ഇപ്പോൾ പ്രധാന മന്ത്രി തന്നെ രാജ്യത്തെ കൃഷിക്കാരുടെ ആദായം ഇരട്ടിയാക്കുന്ന പദ്ധതിയിൽ എല്ലാവരെയും ഉൾപ്പെടുത്തി. ഒഡിഷയിൽ മാത്രം ഇന്ന് 30 ലക്ഷത്തോളം കൃഷിക്കാർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നു.

കൃഷിക്കാരുടെ സാമൂഹിക സുരക്ഷിതത്വം എന്ന കാഴ്ച്ചപ്പാടോടെയാണ് പ്രധാന മന്ത്രി ജനധന പദ്ധതിക്കു തുടക്കം കുറിച്ചത്. 18 വയസു മുതൽ 40 വയസു വരെയുള്ള കൃഷിക്കാർക്ക് പദ്ധതിയിൽ ചേരാം. 18 -ാം വയസിൽ പദ്ധതിയിൽ അംഗമാകുന്നവർ പ്രതിമാനം 55 രൂപ അടയ്ക്കണം. കേന്ദ്ര ഗവൺമെന്റും തത്തുല്യമായ വിഹിതം അടയ്ക്കും. കൃഷിക്കാരൻ 40-ാം വയസിലാണ് പദ്ധതിയിൽ ചേരുന്നത് എങ്കിൽ മാസം 200 രൂപ അടയ്ക്കണം. അത്രയും തുക ഗവൺമെന്റും നിക്ഷേപിക്കും. കൃഷിക്കാരന് 60 വയസ് പൂർത്തിയാകുമ്പോൾ പദ്ധതിയിൽ നിന്ന് അയാൾക്ക് പ്രതിമാസം 3000 രൂപ വീതം പെൻഷൻ ലഭിക്കും. ■




# ലോക നാളികേര ദിനം 2019




























## ലോക നാളികേര ദിനാചരണം: ടെക്നിക്കൽ സെഷൻ


















Tomar assures additional assistance to Fani devastated coconut farmers
ବିଶ୍ୱ ନାରିକେଳ ଦିବସ ପାଳିତ
ଫନୀ କ୍ଷତିଗ୍ରସ୍ତ ନଡ଼ିଆଚାଷୀଙ୍କୁ କେନ୍ଦ୍ର ଦେବ ସହାୟତା
More aid to Fani-hit coconut farmers on cards
nion min assures Fani-hit coconut farmers of more aid
അന്താരാഷ്ട്ര നാളികേര ദിനാഘോഷം
നാളികേര വികസന ബോർഡിന്റെ പ്രവർത്തനങ്ങൾ സ്തുത്യർഹമെന്ന് കേന്ദ്രമന്ത്രി
फनी प्रभावित नारियल किसानों को मुआवजा देने की मांग
ore aid for Fani-hit coconut farmers: Tomar
୨୦୨୦ ସୁଦ୍ଧା ଦ୍ୱିଗୁଣିତ ହେବ ନଡ଼ିଆ ଯୁକ୍ତି
അന്താരാഷ്ട്ര നാളികേര ദിനാഘോഷം ഇന്ന്
ବିଶ୍ୱ ନାରିକେଳ ଦିବସ
୨୦୨୨ ସୁଦ୍ଧା ୮୦୦ ନଡ଼ିଆ ଉଦ୍ୟୋଗ ସ୍ଥାପନ ହେବ

## പ്രദർശന മേളയിൽ പങ്കെടുത്ത നാളികേര സംരംഭകരുടെ സ്റ്റാളുകൾ




























# നാളികേര ഉത്പാദക കമ്പനികളുടെ കൺസോർഷ്യത്തിന് ഐസിസി മന്ത്രിതല സമ്മേളനത്തിന്റെ അംഗീകാരം

**മനിലയിൽ നിന്ന് മൃദുല കൊട്ടേക്കാട്, അസി.ഡയറക്ടർ, ഐസിസി ജക്കാർത്ത**

**നാളികേര മേഖലയ്ക്കു നല്കിയ സംഭാവനകളുടെ പേരിൽ നാളികേര വികസന ബോർഡിന് ഐസിസിയുടെ ട്രീ ഓഫ് ലൈഫ് പുരസ്കാരം**

ആഗോള നാളികേര മേഖലയുടെ സുസ്ഥിര വികസനത്തിനായി ഏറ്റെടുത്ത് നടപ്പാക്കേണ്ട നയപരമായ തീരുമാനങ്ങൾ, ചർച്ചകൾ, ആലോചനകൾ എന്നിവയ്ക്കായി അന്താരാഷ്ട്ര നാളികേര സമൂഹത്തിന്റെ ഉന്നതാധികാര മന്ത്രിതല സമിതിയുടെ വാർഷിക സമ്മേളനം 2019 ഓഗസ്റ്റ് 26 മുതൽ 30 വരെ ഫിലിപ്പിൻസിലെ മനിലയിൽ നടന്നു. മനിലയിലെ ഫിലിപ്പീൻസ് ഇന്റർനാഷണൽ കൺവൻഷൻ സെന്ററിൽ ചേർന്ന സമ്മേളനത്തിൽ അംഗരാജ്യങ്ങളുടെ കൃഷി വാണിജ്യ വ്യവസായ വകുപ്പു മന്ത്രിമാർ, സ്ഥാനപതിമാർ, മന്ത്രാലയങ്ങൾ അധികാരപ്പെടുത്തിയ ഉന്നത ഉദ്യോഗസ്ഥർ എന്നിവരാണ് പ്രതിനിധികളായി പങ്കെടുത്തത്. സമ്മേളനത്തിൽ ഇന്ത്യയിലെ നാളികേര ഉത്പാദക കമ്പനികളുടെ കൺസോർഷ്യത്തിന് ഐസിസി അംഗീകാരം നല്കി. ഇന്ത്യയെ പ്രതിനിധീകരിച്ച് നാളികേര വികസന ബോർഡ് ചെയർപേഴ്സൺ ശ്രീമതി വി ഉഷാറാണി ഐഎഎസ് സമ്മേളനത്തിൽ പങ്കെടുക്കുകയും സ്റ്റാറ്റസ് പേപ്പർ അവതരിപ്പിക്കുകയും ചെയ്തു.




അന്താരാഷ്ട്ര നാളികേര സമൂഹത്തിന്റെ 55-ാമത് മന്ത്രിതല സമ്മേളനത്തിന് ഫിലിപ്പീൻസ് കൃഷി മന്ത്രാലയവും ഫിലിപ്പീൻസ് കോക്കനട്ട് അഥോറിറ്റിയുമാണ് ആതിഥ്യമരുളിയത്. നടപ്പു വർഷം സമ്മേളനത്തിന്റെ അധ്യക്ഷപദം അലങ്കരിച്ചതും ഫിലിപ്പീൻസാണ്. അന്താരാഷ്ട്ര നാളികേര സമൂഹത്തിന്റെ 55-ാമത് യോഗത്തിലും മന്ത്രിതല സമ്മേളനത്തിലും ഫിലിപ്പീൻസ് കൃഷി മന്ത്രി ഡോ. വില്യം ഡി ഡർ, സമോവ കൃഷി മത്സ്യബന്ധന വകുപ്പ് മന്ത്രി ലോപ്പോ നതാനിയേൽ മുവ, സോളമൻ ഐലൻഡ് വാണിജ്യ വ്യവസായ തൊഴിൽ വകുപ്പു മന്ത്രി ക്ലേസി ക്ലെവ്ലൻഡ് റോർ, പപ്പുവ ന്യൂ ഗിനിയ കൃഷി മൃഗസംരക്ഷണ വകുപ്പ് ഉപമന്ത്രി ഹെൻറി ജോൺസ് അമുലി, ശ്രീലങ്കൻ തോട്ടവ്യവസായ വകുപ്പു മന്ത്രി വടിവേലു സുരേഷ്, ഫിജി കൃഷി വകുപ്പ് സഹമന്ത്രി വിയെം പിള്ളെ, അംഗരാജ്യങ്ങളിലെ മുതിർന്ന ഗവൺമെന്റ് ഉദ്യോഗസ്ഥർ, സെന്റർ ഫോർ അഗ്രിക്കൾച്ചർ ആൻഡ് ബയോസയൻസ് ഇന്റർനാഷണൽ, യൂണൈറ്റഡ് നേഷൻനസ് കോൺഫറൺസ് ഓൺ ട്രേഡ് ആൻഡ് ഡവലപ്മെന്റ്, ദി പസഫിക് കമ്യൂണിറ്റി, സെന്റർ ഡെ ഇൻവെസ്റ്ററിഗേഷൻ സയന്റിഫിക്ക ഡെ യുക്കാട്ടൻ, ഓസ്ട്രേലിയൻ സെന്റർ ഫോർ ഇന്റർനാഷണൽ അഗ്രിക്കൾച്ചറൽ റിസർച്ച്, ഫ്രഞ്ച് അഗ്രിക്കൾച്ചറൽ റിസർച്ച് സെന്റർ ഫോർ ഇന്റർനാഷണൽ ഡവലപ്മെന്റ്, കരീബിയൻ അഗ്രിക്കൾച്ചറൽ റിസർച്ച് ആൻഡ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, മെലനേഷ്യൻ സ്പിയർഹെഡ് ഗ്രൂപ്പ് സെക്രട്ടേറിയറ്റ്, ഇന്റർനാഷണൽ ട്രീറ്റി ഓൺ പ്ലാന്റ് ജെനറ്റിക്ക് റിസോഴ്സ് ഫോർ ഫുഡ് ആൻഡ് അഗ്രിക്കൾച്ചർ, കൺസർവേഷൻ ആൻഡ് ഡവലപ്മെന്റ് ഓഫ് കോക്കനട്ട് ഓയിൽ ഓഫ് തായ്ലന്റ് ഫോറം, സെന്റർ നാഷണൽ ഡെ റിസെർച്ചെ അഗ്രോണോമികെ, ബയോഡൈവേഴ്സിറ്റി ഇന്റർനാഷണൽ, ഇൻഡോനേഷ്യൻ കോക്കനട്ട് കോ അയ്ലേഷൻ, ഇൻഡോനേഷ്യൻ ഫാർമേഴ്സ് അസോസിയേഷൻ ആൻഡ ടാൻസാനിയൻ അഗ്രിക്കൾച്ചറൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള ഔദ്യോഗിക നിരീക്ഷകരും പ്രതിനിധികളായി പങ്കെടുത്തു. നിരീക്ഷക രാഷ്ട്രമായ ബ്രൂണൈയുടെ പ്രതിനിധിയും സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. എന്നാൽ മാർഷൽ ഐലൻഡ്, വിയറ്റ്നാം എന്നീ ഗവൺമെന്റുകളെ പ്രതിനിധീകരിച്ച് ആരും വന്നില്ല. യോഗത്തിൽ 75 പ്രതിനിധികൾ പേര് രജിസ്റ്റർ ചെയ്തിരുന്നു.



ഫിലിപ്പീൻസ് കൃഷി മന്ത്രി ഡോ. വില്യം ഡി ഡർ സമ്മേളനം ഉദ്ഘാടനം ചെയ്തു. പസഫിക്ക് കോക്കനട്ട് അഥോറിറ്റി അഡ്മിനിസ്ടേറ്റർ ഗൊൺസാലോ ടി ഡുകെ, ഫിലിപ്പീൻസ് സെനറ്റർ സിന്ധ്യ എ വില്ലർ എന്നിവരുടെ മഹനീയ സാന്നിധ്യത്തിലായിരുന്നു ചടങ്ങ് നടന്നത്. കൂടാതെ അംഗ രാജ്യങ്ങളിൽ നിന്നുള്ള മന്ത്രിമാർ, വിശിഷ്ടാതിഥികൾ, നയതന്ത്രസ്ഥാനപതികൾ തുടങ്ങിയവരും ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു.

അൻപതാം വാർഷികാനുസ്മരണവും തദവസരത്തിൽ നടന്നു. അന്താരാഷ്ട്ര നാളികേര സമൂഹത്തിന്റെ എക്സിക്കുട്ടിവ് ഡയറക്ടർ ഉറോൺ എൻ സലൂം ആശംസകൾ അർപ്പിച്ചു. ഐക്യരാഷ്ട്രസഭയുടെ ഏഷ്യാ പസഫിക്കിനുവേണ്ടിയുള്ള സാമ്പത്തിക സാമൂഹിക കമ്മിഷൻ എക്സിക്കുട്ടിവ് സെക്രട്ടറി അർമിഡ സൽസിയ അലിഷ്ജഹബാനയുടെ സന്ദേശം വിഡിയോയിൽ പ്രദർശിപ്പിച്ചു. മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ റോമുളോ ആരൻകോൺ, ഐസിസി സെക്രേട്ടേറിയറ്റിലെ മുഹാർത്തോയോ വിവിധ രാജ്യങ്ങളുടെ മന്ത്രിമാർ തുടങ്ങിയവരും പ്രസംഗിച്ചു.

നാളികേര മേഖലയിലെ വിശിഷ്ട സംഭാവനകൾക്ക് അംഗീകാരമെന്ന നിലയിൽ 50-ാം വാർഷിക സമ്മേളനത്തിൽ വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ട്രീ ഓഫ് ലൈഫ് പുരസ്കാരങ്ങൾ സമ്മാനിക്കുകയുണ്ടായി. ഫ്രാങ്ക്ളിൻ ബേക്കർ ഫിലിപ്പീൻസ്, പിടി സമ്പു ഗ്രൂപ്പ് ഇന്തോനേഷ്യ, യുണൈറ്റഡ് പ്ലാന്റേഷൻസ് മലേഷ്യ, മിഡിൽടൺ ആൻഡ് സൺസ് പപ്പുവ ന്യൂഗിനിയ എന്നിവയ്ക്ക് കോർപ്പറേറ്റ് വിഭാഗത്തിലും 25 മുൽ 50 വർഷം വരെ നാളികേര മേഖലയിലെ സേവനങ്ങൾക്ക് കോക്കനട്ട് ഡവലപ്മെന്റ് ബോർഡ്, ഇന്ത്യ, കൊയർ ബോർഡ് ഇന്ത്യ, ഫിലിപ്പീൻസ് കോക്കനട്ട് അഥോറിറ്റി, കോക്കനട്ട് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ശ്രീലങ്ക, കോക്കനട്ട് ഇൻഡസ്ട്രി ബോർഡ് ജമൈക്ക എന്നീ സ്ഥാപനങ്ങളും അവാർഡിന് അർഹരായി. ശ്രീലങ്കയിലെ കോക്കനട്ട് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ ഡോ. എൽസി പ്രിയാന്തെ ഫെർണാണ്ടോ, അന്താരാഷ്ട്ര നാളികേര സമൂഹത്തിന്റെ സാങ്കേതിക വിഭാഗം ചെയർമാൻ ഡോ.പൊൻസിയാനോ ബഡ്ഗൽ, കൺസർവേഷൻ ആൻഡ് ഡവലപ്മെന്റ് ഓഫ് കോക്കനട്ട് ഓയിൽ ഓഫ് തായ്‌ലന്റ് ഫോറം ചെയർമാൻ ഡോ. നരോംഗ് ചൊംചലൗ, ഫിലിപ്പീൻസിലെ അന്താരാഷ്ട്ര ഫ്രീലാൻസ് കൺസൾട്ടന്റ് ഡിവിന ഡിബവലൻ, പപ്പുവ ന്യൂ ഗിനിയ കൊപ്ര മാർക്കറ്റിംങ് ബോർഡ് ഉദ്യോഗസ്ഥൻ ജോസഫ് ബെ എന്നിവരാണ് വ്യക്തിഗത പുരസ്കാര ജേതാക്കൾ.

ഐസിസിയുടെ ജക്കാർത്ത സ്ഥാനത്തെ വിശിഷ്ട സേവനങ്ങൾക്ക് അംഗീകാരം എന്ന നിലയിൽ മുൻ എക്സിക്കുട്ടിവ് ഡയറക്ടർമാരായ ഡോ.പി. രത്തിനം, റോമുളോ എൻ ആരൻകോൺ, ഓഫീസ് ഉദ്യോഗസ്ഥരായ മുഹാർത്തോയോ, ഹർത്താതി എന്നിവരെയും പുരസ്കാരങ്ങൾ നല്കി ആദരിച്ചു.

പന്ത്രണ്ട് സംഘടനകൾക്കുള്ള ഐസിസിയുടെ അംഗീകാരപത്രവും സമ്മേളനത്തിൽ വിതരണം ചെയ്യപ്പെട്ടു.

കൺസോർഷ്യം ഓഫ് കോക്കനട്ട് ഫാർമർ പ്രൊഡ്യൂസർ കമ്പനീസ് ഇന്ത്യ, ഓസ്ട്രേലിയൻ സെന്റർ ഫോർ ഇന്റർനാഷണൽ അഗ്രിക്കൾച്ചറൽ റിസർച്ച്, ദി പസഫിക് കമ്യൂണിറ്റി, സെന്റർ ഫോർ അഗ്രിക്കൾച്ചർ ആൻഡ് ബയോസയൻസ് ഇന്റർനാഷണൽ, മെലനേഷിയൻ സ്പിയർഹെഡ് ഗ്രൂപ്പ്, ബയോഡൈവേഴ്സിറ്റി ഇന്റർനാഷണൽ, സെന്റർ ഡെ കോ ഓപ്പറേഷൻ ഇന്റർനാഷനൽ എൻ റിസെർച്ചെ അഗ്രോണമിക്കെ പോർളെ ഡവലപ്മെന്റ്, ഇൻവെസ്ററിഗേഷൻ സയന്റിഫിക്കഡെ യുക്കാട്ടൻ, കരീബിയൻ അഗ്രിക്കൾച്ചറൽ റിസർച്ച് ആൻഡ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, കൊപ്പെക് - കെൽപ - കോക്കനട്ട് കോ അയ്ലേഷൻ ഓഫ് ഇൻഡോനേഷ്യ, യുണൈറ്റഡ് കോക്കനട്ട് ഓഫ് ദി അസോസിയേഷൻ ഓഫ് ഫിലിപ്പീൻസ്, കൺസർവേഷൻ ആൻഡ് ഡവലപ്മെന്റ് ഓഫ് കോക്കനട്ട് ഓയിൽ ഓഫ് തായ്‌ലന്റ് ഫോറം എന്നിവയ്ക്കാണ് ഐസിസി അംഗീകാരം നല്കിയിരിക്കുന്നത്.

സമ്മേളനത്തിൽ പങ്കെടുത്ത മന്ത്രിമാർക്ക് ഫലകങ്ങളും സമ്മാനിക്കുകയുണ്ടായി. മന്ത്രിതല സമ്മേളനത്തിൽ ഫിജി കൃഷി മന്ത്രി വിയെം പിള്ളെയും പസഫിക്ക് കോക്കനട്ട് കമ്യൂണിറ്റി അഡ്മിനിസ്ട്രേറ്റർ ഗൊൺസാലൊ ടി ഡൂക്വേയും ആധ്യക്ഷ്യ വേദി പങ്കിട്ടു. പ്രധാനപ്പെട്ട ആറു വിഷയങ്ങളാണ് സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെട്ടത്. ഐസിസിയുടെ അന്താരാഷ്ട്ര പങ്കാളികളായ ഓസ്ട്രേലിയൻ സെന്റർ ഫോർ ഇന്റർനാഷണൽ അഗ്രിക്കൾച്ചറൽ റിസർച്ച്, ദി പസഫിക് കമ്യൂണിറ്റി, ഇന്റർനാഷണൽ ട്രീറ്റി ഓൺ പ്ലാന്റ് ജെനറ്റിക്ക് റിസോഴ്സ് ഫോർ ഫുഡ് ആൻഡ് അഗ്രിക്കൾച്ചർ, ലോക ഭക്ഷ്യ കാർഷിക സംഘടന റോം എന്നിവയുടെ വിഷയാവതരണങ്ങളുണ്ടായി. തുടർന്ന് എസിസി ടെക്നിക്കൽ വർക്കിംങ് ഗ്രൂപ്പ്, ഐസിസി സയന്റിഫിക്ക് അഡൈ്വസറി കമ്മിറ്റി ഓൺ ഹെൽത്ത് എന്നിവയുടെ റിപ്പോർട്ടുകളും, നാളികേര സമൂഹത്തിലെ 20-ാം അംഗമായി അംഗീകരിക്കണമെന്ന ന്യൂഗിനിയ ഗവൺമെന്റിന്റെ പ്രമേയവും അവതരിപ്പിക്കപ്പെട്ടു.

നാളികേര മേഖലയുടെ വികസനത്തിനായി വിവിധ രാജ്യങ്ങളിൽ അതത് ഗവൺമെന്റുകൾ അന്താരാഷ്ട്ര സമൂഹവുമായി ബന്ധപ്പെട്ടു നടപ്പാക്കുന്ന പരിപാടികളുടെയും സ്വീകരിച്ചിരിക്കുന്ന നയങ്ങളുടെയും സമകാലിക വിവരങ്ങളും സമ്മേളനത്തിൽ സംക്ഷിപ്തമായി അവതരിപ്പിക്കുകയുണ്ടായി.

ഐസിസിയുടെ 2020 -2024 ലെ പദ്ധതികൾ, ഭേദഗതികൾ, 49-ാമത് കൊക്കോടെക്കിന്റെ പ്രമേയം, വേദി എന്നിവയും സമ്മേളനം അംഗീകരിച്ചു. സ്മാർട്ട് കൃഷിയും പരിസ്ഥിതി സൗഹൃദ സാങ്കേതിക വിദ്യകളും വഴി സുസ്ഥിര നാളികേര വികസനം എന്നതാണ് അടുത്ത കൊക്കോടെക്കിന്റെ പ്രമേയം. 2020 ൽ മലേഷ്യയിലണ് സമ്മേളനം നടക്കുക. ഐസിസിയുടെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി ഇന്തോനേഷ്യയിലെ ഡോ. ജെൽഫിന സി അലോവിനെ സമ്മേളനം തെരഞ്ഞെടുത്തു. 2020 ജനവരിയിൽ ഡോ. അലോവ് ചുമതലയേൽക്കും. ■


MINISTERIAL MEETING


INDIA








2nd WORLD COCONUT CONGRESS
CONFERENCE & EXHIBITION
Sustain. Embrace. Advance.
AUGUST 27 - 29, 2019


55th INTERNATIONAL
COCONUT COMMUNITY SESSION /
MINISTERIAL MEETING
AUGUST 25-31, 2019 | MANILA, PHILIPPINES







# ലോക നാളികേര ദിനാഘോഷം കേരളത്തിൽ

**ലോക നാളികേര ദിനത്തോടനുബന്ധിച്ച് 2019 സെപ്റ്റംബർ 2 ന് നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും പ്രമുഖ സ്ഥാപനങ്ങളിലും നാളികേര സെമിനാറുകൾ, പ്രദർശനങ്ങൾ, കാർഷിക സമ്മേളനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കപ്പെട്ടു. കേന്ദ്ര തോട്ടവിള സ്ഥാപനത്തിന്റെ കാസർഗോഡ്, കായങ്കുളം കേന്ദ്രങ്ങൾ, കോഴിക്കോട് ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനത്തിന്റെ പെരുവണ്ണാം മൂഴി കൃഷിവിജ്ഞാൻ കേന്ദ്രം, കേരള കാർഷിക സർവകലാശാല, കോഴിക്കോട് നാളികേര ഉത്പാദക കമ്പനി, തൃശൂർ ജില്ലയിലെ കുട്ടനെല്ലൂർ പബ്ലിക് സ്കൂൾ എന്നിവിടങ്ങളിൽ ദിനാചരണം വിവിധ പരിപാടികളോടെ നടന്നു.**

## കാസർഗോഡ് സിപിസിആർഐ

കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ ലോക നാളികേര ദിനാഘോഷം നടത്തി. നാളികേരം കുടുംബങ്ങളുടെ സൗഖ്യത്തിന് എന്നതായിരുന്നു പ്രമേയം. നാളികേര വിസന ബോർഡ്. കൃഷി കർഷക ക്ഷേമ വകുപ്പ്, കാസർഗോഡ് കൃഷി വിജ്ഞാൻ കേന്ദ്രം എന്നിവയുമായി സഹകരിച്ചാണ് ആഘോഷം നടത്തിയത്.

മൊഗ്രാൽ - പുത്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എ എ ജലീൽ ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. നാളികേരത്തിന്റെ ഉത്പാദനക്ഷമത ഉയർത്തുന്നതിനുതകുന്ന ശാസ്ത്രീയ വിളപരിപാലന മുറകൾ അനുവർത്തിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം



ഉദ്ഘാടന പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു. വടക്കേമലബാറിൽ പ്രതിവർഷം ശരാശരി ലഭിക്കുന്ന 3500 മില്ലി മീറ്റർ മഴയുടെ സിംഹഭാഗവും ജൂൺ മുതൽ ഓഗസ്റ്റ് വരെയുള്ള മൂന്നു മാസം ദീർഘിക്കുന്ന തെക്കു പടിഞ്ഞാറൻ മൺസൂൺ കാലത്താണ്. വടക്കു കിഴക്കൻ മൺസൂൺ അഥവ തുലാവർഷവും വേനൽ മഴയും ഈ മേഖലയിൽ പൊതുവെ ദുർബലമാണ്. വരൾച്ചയുടെ ദീർഘമായ ഈ ഇടവേള വടക്കൻ ജില്ലകളിലെ നാളികേര ഉത്പാദനത്തെ വളരെ പ്രതികൂലമായി ബാധിക്കുന്നു. അതിനാൽ സുസ്ഥിരമായ നാളികേര ഉത്പാദനത്തിന് ജല - മണ്ണു സംരക്ഷണ നടപടികൾ സ്വീകരിക്കേണ്ടതിന്റെ പ്രസക്തി നാളികേര കൃഷിക്കാരെ ബോധ്യപ്പെടുത്തേണ്ടത് വളരെ പ്രധാനപ്പെട്ട വിഷയമാണ് എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

സിപിസിആർഐ ഡയറക്ടർ ഇൻ ചാർജ് ഡോ. കെ മുരളീധരൻ ചടങ്ങിൽ അധ്യക്ഷനായിരുന്നു. ഉത്പന്ന വൈവിധ്യവത്ക്കരണത്തിലൂടെ നാളികേരത്തിന്റെ മൂല്യവർധനവ് പ്രോത്സാഹിപ്പിക്കണമെന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. നാളികേര കൃഷിയിൽ നിന്നു വർധിച്ച വരുമാനം



നേടുന്നതിന് ലഭ്യമായ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താൻ നാളികേര കർഷകരെ സഹായിക്കുന്ന സാമൂഹിക സമീപനം ഉണ്ടാവണമെന്നും അദ്ദേഹം തുടർന്നു.

ശാസ്ത്രീയ നാളികേര കൃഷിയും സംസ്കരണ സാങ്കേതിക വിദ്യകളും എന്ന വിഷയത്തെ അധികരിച്ച് ജില്ലാ തല സെമിനാറും ദിനാഘോഷത്തിന്റെ ഭാഗമായി ക്രമീകരിക്കുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിൽ നിന്നുമായി നാളികേര കൂട്ടായ്മകളെ പ്രതിനിധീകരിച്ച് തെരഞ്ഞെടുക്കപ്പെട്ട 100 കൃഷിക്കാർ നാളികേര ദിനാഘോഷങ്ങളിൽ പങ്കെടുക്കാൻ എത്തിയിരുന്നു. ശാസ്ത്രീയ നാളികേര കൃഷി സംബന്ധിച്ച തെങ്ങു കൃഷി രീതികൾ എന്ന കൈപ്പുസ്തകത്തിന്റെ പ്രകാശനവും തദവസരത്തിൽ ശ്രീ.എ എ ജലീൽ നിർവഹിച്ചു.

സിപിസിആർഐ സാമൂഹിക ശാസ്ത്രവിഭാഗം തലവൻ ഡോ.സി തമ്പാൻ മുഖ്യ പ്രഭാഷണം നടത്തി. കൃഷിയിൽ സാങ്കേതിക വിദ്യകൾ ഫലപ്രദമായി വിനിയോഗിച്ച് എങ്ങിനെ നാളികേരത്തിന്റെ ഉത്പാദക്ഷമതയും അതുവഴി കൃഷിക്കാരുടെ വരുമാനവും ഉയർത്താം എന്നതിനെ കുറിച്ചാണ് പ്രിൻസിപ്പൽ സയന്റിസ്റ്റു കൂടിയായ ഡോ. തമ്പാൻ വിവരിച്ചത്. ഡോ. പിഎസ് പ്രതിഭ, ഡോ. ഷമീന ബീഗം എന്നിവർ യാഥാക്രമം നാളികേരത്തിന്റെ രോഗ- കീടങ്ങൾ നാളികേര മൂല്യ വർധനവിനുള്ള സാങ്കേതിക വിദ്യകൾ എന്നീ വിഷയങ്ങളും ചർച്ച ചെയ്തു.

തുടർന്ന് കൃഷിക്കാരും ശാസ്ത്രജ്ഞരും പങ്കെടുത്ത സംവാദവും നടന്നു. ചടങ്ങിൽ ഡോ. സി തമ്പാൻ സ്വാഗതവും കാസർഗോഡ് കെവികെ തലവൻ ഡോ.ടിഎസ് മനോജ് നന്ദിയും പറഞ്ഞു. *തയാറാക്കിയത്: ഡോ. സി തമ്പാൻ*

## കായംകുളം സിപിസിആർഐ

സിപിസിആർഐ കായങ്കുളം പ്രാദേശിക കേന്ദ്രത്തിൽ ലോക നാളികേര ദിനാഘോഷം നടത്തി. തമിഴ്നാട്ടിലെ വിരുദ്നഗറിൽ നിന്ന് എത്തിയ 20 അംഗ വനിതാ കർഷക സംഘം ദിനാഘോഷങ്ങളിൽ ഉത്സാഹപൂർവം പങ്കെടുക്കുകയും, നാളികേരം കുടുംബങ്ങളുടെ സൗഖ്യത്തിന് എന്ന നാളികേരദിന പ്രമേയത്തെ അടിസ്ഥാനമാക്കി ഈ വിളയുടെ പാരിസ്ഥിതിക പ്രസക്തി എടുത്തു കാണിക്കുന്ന പരമ്പരാഗതമായ കളം എഴുത്ത് നടത്തുകയും ചെയ്തു.





ഇതോടനുബന്ധിച്ച് ആരോഗ്യ പരിപാലനവും നാളികേര മൂല്യ വർധനവും എന്ന വിഷയത്തിൽ നടന്ന വിജ്ഞാന ശാക്തീകരണ പരിശീലന പരിപാടി, കായങ്കുളം പ്രാദേശിക കേന്ദ്രത്തിലെ ആക്ടിംഗ് ഹെഡ് ഡോ. എസ് കലാവതി ഉദ്ഘാടനം ചെയ്തു. കേരള വിഭവങ്ങളിലെ ഒഴിച്ചുകൂടാനാവാത്ത ഘടകമായ നാളികേരത്തിന്റെ അദ്വിതീയ സ്ഥാനവും അത് കുടുംബങ്ങളുടെ സൗഖ്യത്തിനു എപ്രകാരം പ്രയോജനപ്പെടുന്നു എന്നും ഡോ. കലാവതി തമിഴിൽ നൽകിയ സന്ദേശത്തിൽ ഊന്നിപ്പറഞ്ഞു. അന്താരാഷ്ട്ര നാളികേര സമൂഹത്തിന്റെ ആഭിമുഖ്യത്തിൽ ആചരിക്കപ്പെടുന്ന ലോക നാളികേര ദിനത്തിന്റെ പ്രാധാന്യവും ഡോ. കലാവതി വിവരിച്ചു. കേരളത്തെ അടുത്ത കാലത്തായി ഭീതിയിലാഴ്ത്തുന്ന കാലാവസ്ഥാ വ്യതിയാനത്തെ നിയന്ത്രിക്കുന്നതിന് സാമ്പ്രദായിക സമീപനത്തോടു കൂടിയ സംയോജിത നാളികേര കൃഷിയുടെ ആവശ്യകതയും അവർ വ്യക്തമാക്കി. ഡോ. എസ് ഇന്ദുജ സ്വാഗതവും പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.എ ജോസഫ് രാജ്കുമാർ നന്ദിയും പറഞ്ഞു.

തുടർന്ന് നാളികേരം കുടുംബങ്ങളുടെ സൗഖ്യത്തിന് എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ സുസ്ഥിര വരുമാനവും തൊഴിലവസരവും ലഭ്യമാകുന്നതിന് നാളികേര കൃഷിയിലെ ശാസ്ത്രീയ സമീപനത്തെ കുറിച്ച് ഡോ. ജോസഫ് രാജ്കുമാർ വിവരിച്ചു. കേന്ദ്രത്തിലെ പാരിസ്ഥിതിക എൻജിനിയറിംങ് പരീക്ഷണ തോട്ടം സന്ദർശിച്ച കൃഷിക്കാർക്ക് എപ്രകാരമാണ് വിള പരിക്രമം, കീടങ്ങളുടെ ആക്രമണത്തെ നിയന്ത്രിക്കുവാൻ ഉപകരിക്കുന്നത് എന്നും ചെറിയ കൃഷിയിടത്തിൽ നിന്ന് എങ്ങിനെ സ്ഥിരമായി വരുമാനം ഇരട്ടിയാക്കാൻ സാധിക്കുമെന്നും ഡോ. രാജ്കുമാർ സോദാഹരണ പ്രഭാഷണം നടത്തി. വംശശുദ്ധി, സംരക്ഷണം, ഉത്പാദനം, സംസ്കരണം, സമൃദ്ധി എന്നിവയാണ് കൃഷിയിൽ നിന്നു സന്തുഷ്ടി നേടുന്നതിനുള്ള കർഷക സൂത്രവും മൂല മന്ത്രവുമെന്നും അദ്ദേഹം കൃഷിക്കാരെ ഉദ്ബോധിപ്പിച്ചു.

നാളികേര കൃഷിയിൽ സൂക്ഷ്മജീവികളുടെ പങ്ക് എന്ന വിഷയത്തെ കുറിച്ച് ക്ലാസ് നയിച്ച ഡോ എസ് ഇന്ദുജ, വെർമി കമ്പോസ്റ്റ് യൂണിറ്റും സിപിസിആർഐ പിന്തുടരുന്ന പോഷക പുനചംക്രമണ രീതിയും പരിചയപ്പെടുത്തി സുസ്ഥിര നാളികേര കൃഷിയിലുള്ള വനിതാ കൃഷിക്കാരുടെ ആത്മവിശ്വാസം വർധിപ്പിച്ചു. കേന്ദ്രത്തിൽ നിന്നു ലഭിച്ച പ്രാമാണിക വിജ്ഞാനവും പ്രായോഗിക അനുഭവവും കൃഷിക്കാർക്കും ആവേശമായി.

*തയാറാക്കിയത്: ഡോ. വി.കൃഷ്ണകുമാർ.*

## പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദത്തിൽ ലോക നാളികേര ദിനം ആഘോഷിച്ചു.

നാളികേരവികസന ബോർഡിന്റെ സഹകരണത്തോടെ കോഴിക്കോട് ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനത്തിനു കീഴിൽ പ്രവർത്തിക്കുന്ന പെരുവണ്ണാം മൂഴി കൃഷി വിജ്ഞാന കേന്ദത്തിൽ ലോക നാളികേര ദിനം ആഘോഷിച്ചു. ഇതോടനുബന്ധിച്ച് നടന്ന ജില്ലാ തല നാളികേര സെമിനാർ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എ സി സതി ഉദ്ഘാടനം ചെയ്തു. കൃഷി വിജ്ഞാന കേന്ദ്രം പ്രോഗ്രാം കോർഡിനേറ്റർ ഡോ. പി രാധാകൃഷ്ണൻ ചടങ്ങിൽ അധ്യക്ഷനായിരുന്നു. പേരാമ്പ്ര അസിസ്റ്റന്റ് കൃഷി ഡയറക്ടർ ശ്രീ. അബ്ദുൾ മജീദ്, സുഗന്ധവിള ഗവേഷണ കേന്ദ്രം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. പി രാജീവ്, നാളികേര വികസന ബോർഡ് ഡവലപ്മെന്റ് ഓഫീസർ ശ്രീ. എസ് ശെൽവകുമാർ, പേരാമ്പ്ര നാളികേര ഉത്പാദക കമ്പനി ചെയർമാൻ ശ്രീ ജെയിംസ് എടച്ചേരി എന്നിവർ ആശംസകൾ നേർന്നു.



കൃഷിവിജ്ഞാന കേന്ദ്രം സബ്ജക്ട്മാറ്റർ സ്പെഷലിസ്റ്റ് ഡോ. പിഎസ് മനോജ് സ്വാഗതവും, എ ദീപ്തി നന്ദിയും പറഞ്ഞു.

തുടർന്ന് നാളികേര ഇനങ്ങൾ, നടീൽ രീതികൾ, കൃഷി സമ്പ്രദായം, വിള സംരക്ഷണം എന്ന വിഷയത്തെ കുറിച്ച് മുടാടി കൃഷി ഓഫീസർ കെ വി നൗഷാദും, നാളികേര വികസ

ബോർഡിന്റെ വിവിധ പദ്ധതികളെ കുറിച്ച് ഡവലപ്മെന്റ് ഓഫീസർ ശ്രീ. എസ് ശെൽവകുമാറും വിശദീകരിച്ചു.

ഉച്ചകഴിഞ്ഞ് നാളികേരത്തിന്റെ സംയോജിത പോഷക ജല പരിപാലനത്തെ കുറിച്ച് സുഗന്ധവിള ഗവേഷണ കേന്ദ്രം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. വി ശ്രീനിവാസൻ, നാളികേരത്തിന്റെ മൂല്യവർധനവ് വിപണനം എന്ന വിഷയത്തെ കുറിച്ച് കൃഷിവിജ്ഞാന കേന്ദ്രം സബ്ജക്ട്മാറ്റർ സ്പെഷലിസ്റ്റ് എ ദീപ്തിയും ക്ലാസുകൾ നയിച്ചു. കേര കേസരി പുരസ്കാര ജേതാവ് ശ്രീ ഫ്രാൻസിസ് കൈതക്കുളത്തിന്റെ വിജയകഥയുടെ വിഡിയോയും സമ്മേളനത്തിൽ പ്രദർശിപ്പിച്ചു.

നാളികേര ദിനാഘോഷത്തിന്റെ ഭാഗമായി തെങ്ങുകയറ്റ യന്ത്രങ്ങൾ, നാളികേരം ഉടയ്ക്കുന്ന യന്ത്രം, വിവിധ ഇനം ചക്കുകൾ, മൂല്യ വർധിത ഉത്പ്പന്നങ്ങൾ, വിത്തുകൾ, സൂക്ഷ്മാണു വളങ്ങൾ എന്നിവയുടെ പ്രദർശനവും വില്പനയും ക്രമീകരിച്ചിരുന്നു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 150 കൃഷിക്കാർ പങ്കെടുത്തു. *തയാറാക്കിയത്: ഡോ. പി.എസ്.മനോജ്.*

## കേരള കാർഷിക സർവകലാശാല

ലോക നാളികേര ദിനാഘോഷത്തിന്റെ ഭാഗമായി തൃശൂരിൽ കാർഷിക സർവകലാശാല സംഘടിപ്പിച്ച പ്രദർശന പരിപാടി സിപിസിആർഐ കായങ്കുളം പ്രാദേശിക കേന്ദ്രം തലവൻ ഡോ. വി കൃഷ്ണകുമാർ ഏകോപിപ്പിച്ചു. സംസ്ഥാന നിയമസഭാ സ്പീക്കർ ശ്രീ പി. ശ്രീരാമകൃഷ്ണനും കൃഷി മന്ത്രി ശ്രീ.വി എസ് സുനിൽ കുമാറും വിവിധ സ്റ്റാളുകൾ സന്ദർശിച്ച് നാളികേരത്തിലെ അത്യുത്പാദന ശേഷിയുള്ള നാളികേര ഇനങ്ങളെ പരിചയപ്പെട്ടു. ശാസ്ത്രീയ നാളികേര കൃഷി സംബന്ധിച്ചു നടന്ന സെമിനാറിൽ അദ്ധ്യക്ഷത വഹിച്ച ഡോ. വി കൃഷ്ണകുമാർ സുസ്ഥിര നാളികേര ഉത്പാദനത്തിന് ഉത്തമ കാർഷിക സമ്പ്രദായങ്ങൾ അനുവർത്തിക്കണമെന്ന് കൃഷിക്കാരോട് നിർദ്ദേശിച്ചു.

## ലോക നാളികേര ദിനത്തിൽ കോഴിക്കോട് നാളികേര കമ്പനി 10000 വിത്തു തേങ്ങ പാകി

ലോക നാളികേര ദിനാചരണത്തിന്റെ ഭാഗമായി കോഴിക്കോട് നാളികേര കമ്പനി 10000 വിത്തു തേങ്ങ പാകിക്കൊണ്ട് ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ നഴ്സറി തയാറാക്കുന്ന പദ്ധതിക്കു തുടക്കം കുറിച്ചു. പ്രാദേശികമായി കണ്ടെത്തിയ കുറിയ ഇനങ്ങളിൽ നിന്നു സിപിസിആർഐയുടെ സഹായത്തോടെയാണ് വിത്തു തേങ്ങകൾ സംഭരിച്ചത്.കൂടാതെ മികച്ച കുറ്റ്യാടി തെങ്ങുകളുടെ വിത്തുകളും സംഭരിച്ചു. കമ്പനിയുടെ കോഴിക്കോട് കോംപ്ലക്സിനോടനുബന്ധിച്ചുള്ള ഭൂമിയിലാണ് വിത്തു തേങ്ങകൾ പാകി നഴ്സറിയുടെ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചത്. നാളികേര മേഖലയുടെ വിസ്തൃതി കുറഞ്ഞു വരുന്ന സാഹചര്യത്തിൽ കൃഷി വ്യാപന പദ്ധതിയുടെ ഭാഗമായിട്ടാണ് കമ്പനി തൈകൾ ഉത്പാദിപ്പിക്കുന്നത്. ഇവിടെ ഉത്പാദിപ്പിക്കുന്ന തൈകൾ നാളികേര സംഘങ്ങൾ വഴി മിതമായ നിരക്കിൽ കർഷകരിൽ എത്തിക്കും.

കരുവട്ടൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി അപ്പുക്കുട്ടനാണ് വിത്തു തേങ്ങ പാകി നാളികേര ദിനാഘോഷം ഉദ്ഘാടനം ചെയ്തത്. ചടങ്ങിൽ കമ്പനി ചെയർമാൻ ശ്രീ. പി പ്രദീപ് കുമാർ അധ്യക്ഷനായിരുന്നു.ഗ്രാമ പഞ്ചായത്ത് അംഗം



ശ്രീ കെസി ഭാസ്കരൻ, സിപിസിആർഐ പ്രൊജക്ട് ഓഫീസർ ശാലിനി, കമ്പനി ഡയറക്ടർ ടി ചന്ദ്രൻ തുടങ്ങിയവർ ആശംസകൾ നേർന്നു. മാനേജിംങ് ഡയറക്ടർ ശ്രീ. ടികെ സൗമീന്ദ്രൻ സ്വാഗതവും, ഡയറക്ടർ പി സോമസുന്ദരം നന്ദിയും പറഞ്ഞു.

കുന്ദമംഗലം നാളികേര ഫെഡറേഷനുമായി സഹകരിച്ചാണ് നഴ്സറിയുടെ പ്രവർത്തനങ്ങൾ നടത്തുന്നത്. കുറ്റ്യാടിയുടെയും കുറിയ ഇനങ്ങളുടെയും തൈകൾ ഇപ്പോൾ കുന്ദമംഗലം,കണ്ണങ്കര, പുറ്റുമണ്ണിൽതാഴം എന്നീ ഫെഡറേഷനുകളിൽ ലഭ്യമാണ്.

## കുട്ടനെല്ലൂർ സെന്റ് ജൂഡ് പബ്ലിക്ക് സ്കൂളിൽ ലോക നാളികേര ദിനം ആഘോഷിച്ചു

തൃശൂർ ജില്ലയിലെ കുട്ടനെല്ലൂർ സെന്റ് ജൂഡ് പബ്ലിക്ക് സ്കൂളിൽ ലോക നാളികേര ദിനം ആഘോഷിച്ചു. സ്കൂളിലെ പരിസ്ഥിതി ക്ലബിന്റെ നേതൃത്വത്തിലായിരുന്നു ആഘോഷം. സ്വന്തം വീട്ടു പുരയിടങ്ങളിൽ നാളികേരം നട്ടു വളർത്തുന്നതിന് വിദ്യാർത്ഥികളെ പ്രേരിപ്പിക്കുക എന്നതായിരുന്നു ദിനാഘോഷത്തിന്റെ ലക്ഷ്യമെന്ന് സ്കൂൾ അധികൃതർ പറഞ്ഞു.

ദിനാഘോഷത്തിന്റെ ഭാഗമായി സ്കൂൾ ഗ്രൗണ്ടിൽ കുട്ടികൾ നാളികേരം നിരത്തി കേരളത്തിന്റെ ഭൂപടവും ചകിരിയും ഓലകളും ഉപയോഗിച്ച് തെങ്ങിന്റെ ചിത്രവും വരയ്ക്കുകയുണ്ടായി. കല്പവൃക്ഷമായ നാളികേരത്തിന്റെ പ്രാധാന്യവും അതിന്റെ വിവിധ ഭാഗങ്ങളുടെ ഫലപ്രദമായ ഉപയോഗവും സംബന്ധിച്ച് 12-ാം ക്ലാസ് വിദ്യാർഥി തദവസരത്തിൽ ലഘു പ്രഭാഷണവും നടത്തി.

ചകിരിയും ഓലകളും ഉപയോഗിച്ച് കുട്ടികൾ വരച്ച തെങ്ങിന്റെ ചിത്രം പലരുടെയും അഭിനന്ദനം പിടിച്ചു പറ്റി.



# പുങ്കംപാളയത്തെ പഞ്ചസാര ഫാക്ടറി

**ആബെ ജേക്കബ്**
ഡെപ്യൂട്ടി എഡിറ്റർ, നാളികേര വികസന ബോർഡ്, കൊച്ചി- 11

പുങ്കംപാളയം.!
ആർഭാടങ്ങൾ ഒന്നുമില്ലാത്ത ഒരു തനി തമിഴ്ഗ്രാമം.

കോയമ്പത്തൂർ - മേട്ടുപ്പാളയം ദേശീയപാതയിൽ നിന്നു കാരമട - തോലംപാളയം റൂട്ടിലൂടെ നാലു കിലോമീറ്റർ യാത്ര ചെയ്യുമ്പോൾ പുങ്കംപാളയമായി. റോഡരികിൽ ഒന്നു രണ്ടു കോവിലുകളും ഏതാനും കടകളും. കുറച്ചു കൂടി പോയാൽ റോഡിന് ഇരുവശവും ചെറിയ കൃഷിയിടങ്ങളും അടുത്തടുത്ത് വീടുകളും. ലൂർദ് അവന്യുവിലേയ്ക്കു തിരിയുമ്പോൾ വൈദ്യുതി വേലി കൊണ്ട് സംരക്ഷണം ഒരുക്കിയിരിക്കുന്ന വിശാലമായ തെങ്ങിൻ പുരയിടവും, ഇരുമ്പുഗേറ്റിനോട് ചേർന്ന് ബോർഡും കാണാം - ഡി ആൽബൻ. തമിഴ്നാട്ടിലെ ആദ്യ നാളികേര ഉത്പാദക കമ്പനി. 2015 -ൽ സ്ഥാപിതം. ഇവിടെ നിന്നാണ് ക്രിസ്റ്റലൈസ്ഡ് കോക്കനട്ട് ഷുഗർ ഉൾപ്പെടെ ഡസനോളം നാളികേര ഉത്പ്പന്നങ്ങൾ രാജ്യാന്തര വിപണിയിലേയ്ക്കു കയറ്റുമതിക്ക് ഒരുങ്ങുന്നത്.

ഡി ആൽബൻ ഉത്പ്പന്നങ്ങളിൽ ഏറ്റവും ശ്രദ്ധേയം നീരയിൽ നിന്നുൽപാദിപ്പിക്കുന്ന ക്രിസ്റ്റൽ രൂപത്തിലുള്ള വെളുത്ത പഞ്ചസാര തന്നെ. ഇതു നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യ സ്വന്തമായി വികസിപ്പിച്ചു എന്നതാണ് മൂല്യവർധനവിന്റെ മേഖലയിൽ ഡി ആൽബൻ കമ്പനിയുടെ മേൽക്കൈ. ഇതിന് ഏതെങ്കിലും രാസത്വരകങ്ങളോ മറ്റ് സംരക്ഷകങ്ങളോ ഉപയോഗിക്കുന്നില്ല എന്നും അവർ അവകാശപ്പെടുന്നു. നിലവിൽ നാളികേര ഉത്പാദക രാജ്യങ്ങളിൽ



ക്രിസ്റ്റലൈസ്ഡ് കോക്കനട്ട് ഷുഗർ




ഷെർലി ദർശിനി, ചെയർപേഴ്സൺ

**അണ്ണാ യൂണിവേഴിസിറ്റിയിൽ നിന്ന് എൻജിനിയറിംങിൽ ബിരുദം. അമേരിക്കയിലെ മിസിസിപ്പി യൂണിവേഴ്സിറ്റിയിൽ നിന്ന് ഹൈഡ്രോഗ്രാഫിക്സിൽ എം എസ്, കൂടാതെ ഇന്റർനാഷണൽ ബിസിനസിൽ എം ബിഎ, ഇന്റേണൽ ഓഡിറ്റിൽ ബിരുദാനന്തര ഡിപ്ലോമ – ഇത്രയും വിദ്യാഭ്യാസ യോഗ്യത. താല്പര്യം സ്ത്രീ ശാക്തീകരണത്തിൽ, പ്രവർത്തന മേഖല നാളികേര മൂല്യവർധനവ് – ഇതാണ് തമിഴ്നാട്ടിലെ സത്യമംഗലം സ്വദേശി ഷെർളി ദർശിനി അഹിലൻ – പ്രായം 36. ഭർത്താവ് മറൈൻ എൻജിനിയർ. രണ്ടു കുട്ടികൾ. നീരയിൽ നിന്നു ക്രിസ്റ്റലൈസ്ഡ് വൈറ്റ് ഷുഗർ ഉത്പാദിപ്പിച്ച് കയറ്റി അയക്കുന്ന കോയമ്പത്തൂർ, കാരമട ഡി ആൽബൻ നാളികേര ഉത്പാദക കമ്പനിയുടെ ചെയർമാനാണ് ഈ യുവതി. ഒരു പക്ഷെ ഇങ്ങനെ ഒരു സംരംഭകയെ നാളികേര സംസ്കരണ മേഖലയിൽ കണ്ടെത്താൻ കഴിഞ്ഞെന്നു വരില്ല.**



എൻ എ ബി എൽ അംഗീകാരമുള്ള ലാബ്



അഹിലൻ ഫെർണാണ്ടോ

നിർമ്മിക്കുന്ന നീര പഞ്ചസാരയ്ക്ക് നേരിയ തവിട്ടു നിറമാണ്. അതു തന്നെ പൊടിയും തരിയും ചേർന്ന മിശ്രിതവും. ഇവിടെ സാധാരണ നീര പഞ്ചസാര (ബ്രൗൺ ഷുഗർ) ഉത്പാദിപ്പിക്കുന്നുണ്ടെങ്കിലും അതും ക്രിസ്റ്റലാണ്. ഇതിനൊപ്പമാണ് രൂപത്തിലും ഭാവത്തിലും ഗുണത്തിലും കരിമ്പിൻ പഞ്ചസാരയെ വെല്ലുന്ന നാളികേര പഞ്ചസാരയുമായി ഡി ആൽബൻ ലോക വിപണിയിൽ സാന്നിധ്യം അടയാളപ്പെടുത്താൻ പോകുന്നത്.

### മാന്നാനം ടു മധുര

നാളികേരവുമായി തലമുറകളുടെ ബന്ധമാണ് ഡി ആൽബന്റെ പ്രമോട്ടർമാർക്കുള്ളത്. കുടുംബ വേരുകളാകട്ടെ കേരളത്തിലും. കോട്ടയത്തിനു സമീപം മാന്നാനത്തു നിന്ന് അഞ്ചു തലമുറകൾക്കു മുമ്പ് മധുരയിലേയ്ക്കും അവിടെ നിന്നു സത്യമംഗലത്തേയ്ക്കും കുടിയേറിയതാണ് ഷെർളിയുടെ കുടുംബം. തമിഴകത്തേയ്ക്കു കുടിയേറിയെങ്കിലും മാന്നാനത്തെ തറവാടും പുരയിടവും ഇന്നും ഇവർ കൈവിട്ടിട്ടില്ല. മധുര വിരതനൂരിൽ എത്തിയ പൂർവികർക്ക് തെങ്ങുകൃഷിയായിരുന്നു. ഇപ്പോഴുള്ള തലമുറ ഡോക്ടർമാരും എൻജിനിയർമാരുമാണെങ്കിലും 14 ഏക്കറിലും തെങ്ങു കൃഷി തുടരുന്നു. തേങ്ങായ്ക്ക് വില ഇടിഞ്ഞ അവസരത്തിൽ നാളികേരത്തിൽ നിന്നു മൂല്യ വർധിത ഉത്പ്പന്നങ്ങൾ നിർമ്മിക്കാൻ ഇവർ പദ്ധതി തയാറാക്കി. സംരംഭം വിപുലമാക്കുന്നതിന് ഷെർളിയുടെ പിതാവും കമ്പനി ഡയറക്ടറുമായ അഹിലൻ ഫെർണാണ്ടോയാണ് സത്യമംഗലത്ത് നാളികേര തോട്ടം വാങ്ങിയത്. പന്നീട് ഡി ആൽബൻ ഫാക്ടറി, അതിലെ യന്ത്രസാമഗ്രികൾ എന്നിവയുടെയെല്ലാം രൂപരേഖ തയാറാക്കിയതും ഇലക്ട്രോണിക്സ് എൻജിനിയറായ ഫെർണണ്ടോ തന്നെ. തമിഴ്നാട്ടിലെ നാളികേര ഉത്പാദക കമ്പനി എന്ന നിലയിൽ നാളികേര വികസന ബോർഡ് ഇവർക്ക് ആവശ്യമായ എല്ലാ പിന്തുണയും ലഭ്യമാക്കി.

### സ്ത്രീ ശാക്തീകരണം

വനിതാ സംരംഭം എന്ന നിലയിൽ 2015 – ലാണ് ഡി ആൽബൻ പ്രവർത്തനം ആരംഭിച്ചത്. പ്ലാവ്, മാവ്, വാഴ, നാളികേരം, കറിവേപ്പില, മുരിങ്ങ, അത്തി തുടങ്ങിയ കാർഷികോത്പ്പന്നങ്ങളുടെ മൂല്യവർധനവ് ആയിരുന്നു ലക്ഷ്യം. ഉത്പ്പന്നസൂക്ഷിപ്പുകാലം വർധിപ്പിക്കാനായി കൃഷിക്കാർക്കു സംസ്കരണ സൗകര്യം ലഭ്യമാക്കുക, യുവസംരംഭകർക്കും സ്വാശ്രയ സംഘങ്ങൾക്കും പരിശീലനം നല്കുക, പരമ്പരാഗത – ജൈവ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുക, ആരോഗ്യകരമായ ഭക്ഷണം തെരഞ്ഞെടുക്കുന്നതിന് ഉപഭോക്താക്കളെ ബോധവത്ക്കരിക്കുക തുടങ്ങിയ പ്രവർത്തനങ്ങളായിരുന്നു അന്ന്. കമ്പനി പ്രവർത്തനം തുടങ്ങിയതോടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശാലമായി. ഭക്ഷ്യ സംസ്കരണ മേഖലയിൽ മൂല്യവർധനവിന് ഊന്നൽ നല്കി പരമ്പരാഗതവും, സംരക്ഷക സ്വതന്ത്രവുമായ ഭക്ഷ്യോത്പ്പന്നങ്ങൾ നിർമ്മിക്കുക എന്നതായി കമ്പനിയുടെ താല്പര്യം. ഇതിനായി ഐഎസ്ഒ 22000 സാക്ഷ്യപത്രമുള്ള സംസ്കരണ സൗകര്യവും അതിനാവശ്യമായ പരിശീലനവും ഒരുക്കുന്നതുൾപ്പെടെ, സുരക്ഷിത ഭക്ഷണ നിർമ്മാണ മേഖലകളിലേയ്ക്ക് കമ്പനിയുടെ പ്രവർത്തനം വ്യാപിച്ചു.

### നാളികേര മേഖലയിലേയ്ക്ക്

സത്യമംഗലത്ത് 340 ഏക്കർ തെങ്ങിൻ പുരയിടമാണ് ഡി ആൽബന്റെ പ്രധാന ആസ്തി. കൂടാതെ ഇപ്പോൾ കാരമട, പുങ്കംപാളയത്തുള്ള നാലര ഏക്കർ സ്ഥലവും ഉത്പാദന യൂണിറ്റും. കാട്ടാനകൾ കൂട്ടമായി എത്തുന്നതിനാൽ ഈ വളപ്പിനു ചുറ്റും വൈദ്യുതി വേലികെട്ടി സംരക്ഷണം തീർത്തിരിക്കുന്നു. നിറയെ ദേഹണ്ണങ്ങളാണ്. ഒരു വർഷം പ്രായമായ സങ്കര ഇനം തെങ്ങിൻ തൈകൾ 280. അതിന് മുഖ്യ ഇടവിളയായി മലവേമ്പ്. (ഇത് നാലാം വർഷം മുതൽ വെട്ടി പാഴ്ത്തടിയായി വിറ്റാൽ നല്ല വില ലഭിക്കുമത്രെ) അതിനും ഇടയിൽ കപ്പ, വാഴ, മുരിങ്ങ, പപ്പായ, വിവിധ ഇനം പച്ചക്കറികൾ, പുരയിടത്തിനു ചുറ്റും തേക്കിൻ തൈകൾ. രണ്ടു മൂന്നു പ്ലോട്ടുകളിൽ കറിവേപ്പു കൃഷിയുമുണ്ട്. ഇവിടെ ഫാം ഹൗസിൽ താമസിക്കുന്നത് ഫെർണാണ്ടോയുടെ സഹോദരിയും കുടുംബവുമാണ്.

### സംരംഭകത്വം

ആൽബൻ കമ്പനി സംരംഭകത്വ മേഖലയിലേയ്ക്കു പ്രവേശിക്കുന്നത് 2015 ലാണ് . ഇതിനായി ഉത്പാദന യൂണിറ്റ് സജ്ജമാക്കി; 4500 ചതുരശ്ര അടിയുള്ള ഫാക്ടറി നിർമാണം പൂർത്തിയാക്കി, 2016 ൽ തന്നെ പ്രവർത്തനം തുടങ്ങി. നാളികേര വികസന ബോർഡിൽ നിന്ന് 45 ലക്ഷം രൂപ സബ്സിഡിയും ടിഎംഒസിയിൽ നിന്ന് സാങ്കേതിക വിദ്യകളും ലഭ്യമാക്കി. സത്യമംഗലത്തെ തോട്ടത്തിൽ നിന്ന് അതിനു മുമ്പെ തന്നെ നീര ടാപ്പിംങ് തുടങ്ങിയിരുന്നു. ഒൻപതു നീര ടെക്നീഷ്യന്മാർക്കു വാഴക്കുളത്തുള്ള സിഡിബി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനം





*ഉത്പാദന യൂണിറ്റും സൗരോർജ്ജ പ്ലാന്റും*

നല്കി. ആദ്യ ഘട്ടത്തിൽ 120 ലിറ്റർ നീരയായിരുന്നു ഉത്പാദനം. ഇപ്പോൾ 500 – 600 ലീറ്റർ പ്രതിദിന ഉത്പാദിപ്പിക്കുന്നു. സത്യമംഗലത്തുനിന്ന് കോൾഡ് ചെയിൻ സംവിധാനത്തിലൂടെയാണ് നീര പുങ്കംപാളയത്ത് എത്തിക്കുന്നത്.

## ഉത്പാദന യൂണിറ്റ്

ഇതുവരെ രണ്ടു കോടിഏഴു ലക്ഷം രൂപയുടെ മൂലധന നിക്ഷേപമാണ് നാളികേര സംസ്കരണ പ്ലാന്റിനായി ഡി ആൽബൻ നടത്തിയിരിക്കുന്നത്. വാക്വം പാസ്ചറൈസർ, ബ്ലെണ്ടർ വിവധ തരത്തിലുള്ള പായ്ക്കിംങ് മെഷീനുകൾ, കോക്കി ഡ്രോപ്പർ തുടങ്ങിയ എല്ലാ ആധുനിക സംവിധാനങ്ങളും ഡി ആൽബനിൽ ഒരുക്കിയിരിക്കുന്നു. ദിവസം 20000 നാളികേരം സംസ്കരിക്കാനുള്ള ശേഷിയുള്ള പ്ലാന്റാണ് പുങ്കംപാളയത്തു പ്രവർത്തിക്കുന്നത്. 1500 ലീറ്റർ നീര വരെ ഇവിടെ സംസ്കരിക്കാം.

പ്രകൃതി സൗഹൃദ വ്യവസായ യൂണിറ്റ് എന്ന നിലയിൽ ഫാക്ടറിയുടെ പ്രവർത്തനത്തിനു പൂർണമായും സൗരോർജ്ജമാണ് ഉപയോഗിക്കുന്നത്. എല്ലാം കൂടി 520 ലക്ഷം രൂപ 500 കിലോവാട്ടിന്റെ ഈ പ്ലാന്റിന് ചെലവായി. പ്ലാന്റിന്റെ പ്രവർത്തനം കൂടാതെ കൃഷിയിടത്തിനു ചുറ്റുമുള്ള സംരക്ഷണ വേലിയ്ക്കും ഇതിൽ നിന്നാണ് വൈദ്യുതി. പ്രതിദിനം 210 നാളികേരം സംസ്കരിച്ച് കൊപ്രയാക്കാൻ ശേഷിയുള്ള സോളാർ ഡ്രൈയറും ഡി ആൽബനിൽ പ്രവർത്തിക്കുന്നു.




വിവിധ ആവശ്യങ്ങൾക്കായി പ്രതിദിനം 500 ലിറ്റർ നീരയാണ് ഇപ്പോൾ ഡി ആൽബൻ പ്ലാന്റിൽ സംസ്കരിക്കുന്നത്. കൂടാതെ 20 കിലോ കോക്കനട്ട് ചിപ്സ്, 100 ലീറ്റർ തേങ്ങാപ്പാൽ, 100 കിലോ തേങ്ങാപ്പാൽ പൊടി, 100 കിലോഗ്രാം കോക്കനട്ട് ഷുഗർ, 25 കിലോഗ്രാം ക്രിസ്റ്റലൈസ്ഡ് ഷുഗർ എന്നിവയും പ്രതിദിനം ഈ യൂണിറ്റിൽ ഉത്പാദിപ്പിക്കാം.

## നീര പഞ്ചസാര

മൂല്യ വർധിത ഉത്പ്പന്നങ്ങളുടെ ശ്രേണിയിൽ അന്താരാഷ്ട്ര വിപണിയിൽ ഏറ്റവും ഡിമാന്റുള്ള ഉത്പ്പന്നമാണ് കോക്കനട്ട് ഷുഗർ അഥവ നീര പഞ്ചസാര. നീരയുടെ പ്രത്യേക രീതിയിലുള്ള സംസ്കരണ പ്രക്രിയ വഴിയാണ് ഇതിന്റെ നിർമ്മാണം. ആദ്യം ഹണി(തേൻ), തുടർന്ന് ജാഗറി(ശർക്കര), ഒടുവിൽ ഷുഗർ(പഞ്ചസാര) എന്നീ ഉൽപ്പന്നങ്ങളാണ് നീരയിൽ നിന്നു ഘട്ടം ഘട്ടമായി നിർമ്മിക്കുക. നീര ഹണി ആയിരുന്നു ഡി ആൽബന്റെപ്രഥമ ഉൽപ്പന്നം. ഇതിന്റെ നിർമ്മാണം 2017 ൽ തുടങ്ങിയതാണ്. ഒപ്പം ജാഗറിയുടെയും. എന്നാൽ നീര പഞ്ചസാരയ്ക്ക് രാജ്യാന്തര വിപണിലെ ഡിമാന്റ് മനസിലായതോടെ ഡി ആൽബൻ അതിലേയ്ക്ക് ചുവടു മാറി. നീര പഞ്ചസാരയ്ക്ക് തവിട്ടു നിറവും, പൊടി രൂപവുമാണ് എന്ന ന്യൂനതയുണ്ട്. നിലവിൽ പ്രാചാരത്തിലുള്ള രീതിയിൽ നീര സംസ്കരിക്കുമ്പോൾ അതിന്റെ പോഷക ഗുണങ്ങൾ പലതും നഷ്ടപ്പെടുന്നു എന്നു മനസിലാക്കിയതോടെ രാസപ്രക്രിയകൾ കൂടാതെ ക്രിസ്റ്റൽ രൂപത്തിൽ, വെളുത്ത നിറമുള്ള പഞ്ചസാര നിർമ്മിക്കാനുള്ള പരീക്ഷണങ്ങളായി പിന്നീട്. ദീർഘനാളത്തെ നിരന്തര പരിശ്രമങ്ങൾക്കൊടുവിൽ അതിനുള്ള സാങ്കേതിക വിദ്യയും ഉപകരണങ്ങളും വികസിപ്പിക്കാൻ ഡി ആൽബന് സാധിച്ചു. അത് വലിയ നേട്ടമായി.

ഫെർണാണ്ടോ സ്വന്തമായി രൂപകല്പന ചെയ്ത ഉപകരണത്തിൽ പ്രത്യേക സംസ്കരണ രീതിയിലൂടെയാണ് ഡി ആൽബൻ നീരയിൽ നിന്ന് വൈറ്റ് ഷുഗർ നിർമ്മിക്കുന്നത്. അന്താരാഷ്ട്ര വിപണിയിൽ ഇതിന് കിലോഗ്രാമിന് 1200 രൂപയാണ് വില. ഇത്തരത്തിൽ നിർമ്മിക്കുന്ന പഞ്ചസാര 97.25 ശതമാനം ശുദ്ധിയുള്ളതാണ് എന്ന് ഷെർളി അവകാശപ്പെടുന്നു. പഞ്ചസാരയുടെ ഗുണമേന്മ ഉയർന്നതാണ് അല്ലെങ്കിൽ ഗ്ലൈസിമിക് ഇൻഡക്സ് വളരെ താഴ്ന്നതാണ് എന്നത്രെ ഇതിനർത്ഥം. അതായത് ശരീരത്തിനുള്ളിലെത്തിയാൽ രക്തത്തിലേയ്ക്ക് ആഗിരണം ചെയ്യപ്പെടുന്ന അളവ് സാധാരണ പഞ്ചസാരയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ് എന്ന്. ഒരു കിലോഗ്രാം വൈറ്റ് ഷുഗർ ഉത്പാദിപ്പിക്കുന്നതിന് 10 ലിറ്റർ നീര വേണം.

നാളികേര പാൽ നിർമ്മിക്കുന്നതിന് ടെസ്റ്റ നീക്കിയ നാളികേരം ആദ്യം അരച്ചെടുക്കും. തുടർന്ന് പാൽ പിഴിഞ്ഞ് ട്രേകളിലാക്കി വാക്വം ഡ്രൈയറിലേയ്ക്കു മാറ്റും. ഒന്നര മണിക്കൂർ കൊണ്ട് ഇത് പൗഡറായി മാറുന്നു. ദിവസം 100 ലിറ്ററാണ് ഇതിന്റെ ശേഷി. കോയമ്പത്തൂരിലെയും അഡയാറിലെയും വൻകിട ഹോട്ടൽ ശൃംഖലയാണ് ഡി ആൽബന്റെ നാളികേര പാൽ വാങ്ങുന്നത്. കരാർ പ്രകാരം ദിവസവും 500 ലീറ്റർ നാളികേരപാൽ ഇങ്ങനെ വിൽക്കപ്പെടുന്നു. ജലം പൂർണമായി നീക്കി പാസ്ചറൈസ് ചെയ്ത സംരക്ഷകങ്ങൾ ഒന്നും ചേർക്കാത്ത നാളികേര പാലാണ് ആൽബൻ ബ്രാൻഡ്. ചിരട്ടയിൽ നിന്നു വേർപെടുത്തി ടെസ്റ്റ നീക്കിയ നാളികേരം ചെറിയ കഷണങ്ങളാക്കി, പ്രത്യേക യന്ത്രത്തിലൂടെ വളരെ കനം കുറച്ച് അരിഞ്ഞ്, ആവശ്യമായ ഫ്ളേവറുകൾ ചേർത്ത ശേഷം ഓവനിൽ നിർജലീകരിച്ചാണ് ചിപ്സിന്റെ നിർമ്മാണം.

നാളികേര പൗഡർ ഇനിയും വിപണിയിലേയ്ക്ക് എത്തിച്ചിട്ടില്ല. കുറച്ചുകൂടി ഗുണമേന്മ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ഇപ്പോഴും നവീകരിച്ചുകൊണ്ടിരിക്കുകയാണ്.

അതിനാൽ വിപണിയിൽ ഇല്ല, ആവശ്യമുള്ള ഉപഭോക്താക്കൾക്ക് നേരിട്ട് എത്തിച്ചു കൊടുക്കുന്നു. എന്നിട്ടും സ്ഥിരമായി 30 – 35 ഉപഭോക്താക്കൾ ഉണ്ട്.

## ഡി ആൽബൻ ബ്രാൻഡ്

ഡി ആൽബൻ എന്നത് ഫ്രഞ്ച് സംജ്ഞയാണ്. (ഓഫ് ഗോഡ് എന്നാണ് ഇംഗ്ലീഷ് വിവർത്തനം) മൂല്യവർധിത നാളികേരോത്പന്ന ശ്രേണിയിൽ കോക്കനട്ട് ഹണി, കോക്കനട്ട് ജാഗറി, കോക്കനട്ട് ജാഗറി(ഗ്രാന്യൂൾസ്), കോക്കനട്ട് ഷുഗർ (പൗഡർ), കോക്കനട്ട് ഷുഗർ(ക്രിസ്റ്റൽ), കോക്കനട്ട് ഷുഗർ (വൈറ്റ് ക്രിസ്റ്റൽ) നാളികേര പാൽ, നാളികേര പാൽപൊടി, വിർജിൻ വെളിച്ചെണ്ണ, നാളികേര ചിപ്സ് (രണ്ടു രുചികളിൽ) എന്നീ ഉത്പ്പന്നങ്ങൾ ഡി ആൽബൻ ബ്രാൻഡിൽ ലഭ്യമാണ്. കൂടാതെ സംരക്ഷകങ്ങൾ ഒന്നും ചേർക്കാത്ത ശുദ്ധമായ വാഴയ്ക്ക പൊടി, വാഴയ്ക്ക പൊടിയും നീര പഞ്ചസാരയും ചേർത്ത ബിസ്ക്കറ്റ്, കുക്കീസ്, കേയ്ക്ക്, നീര പഞ്ചസാരയും കൊക്കോ പൗഡറും ചേർത്തു നിർമ്മിക്കുന്ന ചോക്കലേറ്റ്, സംസ്കരിച്ച കറിവേപ്പില, മുരിങ്ങയില, മുളക്, മഞ്ഞൾ, വെളുത്തുള്ളി തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങൾ, ഇതെല്ലാം ആൽബൻ കമ്പനി വിപണനം ചെയ്യുന്നുണ്ട്. നീര ഹണിയിൽ സൂക്ഷിച്ചിരിക്കുന്ന നേന്ത്രപ്പഴനുറുക്ക്, എണ്ണ ചേർക്കാതെ തയാറാക്കുന്ന നേന്ത്രക്കായ ഉപ്പേരി തുടങ്ങിയവയാണ് മറ്റ് ഉത്പ്പന്നങ്ങൾ. സംരക്ഷകങ്ങൾ ഒഴിവാക്കുന്നതിനാൽ ഇതിൽ ചില ഉത്പ്പന്നങ്ങൾ ഓർഡർ അനുസരിച്ചു മാത്രമെ നിർമ്മിച്ചു നല്കുകയുള്ളു. നീര പഞ്ചസാര കഴിഞ്ഞ വർഷവും, കോക്കനട്ട് ചിപ്സ് ആറുമാസം മുമ്പുമാണ് കമ്പനി ഉത്പാദനം തുടങ്ങിയത്.

## വിപണനം

നാളികേരത്തിൽ നിന്ന് ഡി ആൽബൻ ബ്രാൻഡിൽ നിർമ്മിക്കുന്ന മൂല്യവർധിത ഉത്പ്പന്നങ്ങൾ രാജ്യത്തെ വിവിധ വിപണികളിൽ ഇപ്പോൾ ലഭ്യമാണ്. ഓൺലൈൻ ഷോപ്പിയായ ഫ്ളിപ് കാർട്ടിലും ഈ ഉത്പ്പന്നങ്ങൾ ലഭ്യമാണ്. സംരംഭകർ ആവശ്യപ്പെടുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് ഉത്പ്പന്നങ്ങൾ തയാറാക്കി നല്കുന്ന രീതിയും ഡി ആൽബൻ പിന്തുടരുന്നു. കേരളത്തിൽ നിന്ന് ഉൾപ്പെടെ, കയറ്റമതി രംഗത്തു പ്രവർത്തിക്കുന്ന വിവിധ ബ്രാൻഡുകൾ ഡി ആൽബന്റെ ഹണി, ഷുഗർ തുടങ്ങിയ നാളികേര ഉത്പ്പന്നങ്ങൾ ഔട്ട് സോഴ്സ് ചെയ്യുന്നുണ്ട്. ഏതാനും ഡി ആൽബൻ ഉത്പ്പന്നങ്ങളുടെ വിതരണം പ്രശസ്തമായ ശ്രീകൃഷ്ണ സ്വീറ്റ്സാണ് ഏറ്റെടുത്തിരിക്കുന്നത്.

## ഗുണനിലവാര പരിശോധന

മൂല്യ വർധനവു വരുത്തി വിപണിയിലേയ്ക്ക് അയക്കുന്ന ഡി ആൽബൻ ഉത്പ്പന്നങ്ങളുടെയും, ഭക്ഷ്യവസ്തുക്കളുടെയും നിലവാരവും ഗുണമേന്മയും കർശനമായി പരിശോധിക്കുവാൻ ഇന്ത്യൻ ഭക്ഷ്യസുരക്ഷാ അതോറിട്ടിയുടെ ചട്ട പ്രകാരം എൻ എ ബി എൽ അംഗീകാരമുള്ള ലാബും കമ്പനി വളപ്പിൽ തന്നെ പ്രവർത്തിക്കുന്നു. 2016 ൽ ആണ് ഇതു സ്ഥാപിതമായത്. ഓട്ടോക്ലേവ്, സെൻട്രിഫ്യൂജ്, ഡസിക്കേറ്ററുകൾ, ഹോട്ട് എയർ ഓവൻ, മാഗ്നറ്റിക് സ്റ്റിറർ, മോയിസ്ച്ചർ ബാലൻസ്, മഫിൾ ഫർണസ്, പിഎച്ച് മീറ്റർ, റെഡ് വുഡ് വിസ്കോമീറ്റർ, സ്പക്ട്രോ ഫോട്ടോ മീറ്റർ, വാട്ടർ ബാത്, വിവിധ തരം ബാലൻസുകൾ തുടങ്ങിയ എല്ലാ ഉപകരണങ്ങളും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. നീര, വെള്ളം, പഞ്ചസാര, തുടങ്ങിയവയുടെ നിലവാരവും പോഷക മൂല്യവും പരിശോധിക്കുന്നത് ഇവിടെയാണ്. പ്രത്യേക പരിശീലനം നേടിയ വിദഗ്ധരുടെ മേൽ നോട്ടത്തിലാണ് ലാബിന്റെ പ്രവർത്തനം.

ഐഎസ്ഒ 9001, 22000 സാക്ഷ്യപത്രങ്ങളുള്ള കമ്പനിയിൽ മൊത്തം പത്തു സ്ഥിര ജോലിക്കാരാണുള്ളത്. കൂടാതെ 150 തൊഴിലാളികൾക്കു ഈ സ്ഥാപനം പരോക്ഷമായ തൊഴിലവസരങ്ങളും നല്കുന്നു. ശനിയാഴ്ച്ച ഉത്പാദനമില്ല. മെഷീനറികളുടെ ശുചീകരണമാണ്. ആൽബൻ കമ്പനിയുടെ ചെയർപേഴ്സൺ ഷെർളിയാണ്. ഫെർണാണ്ടോ ജെ അഖിലനാണ് കമ്പനിയുടെ മുഖ്യ പ്രമോട്ടർ. ഷെർളി ദർശിനിയെ കൂടാതെ, മകൻ രാജേഷ് ജൂഡ്, സഹോദരി അൽഫോൺസ, സഹോദരീ പുത്രൻ ബെനിറ്റോ തുടങ്ങി പത്തുപേരാണ് ഡയറക്ടർ ബോർഡ് അംഗങ്ങൾ. വിജയശരവണനാണ് ടെക്നീഷ്യൻ.

ആൽബന്റെ നാളികേര ഉത്പ്പന്നങ്ങളിൽ ഏറ്റവും നൂതനമായ ക്രിസ്റ്റലൈസ്ഡ് വൈറ്റ് ഷുഗർ രാജ്യന്തര വിപണിയിൽ അവതരിപ്പിക്കാനുള്ള തയാറെടുപ്പിലാണ് ഷെർളി. ഷെർളിയൊടൊപ്പം മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബയോടെക്നോളജിയിൽ ബിരുദാന്തര ബിരുദവും, ഫ്രാൻസിലെ പ്രശസ്തമായ ലില്ലി യൂണിവേഴ്സിറ്റിയിൽ നിന്ന് ഫുഡ് ടെക്നോളജിയിൽ എം എസ് യോഗ്യതയുമുള്ള ജൂഡ് രാജേഷ്, എംബിഎ ബിരുദധാരി ബെനിറ്റോ എന്നിവരാണ് കമ്പനിയുടെ യുവ നേതൃ നിര. ഇവർക്കെല്ലാം പ്രചോദനവും പിന്തുണയുമായി ഫെർണാണ്ടോയും.

*ഫോൺ – 9443978420, 9786106900* ■

### പഞ്ചസാരയേക്കാൾ ശ്രേഷ്ഠം

ഇതിനെ വെറും പാം ഷുഗർ എന്നോ നീര പഞ്ചസാര എന്നോ വിളിക്കൻ പാടില്ല. അനേകം ഔഷധീയ ഗുണങ്ങളും, അമിനോ അമ്ലങ്ങളും, പ്രോട്ടീനുകളും അടങ്ങിയ ഇത്തരം ഉത്പ്പന്നം ലോകത്ത് വേറെ ഉണ്ടാവില്ല. ഇതിന്റെ ഗ്ലൈസിമിക് ഇൻഡക്സ് 50 ൽ താഴെയാണ്. പഞ്ചസാര എന്നു പറയുമ്പോൾ കരിമ്പിൻ നീരിൽ നിന്ന് അനേകം രാസവസ്തുക്കളുടെ സഹായത്തോടെ നിർമ്മിക്കുന്ന, വെളുത്ത മധുര പദാർത്ഥമാണ് വിവക്ഷ. അതിൽ നിന്നും എത്രയോ ഉദാത്തമാണ് നീരയിൽ നിന്നുള്ള ഈ ഉത്പ്പന്നം. അതിനാൽ പഞ്ചസാര എന്ന് ഇതിനെ വിളിക്കരുത്. ഇതിന്റെ ന്യൂട്രാസൂട്ടിക്കൽ മൂല്യങ്ങൾ സംബന്ധിച്ച പഠനങ്ങൾ ഇനിയും നടക്കേണ്ടിയിരിക്കുന്നു. വൈദ്യശാസ്ത്ര രംഗത്ത് അത് വലിയ വിപ്ലവം തന്നെ സൃഷ്ടിക്കും.

ഡോ. സി മോഹൻ കുമാർ, ഡയറക്ടർ, എസ് സിഎംഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോ സയൻസസ്, കളമശേരി, കൊച്ചി.





*ബ്രൗൺ ഷുഗർ, നീര ഹണി*



# തെങ്ങിൻ തോപ്പുകളിൽ തിപ്പലി വളർത്താം

**ബേബി ജോസഫ്**
മാനേജർ, നാഗാർജ്ജുന ആയുർവേദ, തൊടുപുഴ

ഇന്നത്തെ ജീവിത സാഹചര്യങ്ങളനുസരിച്ച് ഉയർന്നു വരുന്ന ആളോഹരി വരുമാനം, വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ, ജൈവ ഉത്പന്നങ്ങളോടുള്ള അഭിനിവേശം എന്നിവ ആയുർവ്വേദത്തിന്റെയും ഔഷധങ്ങളുടെയും വളർച്ചയ്ക്ക് വഴി തെളിച്ചുകൊണ്ടിരിക്കുകയാണ്. ആയൂർവേദ മേഖലയിൽ 1000 ത്തിൽ പരം ചെറുതും വലുതുമായ ഔഷധ നിർമ്മാതാക്കളും 6000 ത്തോളം വിപണന കേന്ദ്രങ്ങളുമുള്ള കേരളത്തിലെ വിപണിയുടെ 80% നിയന്ത്രണവും പതിനഞ്ചിൽ താഴെയുള്ള കമ്പനികളുടെ പക്കലാണ്. അതായത് ഔഷധ സസ്യങ്ങളുടെ ഭൂരിപക്ഷം വിപണിയും ഇവരാണ് നിയന്ത്രിക്കുന്നത്. ഔഷധസസ്യങ്ങൾ കൂടുതൽ ആവശ്യമുള്ള പ്രധാന സ്ഥാപനങ്ങൾ പട്ടിക 1 ൽ .

ഇതോടൊപ്പം കേരളത്തിലെ മിക്ക പട്ടണങ്ങളിലും ചെറുതും വലുതുമായ നിർമ്മാതാക്കളുണ്ട്. കൂടാതെ കോലഞ്ചേരിക്കടുത്തുള്ള സിന്തൈറ്റ്, ആലുവയിലുള്ള അർജുന നാച്ചുറൽ എക്സ്ട്രാക്റ്റ് തുടങ്ങി ധാരാളം സത്തു നിർമ്മാണ കമ്പനികൾക്കും വൻ തോതിൽ തെരഞ്ഞെടുക്കപ്പെട്ട ഔഷധ സസ്യങ്ങൾ വേണം.

2050 ഓടു കൂടി ആഗോളതലത്തിൽ 50 ലക്ഷം കോടി രൂപയുടെ ഹെർബൽ ഔഷധങ്ങൾക്ക് ആവശ്യകതയുണ്ടാവുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഔഷധസസ്യങ്ങളുടെ വേരുകൾ + കിഴങ്ങുകൾ = 50%, തടി - 12%, തൊലി - 7%, സമൂലം - 10%, പഴങ്ങളും വിളകളും - 15% , ഇലകൾ - 4%, പൂക്കൾ 3% ആണ് ഉപയോഗിക്കുന്നത്.

ഔഷധ സസ്യ കൃഷിക്കിറങ്ങുമ്പോൾ നമ്മുടെ കൃഷിയിടത്തിന് അനുയോജ്യമായ ഇനങ്ങൾ ബോദ്ധ്യമായാൽ മാത്യ സസ്യങ്ങളായി കുറെ എണ്ണം നല്ല വളവും, വെള്ളവും കൊടുത്ത് വളർത്തിയാൽ നടീൽ വസ്തുക്കളുടെ വലിയ ചെലവ് ഇവ വഴി കുറയ്ക്കുവാൻ കഴിയും. ഔഷധ സസ്യ കൃഷിക്ക് മാർഗ്ഗരേഖ തരുവാൻ സമീപിക്കാവുന്ന സ്ഥാപനങ്ങൾ പട്ടിക 2 ൽ.

കൃഷി ചെയ്യാനുദ്ദേശിക്കുന്ന ഭൂമിയുടെ കിടപ്പ്, മണ്ണിന്റെ ഘടന, മണ്ണിലെ അമ്ലാംശം, ജലലഭ്യതയുടെ സാദ്ധ്യത,. ഉണക്ക് തുടങ്ങിയ അടിസ്ഥാന കാര്യങ്ങളിൽ ഏകദേശ അറിവ് വേണം. വ്യവസായ പ്രാധാന്യവും വിപണന സാദ്ധ്യതകൾ ഉള്ളതുമായതും, കൃഷി ചിലവു കുറഞ്ഞതും, അധിക ശുശ്രൂഷകൾ ആവശ്യമില്ലാത്തതുമായ വിളകൾ തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

> **കുരുമുളകിന്റെ കുടുംബത്തിൽപ്പെട്ട ഔഷധ സസ്യമാണ് തിപ്പലി അഥവാ പെപ്പർ ലോംഗും. നാളികേര തോപ്പുകളിൽ വലിയ മുതൽ മുടക്കില്ലാതെ ഇടവിളയായി കൃഷി ചെയ്ത് വരുമാന സമ്പാദനത്തിന് ഇതു പയോഗപ്പെടുത്താവുന്നതാണ്. ഉണങ്ങിയ തിപ്പലിക്ക് കിലോഗ്രാമിന് 500 രൂപ മുതൽ 850 രൂപ വരെ വില ലഭിക്കും. ഒരേക്കറിൽ നിന്ന് വർഷം 200 കിലോഗ്രാം വരെ വിളവ് ഉണ്ടാക്കാം. കേരളത്തിലെ പ്രമുഖ ഔഷധ നിർമ്മാണ കമ്പനികൾ എല്ലാം തിപ്പലി സംഭരിക്കുന്നുണ്ട്.**

### തെങ്ങിൻ തോപ്പിൽ വളർത്താവുന്ന ഔഷധ സസ്യങ്ങൾ – തിപ്പലി

Piper longum അഥവാ long pepper എന്നറിയപ്പെടുന്ന തിപ്പലിയുടെ ഉണങ്ങിയ ഫലങ്ങളാണ് ഔഷധയോഗ്യം. ആസ്സാം, ബംഗാൾ, മേഘാലയ, ആന്ധ്ര, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ഇവ ഏറെ കൃഷി ചെയ്യുന്നത്. ജാവ, മലേഷ്യ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ഇത് ഇറക്കുമതി ചെയ്യുന്നുണ്ട്. സുവാലി, അസലി, ഉണ്ട തിപ്പലി, മറാത്തി തിപ്പലി ഇങ്ങനെ പലയിനങ്ങളുമുണ്ട്. കേരളത്തിൽ കൃഷി ചെയ്യാവുന്നതും വാണിജ്യ പ്രാധാന്യമുള്ളതും ചെറു തിപ്പലിയാണ്. കുരുമുളകിന്റെ കുടുംബത്തിൽപ്പെട്ടതും, പടർന്നു വളരുന്നതുമായ വള്ളി ചെടിയാണ് തിപ്പലി. ആൺ - പെൺ ചെടികൾ വെവ്വേറെയാണ്. പെൺ ചെടികളിൽ മാത്രമേ ഉപയോഗിക്കാവുന്ന കായ്കളുണ്ടാവൂ. ഇരുണ്ട പച്ച നിറമുള്ള ഇടത്തരം വലിപ്പമുള്ള ഇലകൾക്ക് വെറ്റിലയുടെ സ്വാദുണ്ട്.

| പട്ടിക 1 | |
|---|---|
| സ്ഥാപനം | സ്ഥലം, ജില്ല |
| ആര്യ വൈദ്യശാല | കോട്ടക്കൽ, മലപ്പുറം |
| വൈദ്യരത്നം ഔഷധശാല | തൈക്കാട്ടുശ്ശേരി, തൃശൂർ |
| ഔഷധി | കുട്ടനെല്ലൂർ, തൃശൂർ |
| നാഗാർജ്ജുന ആയുർവ്വേദ | തൊടുപുഴ, ആലക്കോട്, ഇടുക്കി |
| ആര്യ വൈദ്യ ഫാർമസി | കോയമ്പത്തൂർ, കഞ്ചിക്കോട്, പാലക്കാട് |
| സീതാറാം വൈദ്യശാല | തൃശൂർ |
| എസ്. എൻ.എ. വൈദ്യശാല | തൃശൂർ |
| കേരള ആയുർവേദിക് ഫാർമസി | ആലുവ, എറണാകുളം |
| ധന്വന്തരി വൈദ്യശാല | തൊടുപുഴ, ഇടുക്കി |
| എവറസ്റ്റ് ഫാർമ | ചിയ്യാരം, തൃശൂർ |
| കാളൻ വൈദ്യശാല | നെല്ലായി, തൃശൂർ |
| ജയഭാരതം ഫാർമ | പുനലൂർ, കൊല്ലം |
| അഞ്ജലി ആയുർവേദിക്സ് | വല്ലച്ചൽ, കണ്ണൂർ |
| വേദ ആയുർവ്വേദിക്സ് | പത്തനംതിട്ട |
| എസ്. ഡി. ഫാർമസി | പത്തനംതിട്ട |
| ശ്രീധരീയം | കൂത്താട്ടുകുളം, എറണാകുളം |

നല്ല നീർവാർച്ചയും ജൈവാംശവും ഭാഗികമായ തണലുമുള്ള സ്ഥലങ്ങളാണ് തിപ്പലി കൃഷിക്കനുയോജ്യം. ജൈവവളാംശവും ഈർപ്പവും ധാരാളമുള്ള നിത്യ ഹരിത വനങ്ങളും തിപ്പലി വളരുവാൻ അനുയോജ്യമാണ്. ജലസേചന സൗകര്യമുള്ള തെങ്ങിൻ തോപ്പിലും ഈ അവസ്ഥ ഉണ്ടാക്കുവാൻ കഴിയും. മഴ കുറവും, ദീർഘമായ വരൾച്ചയും കൃഷിക്കു കൊള്ളില്ല.

ഔഷധ സസ്യ നഴ്സറികളിൽ നിന്ന് കായ്കൾ ഉള്ള പെൺ ചെടികൾ എടുക്കുവാൻ പ്രത്യേകം, ശ്രദ്ധിക്കണം. 10 സെന്റിന് 20 ചെടികൾ എന്ന കണക്കിൽ മാതൃ സസ്യ തൈകളെടുത്ത് ജൈവവളങ്ങളും, ജലസേചനവും നൽകിയാൽ 10 മാസം കഴിയുമ്പോഴേക്കും അതിൽ നിന്നും ധാരാളം തണ്ടുകൾ മുറിച്ച് ചെറിയ പോളിത്തീൻ ബാഗിൽ പാകി ആവശ്യത്തിനു തൈകൾ ചെലവു കുറച്ച് നമുക്കുണ്ടാക്കാം. മൂന്നു മുട്ടെങ്കിലുമുള്ള തണ്ടാണ് മുറിച്ചെടുക്കേണ്ടത്.

പുതുമഴയാരംഭിക്കുന്ന ജൂൺ മാസത്തോടു കൂടി നടാനുള്ള സ്ഥലം തെങ്ങുകൾക്കിടയിൽ നന്നായി കിളച്ചൊരുക്കി മൂന്ന് അടി വീതിയിൽ ആവശ്യത്തിനു നീളത്തിൽ വാരങ്ങളെടുക്കണം. രണ്ടടിയകലത്തിൽ കുഴികളെടുത്ത് ഓരോ കുഴിയിലും 100 ഗ്രാം ഉണങ്ങിയ ചാണകപ്പൊടി ചേർത്ത് ശ്രദ്ധാപൂർവ്വം തൈകൾ നടണം. വെള്ളം കെട്ടി നിൽക്കാതെ പ്രത്യേകം ശ്രദ്ധിക്കണം. കൃത്യമായി കളകൾ പറിക്കുകയും വേനൽക്കാലത്ത് ആഴ്ചയിൽ മൂന്നു നന എന്ന രീതിയിൽ ജലസേചനം നൽകുകയും വേണം. ആറാം മാസം മുതൽ ക്രീം നിറത്തിൽ ഫലങ്ങളുണ്ടായി തുടങ്ങും. രണ്ടു മാസം കഴിഞ്ഞാൽ ഈ കായ്കൾ കറുപ്പു നിറമാവുമ്പോൾ പറിച്ചെടുക്കാം. അഞ്ചാറു ദിവസം വെയിലത്തുണങ്ങി ഒടിക്കുമ്പോൾ ഒടിയുന്ന രീതിയിലാവുമ്പോൾ സംഭവിച്ചത് ചണചാക്കിൽ സൂക്ഷിക്കാം.



| പട്ടിക 2 |
|---|
| 1. കോട്ടക്കൽ ആര്യവൈദ്യശാല |
| 2. നാഗാർജ്ജുന തൊടുപുഴ |
| 3. ശ്രീധരീയം, കൂത്താട്ടുകുളം |
| 4. കോയമ്പത്തൂർ ആര്യ വൈദ്യ ഫാർമസി, കഞ്ചിക്കോട് |
| 5. സംസ്ഥാന മെഡിസിനൽ പ്ലാന്റ്, ബോർഡ്, തൃശൂർ |
| 6. വനം ഗവേഷണ കേന്ദ്രം, പീച്ചി |
| 7. ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ, പാലോട്, തിരുവനന്തപുരം |
| 8. ഔഷധ ഗവേഷണ കേന്ദ്രം, ഓടക്കാലി, പെരുമ്പാവൂർ |

അഞ്ചു കിലോ ഗ്രാം പച്ചക്കായിൽ നിന്ന് ഒരു കിലോ ഗ്രാം ഉണക്ക കായ് കിട്ടും. ആണ്ടിൽ മൂന്നു തവണ വിളവെടുക്കാം. 10 സെന്റിൽ നിന്നും വർഷം 20 കിലോ ഗ്രാം വരെ ഉണക്ക കായ് കിട്ടും. കിലോ ഗ്രാമിന് 500 രൂപയിലേറെ വിലയുണ്ട്. ചിലയവസരങ്ങളിൽ 850 രൂപ വരെയായിട്ടുണ്ട്. മൂന്നു നാലു വർഷം കഴിയുമ്പോൾ പുതിയ തൈകൾ നടേണ്ടി വരും.

ആയുർവ്വേദത്തിലെ 80% മരുന്നുകളിലും തിപ്പലി ഉപയോഗിക്കുന്നു. ഉദര സംബന്ധമായ രോഗങ്ങൾക്കും ശ്വാസകോശ രോഗങ്ങൾക്കുമുള്ള മരുന്നുകളിലെ മുഖ്യ ചേരുവയാണ്. അരിഷ്ടങ്ങൾ, ലേഹ്യങ്ങൾ, ചൂർണങ്ങൾ, തൈലങ്ങൾ തുടങ്ങിയ ഔഷധങ്ങളിൽ ഇതു ചേരുന്നു. ച്യവനപ്രാശം ഉപയോഗിച്ച ശേഷം നാക്കിൽ തരിപ്പ് തോന്നുന്ന് അതിൽ തിപ്പലിയുള്ള തിനാലാണ്. പ്രസിദ്ധമായ തൃകടുവിൽ തിപ്പലി അംഗമാണ്.

ചെറിയ കമ്പുകൾ നാട്ടികൊടുത്തും തെങ്ങിൽ പടർത്തിയും വൻതിപ്പലി കൃഷി ചെയ്യാം. കായ് പാകമായി കഴിഞ്ഞാൽ കടും ചുവപ്പു നിറവും, കൈവിരലിന്റെ വലിപ്പവുമുണ്ടാകും. വൻതിപ്പലിയും തണ്ടു മുറിച്ചുകൃഷി ചെയ്യാം. ഇതിനു ചെറുതിപ്പലിയേക്കാൾ വില കൂടുതലുണ്ട്. പിപ്പല്യാസവം, പിപ്പല്യാദിതൈലം, വ്യോഷാദി വടകം, താലീസപത്രാദി ചൂർണ്ണം, ദശമൂല കടുത്രയം, ച്യവനപ്രാശം തുടങ്ങിയവ തിപ്പലി ചേരുന്ന ചില ഔഷധങ്ങളാണ്.

തിപ്പലി ശ്വാസകോശങ്ങളിലെ കഫക്കെട്ട് മാറ്റി അണു വിമുക്തമാക്കുന്നു. ചുമ മാറ്റുവാൻ തിപ്പലി പൊടിച്ച് ഇന്ദുപ്പും ചേർത്തുപയോഗിക്കണം. പനി, ജലദോഷം മാറ്റുവാനും തിപ്പലിക്കു കഴിയും. ■ *ഫോൺ – 9495508344*



# തെങ്ങിന് ഇടവിളയായി പപ്പായ കൃഷി

**കെ. നിഹാദ്[1], വി. കൃഷ്ണകുമാർ[2], എ. അബ്ദുൽ ഹാരിസ്[3], എം. രാജ്കുമാർ[4], രവി ഭട്ട്[5]**
ഐ.സി.എ.ആർ. - സി.പി.സി.ആർ.ഐ [4,5]കാസർഗോഡ്, [1,2,3]കായംകുളം

തെങ്ങും തെങ്ങധിഷ്ഠിത കൃഷി സമ്പ്രദായങ്ങളുമാണ് കേരളത്തിലെ തീരദേശ മേഖലയുടെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്ന്. എന്നാൽ ഇന്ന് നാളികേര ഉത്പാദനം നന്നേ കുറഞ്ഞിരിക്കുന്നു. ഇതിന് പ്രധാന കാരണങ്ങളിൽ ഒന്ന് തോട്ടവിളയായ തെങ്ങിനെ വീട്ടുവിളയാക്കി, വേണ്ടത്ര ശാസ്ത്രീയപരിപാലനം ഇല്ലാതെ വളർത്തുന്നു എന്നതാണ്. മറ്റു തോട്ടവിളകളെ അപേക്ഷിച്ച് പ്രത്യേക രീതിയിൽ വിന്യസിച്ചിരിക്കുന്ന വേരു പടലങ്ങളും ഓലകളും തെങ്ങിൻ തോപ്പുകളിൽ ഇടവിളകൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ഇറക്കാൻ സാധ്യത കൂട്ടുന്നു. ശാസ്ത്രീയമായി പുതിയ തോപ്പുകൾ നിർമ്മിക്കുമ്പോൾ 7.5 മീറ്റർ അകലത്തിൽ വേണം തൈകൾ നടാൻ. തെങ്ങ് നട്ട് ആദ്യ മൂന്നു വർഷക്കാലം തോട്ടത്തിൽ നിന്നുള്ള വരുമാനത്തിനായി യോജിച്ച ഇടവിളയാണ് പപ്പായ. നട്ട് നാലാം മാസം മുതൽ കായ്ക്കാൻ തുടങ്ങുന്ന പപ്പായ രണ്ടര - മൂന്നു വർഷം വരെ ആദായ വിളവു നൽകുന്നു.

മലയാളികളുടെ പരമ്പരാഗത ഫലവൃക്ഷമായ പപ്പായ അതിന്റെ ഔഷധ പോഷക മൂല്യങ്ങൾ തിരിച്ചറിഞ്ഞതിനാൽ ഇന്ന് തീൻ മേശകളിലെ താരമാണ്. പപ്പായ കൃഷിയിലും വിപണനത്തിലും ആറ് ശതമാനത്തിൽ കൂടുതൽ വർദ്ധനയാണ് കഴിഞ്ഞ ഒരു പതിറ്റാണ്ടിൽ ഉണ്ടായിരിക്കുന്നത്. വിപണന സാധ്യത ഏറെയുള്ള പപ്പായ കൃത്യമായി അകലം പാലിച്ച് തെങ്ങിൻ തോപ്പുകളിൽ രണ്ടു വരി തെങ്ങുകളുടെ നടുക്കായി ഒറ്റവരിയിൽ രണ്ട് മീറ്റർ അകലത്തിൽ ഇടവിളയായി കൃഷി ചെയ്യാം.

## ഇനങ്ങളുടെ തെരഞ്ഞെടുപ്പ്

കാരിക്കേസിയെ കുടുംബത്തിൽപ്പെട്ട പപ്പായയുടെ ജന്മദേശം തെക്കൻ അമേരിക്കയിലാണ്. പപ്പായ കൃഷി തുടങ്ങുമ്പോൾ ഏറ്റവും ആദ്യം ശ്രദ്ധിക്കേണ്ടത് അവയുടെ വിത്ത് ആണ്. പപ്പായയിൽ മിക്കവാറും ഇനങ്ങളിലും ആൺ ചെടികളും പെൺ ചെടികളും വെവ്വേറെയാണ് കാണുന്നത്. വ്യാവസായിക കൃഷി ചെയ്യുമ്പോൾ ദ്വിലിംഗ പൂക്കളോ പെൺ പൂക്കളോ ഉണ്ടാകുന്ന ചെടികളല്ലെങ്കിൽ പഴങ്ങൾ ഉണ്ടാവുകയില്ല. അതുകൊണ്ട് തന്നെ ഇനങ്ങളുടെ തെരഞ്ഞെടുപ്പും കൃഷിയുടെ വിജയവും തമ്മിൽ അഭേദ്യ ബന്ധം തന്നെയുണ്ട്.

സങ്കരയിനമായ റെഡ് ലേഡി (Taiwan 786) അതിന്റെ രുചിയും സൂക്ഷിപ്പു കാലവും കൊണ്ട് വിപണിയിൽ പ്രചാരം നേടിയ ഒന്നാണ്. കോയമ്പത്തൂർ കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത CO8 നല്ല സ്വാദുള്ള പഴങ്ങൾ തരുന്ന മറ്റൊരിനമാണ്. പക്ഷേ ആൺ പെൺ ചെടികൾ വ്യത്യസ്തമായതിനാൽ ഇവയുടെ കൃഷിയിൽ നിന്നുമുള്ള ആദായം കുറയാൻ സാധ്യതയുണ്ട്.

## നടീൽ

നടുന്ന തൈകളുടെ പ്രായമാണ് കൃഷി വിജയിക്കുന്നതിൽ മറ്റൊരു പ്രധാന ഘടകം. ഒന്ന് ഒന്നരമാസം പ്രായമായ തൈകൾ വേണം നടാൻ. പ്രായം കൂടിയ തൈകൾ തെരഞ്ഞെടുത്താൽ അതു വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതിനോട്


CO.8


Red Lady

> തെങ്ങിൻ തൈ നട്ട് ആദ്യ മൂന്നു വർഷക്കാലം തോട്ടത്തിൽ നിന്നുള്ള വരുമാനത്തിനായി യോജിച്ച ഇടവിളയാണ് പപ്പായ. നട്ട് നാലാം മാസം മുതൽ കായ്ക്കാൻ തുടങ്ങുന്ന പപ്പായ രണ്ടര – മൂന്നു വർഷം വരെ ആദായ വിളവു നൽകുന്നു.

ഒപ്പം വിളവും കുറയുന്നു. അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്ന വിത്തുകൾ വേണം കൃഷിയ്ക്കായി തെരഞ്ഞെടുക്കാൻ. റെഡ് ലേഡി സങ്കരയിനം ആയതിനാൽ പഴങ്ങളിൽ നിന്നെടുക്കുന്ന വിത്തുകൾക്ക് മാതൃസസ്യത്തിന്റെ എല്ലാ ഗുണങ്ങളും ലഭിക്കണമെന്നില്ല.

വിത്തുകൾ തവാരണകളിലോ (12 മീറ്റർ x 1മീറ്റർ x 15 സെമീറ്റർ ഉയരം) പോട്ടിംഗ് മിശ്രിതം (1:1:1: മണ്ണ്, മണൽ, ചാണകപ്പൊടി) നിറച്ച പോളിബാഗ് അല്ലെങ്കിൽ ജില്ലറലിക് അമ്ലലായനിയിലോ (100 മില്ലി ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) മുക്കി വെച്ചതിനു ശേഷം പാകിയാൽ പെട്ടെന്നു തന്നെ മുളച്ചു വരും.

തെങ്ങിന്റെ ചുവട്ടിൽ നിന്നും മൂന്നരമീറ്റർ അകലത്തിൽ 30 സെന്റിമീറ്റർ (ഒരടി) വീതം നീളം വീതി ആഴം ഉള്ള കുഴികൾ എടുത്ത് മണ്ണിര കമ്പോസ്റ്റ് (രണ്ടര കിലോ), വേപ്പിൻ പിണ്ണാക്ക് (50 ഗ്രാം) എന്നിവ മേൽമണ്ണുമായി കലർത്തി മുക്കാൽ ഭാഗം മൂടിയതിന് ശേഷം തൈകൾ നടാം.

ആൺ പെൺ ചെടികൾ വ്യത്യസ്തമായി ഉള്ള തൈകൾ ആണെങ്കിൽ ഒരു കുഴിയിൽ മൂന്നു നാലു തൈകൾ നടണം. ഇവ പുഷ്പിക്കാൻ തുടങ്ങുമ്പോൾ ആരോഗ്യമുള്ള ഒരു പെൺ ചെടിയെ നിർത്തി ബാക്കിയുള്ളവ പിഴുതു മാറ്റണം. ഇത്തരം ഇനങ്ങൾക്ക് നല്ല വിളവു ലഭിക്കാൻ പത്ത് പെൺ ചെടികൾക്ക് ഒരാൺ ചെടി എന്ന തോതിൽ നിർത്തിക്കൊടുക്കണം. ഇപ്രകാരം ഒരു ഹെകടർ (രണ്ടര ഏക്കർ) തെങ്ങിൻ തോപ്പിൽ ആയിരം പപ്പായച്ചെടികൾ വരെ നടാം.

## വളപ്രയോഗം

ജൈവരീതിയിലും സംയോജിത പോഷക പരിപാലനത്തിലൂടെയും പപ്പായ കൃഷി ചെയ്യാം. നട്ടപ്പോൾ കുഴിയിൽ നിറച്ച അടിവളങ്ങൾക്കുപുറമേ യൂറിയ (90 ഗ്രാം), റോക്ക് ഫോസ്ഫേറ്റ് (200 ഗ്രാം) മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് (130 ഗ്രാം) എന്നീ വളങ്ങൾ ഓരോ ചെടിക്കും രണ്ട് മാസത്തിൽ ഒരിക്കൽ നൽകണം. ഇതിനു പുറമേ ഉണക്ക ചാണകം (10 മുതൽ 15 കിലോ) കാലവർഷാരംഭത്തിന് മുൻപ് (മെയ് – ജൂൺ) നൽകാം. ജൈവകൃഷിയാണ് അവലംബിക്കുന്നതെങ്കിൽ രാസവളപ്രയോഗത്തിന് പകരം മണ്ണിര കമ്പോസ്റ്റ് (2.5 കിലോ), എല്ലുപൊടി (100 ഗ്രാം), സൾഫേറ്റ് ഓഫ് പൊട്ടാഷ് (150 ഗ്രാം) എന്നിവ രണ്ടര മാസത്തിലൊരിക്കൽ നൽകാം. ഇപ്രകാരം ഉള്ള കൃഷിയിലൂടെ തെങ്ങിൻ തോപ്പിൽ മണ്ണിന്റെ ജൈവാംശം പുഷ്ടിപ്പെടുകയും തെങ്ങിന്റെ വളർച്ചയ്ക്ക് ഗുണകരമായി തീരുകയും ചെയ്യും.

## രോഗ നിയന്ത്രണം

പപ്പായ തൈകളിൽ അഴുകൽ രോഗം വരാതിരിക്കാൻ വിത്ത് പാകി മുള വന്നതിനു ശേഷം കോപ്പർ ഓക്സി ക്ലോറൈഡ് ലായനി (രണ്ട് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച്) മണ്ണിലൊഴിച്ച് കൊടുക്കാം. നീർവാർച്ച സൗകര്യം കുറഞ്ഞ സ്ഥലങ്ങളിലാണ് ഈ രോഗം പ്രധാനമായി കാണുന്നത്. വലിയ ചെടികളിൽ അഴുകൽ രോഗം വന്നാൽ ഈ ലായനി (രണ്ട് ലിറ്റർ) ചുവട്ടിൽ ഒഴിച്ചുകൊടുത്താൽ മതിയാകും. പപ്പായയെ ബാധിക്കുന്ന മറ്റൊരു പ്രധാന രോഗമാണ് റിംഗ്സ് പോട്ട് വൈറസ്. രോഗം ബാധിച്ച ചെടികളുടെ ഇലയിലും പഴങ്ങളിലും കടും പച്ച നിറത്തിൽ വെള്ളത്തിൽ കുതിർന്നതുപോലെ കാണുന്ന മൂഞ്ഞകളെ നിയന്ത്രിക്കാൻ വേപ്പെണ്ണ സോപ്പ് മിശ്രിതം (5 മില്ലി വേപ്പെണ്ണ, 1 ലിറ്റർ വെള്ളം, 10 ഗ്രാം സോപ്പ്) ചെടികളിൽ തളിക്കാം. സ്യൂഡോമോണാസ് ലായനി (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) തളിച്ചു കൊടുക്കുന്നതും നല്ലതാണ്.

## നിമ വിര

തെങ്ങിൻ തോപ്പിലെ പപ്പായ കൃഷിയുടെ പ്രധാന വില്ലൻ ആണ് നിമ വിരകൾ Melodogyne ഇനത്തിൽപ്പെട്ട വേരു കെട്ടൻ നിമ വിരകൾ ബാധിച്ചാൽ ചെടികളുടെ വരൾച്ച മുരടിച്ച് മഞ്ഞളിക്കുന്നു. ചെടികളുടെ ആരോഗ്യം കുറയുന്നതു മൂലം മറ്റ് മണ്ണ് ജന്യ രോഗങ്ങൾ വരാൻ സാധ്യത കൂടുതലാണ്. കായംകുളം തോട്ടവിള ഗവേഷണ കേന്ദ്രത്തിൽ നടത്തിയ പരീക്ഷണത്തിൽ ജൈവ മാർഗ്ഗത്തിൽ (വേപ്പിൻ പിണ്ണാക്ക്, മണ്ണിര കമ്പോസ്റ്റ്, കോഴി വളം) വളർത്തിയ ചെടികൾക്ക് നിമവിരകളുടെ ആക്രമണം കുറവായി കാണപ്പെട്ടു. ആയതിനാൽ നിമ വിരശല്യം കൂടുതലുള്ള തോട്ടങ്ങളിൽ ജൈവ രീതിയിൽ പപ്പായ കൃഷി ചെയ്യുന്നത് ആണ് ഉത്തമം.

## സംസ്ക്കരണവും വിപണനവും

ആരോഗ്യകരമായ പോഷക മൂലകങ്ങളും ഔഷധ ഗുണങ്ങളുമുള്ള പഴമാണ് പപ്പായ. പഴങ്ങളിൽ A,C എന്നീ വിറ്റാമിനുകൾ ധാരാളം അടങ്ങിയിരിക്കുന്നു. പച്ചക്കായ്കളിൽ നിന്നു ലഭിക്കുന്ന പപ്പയീൻ കറ വാണിജ്യ സാധ്യതകൾ ഏറെയുള്ള വസ്തുവാണ്. ചുരുക്കിപ്പറഞ്ഞാൽ സൗന്ദര്യ സംരക്ഷണം മുതൽ ആരോഗ്യ സംരക്ഷണം വരെയുള്ള വസ്തുക്കളിൽ ഈ ഫലത്തിന്റെ സത്ത് ഒരവശ്യ ഘടകമായി മാറിയിരിക്കുന്നു. തന്മൂലം പപ്പായയുടെ വിപണന സാധ്യതയും ഏറി വരികയാണ്.


പപ്പായ നട്ട് അഞ്ചാം മാസം മുതൽ വിളവെടുപ്പ് ആരംഭിക്കാം. ഒരു ചെടിയിൽ നിന്നും കുറഞ്ഞത് 20 – 22 പഴങ്ങൾ വരെ ഓരോ വർഷവും ലഭിക്കുന്നു. കിലോയ്ക്ക് 10 – 12 രൂപ ലഭിച്ചാൽ പോലും ഒരു ഹെക്ടറിലെ പപ്പായ കൃഷിയിൽ നിന്ന് ണ്ട് ലക്ഷം രൂപയിൽ കൂടുതൽ വരുമാനം പ്രതീക്ഷിക്കാം. ■

*ഫോൺ – 04792442160*



## മുഖമൊഴി

ഇരുട്ടിനുമേൽ പ്രകാശം നേടിയ വിജയമാണ് വിജയദശമി. തിന്മയുടെ മേൽ നന്മയുടെ വിജയം. വിദ്യാരംഭവും മഹാനവമിയും നിങ്ങളിൽ പുതിയ ഊർജ്ജം നിറയ്ക്കട്ടെ.



വീണ്ടും ഉയുർത്തെഴുന്നേൽപ്പിനു ശ്രമിക്കുകയാണ് കേരളം. തുടർച്ചയായി രണ്ടാം വട്ടവും പ്രളയം താറുമാറാക്കിയ കാർഷിക മേഖലയെ കൈപിടിച്ചുയർത്തുവാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ ഗവൺമെന്റ് നടത്തുന്നത്. എന്തുകൊണ്ട് ഈ പ്രതിഭാസം എന്നു നാം കൂലങ്കഷമായി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വാദങ്ങളും എതിർവാദങ്ങളും അരങ്ങു തകർക്കുന്നുണ്ട്. പക്ഷെ എന്താണ് യഥാർത്ഥ കാരണം. നാം പരിശോധിക്കണം. കാലാവസ്ഥാ കേന്ദ്രീകൃതമായിരുന്ന നമ്മുടെ കാർഷിക മേഖല തകരുകയാണ്. വരും വർഷങ്ങളിലും മൺസൂണുകളുടെ കാലം തെറ്റിയുള്ള വരവ് ആവർത്തിക്കുമെന്നാണ് സൂചന.



കഥ

# നാളികേരത്തിന്റെ നാട്ടിൽ

വി.വി. വിഷ്ണു
സി. ഇ. ഭരതൻ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്ക്കൂൾ, മാഹി, കണ്ണൂർ

പ്രത്യേക അനുമതി വാങ്ങിയാണ് ഡോക്ടറുടെ മുറിയിൽ പ്രവേശിച്ചത്. അദ്ദേഹം രോഗിയെ പരിശോധിക്കുകയായിരുന്നു. എന്നെ കണ്ടപ്പോൾ ഡോക്ടർ എഴുന്നേറ്റ് ചോദ്യഭാവത്തിൽ നോക്കി.

ഞാൻ... പ്രവീൺ – സേതുവിന്റെ സുഹൃത്ത്

ഓ.. ഡോക്ടർ ഓർമ്മ പുതുക്കി.

സേതുവിനെ കാണാൻ വന്നതാവും ഇല്ലേ.

ഞാൻ തലയാട്ടി.

ഡോക്ടർ മുറിയിലുണ്ടായിരുന്ന അറ്റന്റർക്ക് നിർദ്ദേശം നൽകി. പരിശോധിച്ചുകൊണ്ടിരുന്ന രോഗിയെ വീൽ ചെയറിൽ തള്ളിക്കൊണ്ട് അയാൾ മുറി വിട്ടു.

അഞ്ചു മിനിറ്റിനുള്ളിൽ മറ്റൊരു വീൽ ചെയർ മുറിയിൽ പ്രവേശിച്ചു.

അതിൽ സേതുവുണ്ടായിരുന്നു. പകുതി മയക്കത്തിൽ, പകുതി ഉണർവിൽ.

ഡോ. സക്കറിയ. പ്രശസ്തനായ മനോരോഗവിദഗ്ധൻ. ഇദ്ദേഹത്തിന്റെ ചികിത്സ തേടിയവരാരും നിരാശയോടെ മടങ്ങേണ്ടി വന്നിട്ടില്ല. പ്രതീക്ഷയോടെ ഞാൻ അദ്ദേഹത്തെ നോക്കി.

ഡോക്ടർ.... സേതു....

ഡോക്ടർ തന്റെ മുന്നിലിരുന്ന ഫയലിലേയ്ക്കു കണ്ണുകൾ പായിച്ചു.

പല തരത്തിലുള്ള രോഗികളെ ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ സേതു അതിൽ നിന്നെല്ലാം വ്യത്യസ്തനാണ്. ചില സമയത്ത് തോന്നും അയാൾക്ക് ഒരു കുഴപ്പവും ഇല്ല എന്ന്. ചിലപ്പോൾ മുഴു ഭ്രാന്തനായിരിക്കും. എന്നാൽ സംസാരത്തിലൊന്നും അയാൾ മാനസിക രോഗിയായി തോന്നുന്നതേയില്ല.

മുഖത്തെ കണ്ണട ഊരി കയ്യിൽ പിടിച്ച് നെടുവീർപ്പിനു ശേഷം ഡോക്ടർ പറഞ്ഞു.

നോക്കൂ... മരുന്നു നല്കിയുള്ള ട്രീറ്റുമെന്റുകൊണ്ട് ഒരു ഫലവും ഇല്ല. എനിക്ക് തോന്നുന്നത് മനഃശാസ്ത്രപരമായ സമീപനമായിരിക്കും മെച്ചം. അയാൾക്കൊപ്പം ജീവിക്കണം. പഴയകാല സ്മരണകൾ അയാളിൽ ഉണർത്തണം. ധാരാളം സ്വപ്നങ്ങളുള്ള ആളായിരുന്നില്ലേ സേതു. അതെല്ലാം ഇനി അയാളിൽ റീക്രിയേറ്റ് ചെയ്യണം. അതിന് നിങ്ങൾക്ക് സാധിക്കും മിസ്റ്റർ പ്രവീൺ. നിങ്ങൾ അയാളുടെ പ്രിയപ്പെട്ട സുഹൃത്തല്ലേ.

ഡോക്ടറുടെ വാക്കുകൾ കേട്ടപ്പോൾ ഉള്ളിൽ ഒരായിരം പൂത്തിരി കത്തി.

പക്ഷെ....

വേണ്ട, ഡോക്ടർ. അതു വേണ്ട... അവന്റെ ഭൂതകാലം ഒരിക്കലും അവൻ ഓർക്കേണ്ട. സമൂഹത്തിന്റെ നന്മ മാത്രം ആഗ്ര



ഹിച്ചു പ്രയത്നിക്കുന്ന ചിലരെ സമൂഹത്തിന് ആവശ്യമില്ല. അതിലൊരാളാണ് സേതു. അതിനാൽ അതു വേണ്ട ഡോക്ടർ.

ഞാൻ സേതുവിനെ നോക്കി. അവന്റെ ചുണ്ടുകൾ അപ്പോഴും മന്ത്രിക്കുന്നുണ്ടായിരുന്നു. നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട്.....

ഡോക്ടർ ചോദിച്ചു. അബോധാവസ്ഥയിലും സേതു ഈ പാട്ട് പാടുന്നത് കേൾക്കാം. എന്താണ് സേതുവിന് ഈ പാട്ട് ഇത്ര ഇഷ്ടമാകാൻ കാരണം ? എന്താണ് സേതുവിന്റെ ജീവിതത്തിൽ സംഭവിച്ചത്?

ഡോക്ടറുടെ ആ ചോദ്യത്തിനു മുന്നിൽ ഞാൻ ഒന്നു പതറി. പാതിയടഞ്ഞ സേതുവിന്റെ കണ്ണുകളിലൂടെ, സേതുവിന്റെ ഇരുണ്ട ജീവിതത്തിലേക്ക് ഞാൻ ഡോ. സക്കറിയയെ കൂട്ടിക്കൊണ്ടുപോയി.

പാവപ്പെട്ട കുടുംബത്തിൽ ജനിച്ചവനാണ് സേതു. അച്ഛൻ നേരത്തെ മരിച്ചു. അവൻ ഒറ്റ മോനേ ഉണ്ടായിരുന്നുള്ളൂ. ഒരുപാട് കഷ്ടപ്പെട്ടാണ്, വീടുകളിൽ ജോലിക്ക് പോയാണ് അവനെ അമ്മ വളർത്തിയത്. പഠിപ്പിൽ മിടുക്കനായിരുന്നു. ക്ലാസ്സിൽ എപ്പോഴും ഒന്നാമൻ. സ്ക്കൂൾ അവധിയായിരിക്കുമ്പോൾ അവനും പോകും അമ്മയെ സഹായിക്കാൻ. അവിടെ തൊടിയിലും മറ്റുമുള്ള ചെറിയ ജോലികൾ ചെയ്യും. അവന് ഏറ്റവും ഇഷ്ടമുള്ള വൃക്ഷമായിരുന്നു തെങ്ങ്. തൊടിയിൽ അവൻ എപ്പോഴും തെങ്ങിൻ ചുവട്ടിലായിരിക്കും. തേങ്ങ പറിക്കാൻ വരുന്ന വാസുവിനോട് അവൻ ചങ്ങാത്തം കൂടും. തെങ്ങിനെക്കുറിച്ചും തേങ്ങയെക്കുറിച്ചും ചോദിക്കും. പിന്നെ അമ്മയോടും ചോദിക്കുമായിരുന്നു. അമ്മ അതിനെല്ലാം മറുപടി നൽകും.

പഠിച്ച് ശാസ്ത്രജ്ഞനാകാനായിരുന്നു സേതുവിനിഷ്ടം. പക്ഷെ, അതിനു മാത്രം പണം അവന്റെ അമ്മയുടെ കൈയിൽ ഇല്ലായിരുന്നു. പത്താം തരത്തിലും പ്ലസ്ടുവിലും ഉയർന്ന മാർക്കോടെ പാസായ സേതുവിനെ, അവന്റെ ശാസ്ത്രജ്ഞനാകണമെന്ന ആഗ്രഹമറിഞ്ഞ് സഹായിക്കാൻ ധാരാളം പേർ സഹായ ഹസ്തങ്ങളുമായെത്തി. ആ പിൻബലത്തിൽ സേതു പഠിച്ച് ഉയരങ്ങൾ കീഴടക്കി. പിന്നീട് ഉയർന്ന സ്കോളർഷിപ്പു നേടി ഗവേഷണ പഠനം തുടർന്നു. അന്താരാഷ്ട്ര ശാസ്ത്ര ജേണലുകളിൽ സേതുവിന്റെ ലേഖനങ്ങൾ വന്നു. അവന്റെ പരീക്ഷണങ്ങളത്രയും നാളികേരത്തിലായിരുന്നു. ഒടുവിൽ



പത്രങ്ങളുടെ ഒന്നാം പേജിൽ ആ വാർത്ത വന്നു. ലോകമെമ്പാടും കൗതുകത്തോടെ കാണുന്ന തെങ്ങിന്റെ ജനിതക രഹസ്യം കണ്ടെത്തി. ഈ മഹത്തായ ശാസ്ത്ര സംഭാവനയിൽ പ്രധാന പങ്ക് സേതുവിനായിരുന്നു.

ഡോക്ടർ ഒരു നിമിഷം എഴുന്നേറ്റ് നിന്ന് ആദരവോടെ സേതുവിനെ നോക്കി. എന്നിട്ട് വീണ്ടും ചോദിച്ചു.

പിന്നെ എന്താണ് സംഭവിച്ചത്?

ഞാൻ തുടർന്നു.

ആ കണ്ടു പിടുത്തത്തിനു ശേഷം പുരസ്കാരങ്ങളും അവാർഡുകളും സേതുവിനെ തേടിയെത്തി. ശാസ്ത്ര ലോകം പ്രതീക്ഷയോടെ അവനെ നോക്കി. അവന്റെ ജീവിതത്തിലും മാറ്റങ്ങൾ ഉണ്ടായി.

നാട്ടിൽ തന്നെ അവന്റെ ആഗ്രഹം പോലെ അവൻ വീടുവച്ചു. അവന്റെ അമ്മ അവനെക്കുറിച്ച് അഭിമാനിച്ചു. ഞാൻ ഇടയ്ക്ക് സൗഹൃദ സംഭാഷണം നടത്താൻ വീട്ടിൽ പോകുമ്പോൾ അവൻ ഈ പാട്ട് പാടും. നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട്. ആ വീട്ടിൽ സന്തോഷം നിറഞ്ഞ നാളുകളായിരുന്നു പിന്നീടങ്ങോട്ട്. പക്ഷേ, അവന്റെ കണ്ടുപിടുത്തത്തിന് വില പേശാൻ കഴുകൻ കണ്ണുകളുമായി ആളുകൾ കാത്തിരിക്കുന്നുണ്ടായിരുന്നു എന്ന് അവനറിഞ്ഞില്ല.

ഒരു ദിവസം സേതുവിനെക്കാണാൻ മൂന്നു നാലു പേർ വന്നു. അവനു പഠിക്കാൻ പണം നല്കി സഹായിച്ചവരിൽ പ്രമുഖനും അവർക്കൊപ്പം ഉണ്ടായിരുന്നു. പുതിയ ആശയവുമായാണ് അവർ വന്നത്. തെങ്ങിന്റെ ജനിതക ഘടനയിൽ മാറ്റം വരുത്തി. ഉയരം ഇല്ലാത്തതും നല്ല കായ്ഫലമുള്ളതുമായ തെങ്ങിനം വികസിപ്പിക്കണമെന്നു കേട്ടപ്പോൾ നല്ല ആശയമായി സേതുവിനു തോന്നി. പക്ഷെ, അതിനു മുൻപ് അവർ ഒരു ആവശ്യം മുന്നോട്ടു വച്ചു. ഇതുവരെയുള്ള ഗവേഷണഫലങ്ങൾ അവർക്കു നൽകണം. അതിന് പക്ഷെ സേതു തയ്യാറായില്ല. തുടർന്നുള്ള ദിവസങ്ങളിൽ വിവിധ പ്രലോഭനങ്ങൾ ഉണ്ടായെയെങ്കിലും സേതു വഴങ്ങിയില്ല.

ഒരു രാത്രി സേതുവിന്റെ വീട് ആക്രമിക്കപ്പെട്ടു. അമ്മ കൊല്ലപ്പെട്ടു. സേതുവിന് മാരകമായ പരിക്കേറ്റു. അയാളും മരിച്ചെന്നാണ് അക്രമികൾ കരുതിയത്. അയാളുടെ ഗവേഷണ രഹസ്യങ്ങളടങ്ങിയ ലാപ്ടോപ്പിനായി അവർ വീടരിച്ചു പെറുക്കി. കിട്ടിയില്ല. കാരണം അപകടം മണത്ത സേതു അത് രഹസ്യമായി തന്നെ ഏൽപിച്ചിരുന്നു.

പിറ്റേ ദിവസം രാവിലെയാണ് നാട്ടുകാർ സംഭവം അറിഞ്ഞത്. മൃതപ്രായനായ സേതുവിനെ ആശുപത്രിയിലെത്തിച്ച് ജീവൻ രക്ഷിച്ചു. പക്ഷേ, അയാളുടെ സമനില തെറ്റിയിരുന്നു. പിന്നീടാണ് ഇവിടെ കൊണ്ടു വന്നത്. ആക്രമണത്തെക്കുറിച്ച് അന്വേഷണം നടന്നു. ഫയൽ ലോക് ചെയ്ത ലാപ്ടോപ് ഞാൻ അന്വേഷണ ഉദ്യോഗസ്ഥർക്കു കൈമാറി. ഒടുവിൽ അക്രമികൾ ജയിലിലായി. പക്ഷേ, സേതു ഈ അവസ്ഥയിലും.

ശരി, സുഹൃത്തെ നിങ്ങൾ തന്ന വിവരങ്ങൾക്കു നന്ദി. നമുക്ക് സേതുവിനായി പ്രാർത്ഥിക്കാം, പ്രതീക്ഷയോടെ ചികിത്സ തുടരാം. നിങ്ങൾ ഇടയ്ക്കിടെ ഇവിടെ വരണം. നമുക്ക് ഒന്നിച്ച് സേതുവിനെ ജീവിതത്തിലേക്കു മടക്കി കൊണ്ടു വരണം. അതിനു സാധിക്കുമെന്നാണ് എന്റെ വിശ്വാസം. കാരണം നാടിന് ഇനിയും സേതുവിന്റെ സേവനം ആവശ്യമുണ്ട്.

ഞാൻ എഴുന്നേറ്റ് കൈകൂപ്പി.

വീൽചെയറിലെ സേതുവിനെയും കൊണ്ട് ഡോക്ടറും പുറത്തെയ്ക്കിറങ്ങി. ■

# നമ്മുടെ കൽപവൃക്ഷം

ലേഖനം

**അർജുൻ പി.**
മട്ടന്നൂർ എച്ച്.എസ്.എസ്. മട്ടന്നൂർ, കണ്ണൂർ

ദൈവത്തിന്റെ സ്വന്തം നാട്, കേരളം തന്നെ. കേരളത്തിന് ഈ പേരു സിദ്ധിക്കാനുള്ളള്ള കാരണം ഈ നാടിന്റെ ഹരിതാഭതന്നെ. ഈശ്വരൻ കനിഞ്ഞ് അനുഗ്രഹിച്ച കേരളം, നദികൾ, പുഴകൾ, വയലുകൾ, കാടുകൾ, കുന്നുകൾ, തണ്ണീർത്തടങ്ങൾ പ്രകൃതി സൗന്ദര്യം കൊണ്ട് സമൃദ്ധമായിരുന്ന കേരളത്തിന്റെ ഗ്രാമീണ ഭംഗിയിൽ കേരത്തിനും കേരവൃക്ഷത്തിനും ഉള്ള പങ്ക് ചെറുതല്ല.

കേരളീയ സംസ്ക്കാരത്തിന്റെ വളർച്ചയിൽ സുപ്രധാനമായ സ്ഥാനമാണ് കേരവൃക്ഷത്തിനുള്ളത്. പല പേരുകളിൽ പല സംസ്ഥാനങ്ങളിൽ പ്രചരിക്കുന്ന നാളികേരവും, കേരവൃക്ഷവും കേരളത്തിൽ ഏതു വീട്ടിലേയും ഒഴിച്ചു കൂടാനാകാത്ത ഘടകമാണ്.

കേരളത്തിൽ ഏത് ഭക്ഷണം ഉണ്ടാക്കുമ്പോഴും അതിൽ നിന്ന് നാളികേരത്തെ ഒഴിവാക്കാൻ കഴിയില്ല. ഏറെ ഔഷധഗുണമുള്ള ഒന്നാണ് തേങ്ങാപ്പാൽ. തേങ്ങ ചുരണ്ടിയും, വറുത്തും, മുറിച്ചും, പിഴിഞ്ഞും നാം ഉപയോഗിക്കുന്നു. അടുക്കളയിലെ പാചകത്തിന് മാത്രമല്ല നാളികേരം ഉപയോഗിക്കുന്നത് നമ്മുടെ പല ഗൃഹ വൈദ്യ വിധികളിലും നാളികേരവും വെളിച്ചെണ്ണയും ഉണ്ട്. ഇതിന്റെ മറ്റ് ഭാഗങ്ങളുടേയും ഉപയോഗം വിവരണാതീതമാണ്. തെങ്ങിൻ തടി ഗൃഹോപകരണങ്ങൾ നിർമ്മിക്കാൻ വ്യാപകമായി ഉപയോഗിക്കുന്നു. ഏറെക്കാലം ഈടു നിൽക്കുന്നു എന്നുള്ളത് തെങ്ങിൻ തടിയുടെ സവിശേഷത. പണ്ട് കാലങ്ങളിൽ വീട് മേയാനും മറ്റും തെങ്ങോല ഉപയോഗിച്ചിരുന്നു. ഇന്ന് മേയാൻ ഉപയോഗിക്കുന്നില്ലെങ്കിലും മറ്റു പല വസ്തുക്കളും ഉണ്ടാക്കാൻ ഇതുപയോഗിക്കുന്നുണ്ട്. തേങ്ങ ഉണക്കി ലഭിക്കുന്ന കൊപ്രയിൽ നിന്നാണ് വെളിച്ചെണ്ണ നിർമ്മിക്കുന്നത്. ഒരിക്കലും മലയാളസംസ്കാരത്തിൽ നിന്നും അടുക്കളയിൽ നിന്നും ഒഴിച്ചു കൂടാനാവാത്ത ചേരുവയാണ് വെളിച്ചെണ്ണ. പ്രാധാന്യവും ഉപകാരവും കണക്കിലെടുത്താണ് തെങ്ങ് പൂർവ്വീകർക്കിടയിൽ കേര വൃക്ഷം കൽപവൃക്ഷം എന്ന് അറിയപ്പെട്ടിരുന്നത്.

നാളികേരത്തിന്റെ നാട് എന്നും കേരളത്തിനു പെരുമയുണ്ട്. ഇതിനുള്ള കാരണവും കേര വൃക്ഷത്തിന്റെ സമൃദ്ധിയും ഇതിന്റെ പ്രയോജനങ്ങളുമാണ്. പണ്ട് വിവാഹാലോചന നടത്താൻ അന്യ ദേശങ്ങളിൽ നിന്ന് വരുന്നവർ സമ്പത്തിന്റെ മാനദണ്ഡമായി കണക്കാക്കിയിരുന്നത് മുറ്റത്തെ ചകിരിക്കൂമ്പാരങ്ങളായിരുന്നുവത്രെ.

തെങ്ങിന്റെ പ്രാധാന്യത്തെ പരിഗണിച്ചുകൊണ്ടാണ് കേരളത്തിന്റെ ഔദ്യോഗിക വൃക്ഷമായി ഗവൺമെന്റ് തെരഞ്ഞെടുത്തത്.

കേരളീയ ഗ്രാമീണ സംസ്കാരത്തിന്റെയും കാർഷിക സംസ്ക്കാരത്തിന്റേയും വളർച്ചയിൽ മഹത്തായ സ്ഥാനം വഹിച്ച ഏറെ പ്രാധാന്യമുള്ള തെങ്ങും തേങ്ങയും മെല്ലെ മെല്ലെയാണെങ്കിലും ജീവിതത്തിനു പുറത്തേക്കു വലിച്ചെറിയപ്പെടുന്നു എന്ന ലജ്ജാകരമായ വസ്തുത നാം മനസ്സിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എന്തുകൊണ്ടാണ് കേരളീയ ജനത, നാം, മലയാളികൾ കൽപവൃക്ഷത്തിന്റെ പ്രാധാന്യം മറന്നുപോയത്. വഴിയരികിൽ കാണുന്ന കൃത്രിമ പാനീയക്കടകളും പുറം രാജ്യക്കാർ കീഴടക്കിയ ഗൃഹോപകരണവിപണികളും എല്ലാം മലയാളികൾ കേരവൃക്ഷത്തെ മറന്നു എന്നതിന്റെ തെളിവാണ്. കേരളീയ സംസ്ക്കാരം മലയാളികൾ മറക്കുന്നു എന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് നാം കേരത്തോട് കാണിക്കുന്ന അവഗണന. ഈ പ്രവണത മാറ്റേണ്ടതാണ്, അല്ല മാറേണ്ടതാണ്.

കേരവൃക്ഷത്തിന്റെ മഹത്വം പ്രചരിപ്പിച്ച് വിപണികൾ കൈയ്യടക്കിയ കേരവിഭവങ്ങൾ സാധാരണക്കാരിലേക്ക് എത്തിക്കാൻ ഗവൺമെന്റും, ഗവൺമെന്റ് സ്ഥാപനങ്ങളും, സന്നദ്ധ സംഘടകളും തീവ്രമായി പരിശ്രമിക്കുന്നുണ്ട്. ഇതിനു ഉത്തമ ഉദാഹരണമാണ് നാളികേര വികസന ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ.

നാളികേരത്തിന്റെ ഉപയോഗം മനസ്സിലാക്കി അത് ഫലപ്രദമായി ഉപയോഗിക്കാൻ ശേഷിയുള്ള, കഴിവുറ്റ ജനതയായി നാം മാറണം. അടുത്ത തലമുറകളിലേയ്ക്കും ഈ കൽപവൃക്ഷത്തിന്റെ പ്രാധാന്യം കൈമാറാൻ കേരകേരളം സമൃദ്ധ കേരളം എന്നതാകട്ടെ നമ്മുടെ ആപ്തവാക്യം. അണി ചേരാം.... പ്രവർത്തിക്കാം.... കേര വികസന യജ്ഞത്തിനായ്..... ■

## വിത്തുഗുണം

**കെ. വി. രാധാകൃഷ്ണൻ**, രാമമംഗലം

തോട്ടത്തിലുടനീളം -പച്ചോലത്തണൽ പിന്നെ,
തോട്ടിൽ നിന്നെത്തും വെള്ള, ച്ചാലതിന്നരുകിലായ്
മേയുന്ന പശുക്കളെ തേടിയെത്തുന്ന കൊറ്റി-
മായുന്ന വെയിലിലെ സായാഹ്ന ശോഭയെല്ലാം
ആശ്വാസമേകും നേരം വന്നവരെല്ലാം ചൊല്ലി
ആരുമൊന്നെത്തി നോക്കും ഈ കൽപവൃക്ഷത്തോട്ടം!
ഇത്രയും കരുത്താർജ്ജി,ക്കാനുള്ള രഹസ്യവും
ഉദ്വേഗ പൂർവ്വമവ രാരാഞ്ഞു സകൗതുകം
വിത്തുകൾ തന്നെ മുഖ്യം കാർഷികമേഖലയിൽ
പ്രത്യേകം ശ്രദ്ധിക്കേണ്ട ഘടകം യഥാർത്ഥത്തിൽ
സ്വല്പമൊരശ്രദ്ധയാൽ പറ്റുന്നതെല്ലാം വീഴ്ച
സംഭരിക്കുമ്പോൾ തന്നെ ജാഗ്രത വേണം നൂനം
നാളികേരത്തിൽ പ്രിയമേറുമീ സന്ദർഭത്തിൽ
നേരായ കൃഷി രീതിയ്ക്കേവരും ഒരുങ്ങണം
വിത്തു തേങ്ങകൾ വാങ്ങി വന്നവർ മടങ്ങവേ
സത്യത്തിലഭിമാനം തോന്നിയാ നിമിഷങ്ങൾ
തെങ്ങുകൾ വളർത്തണമെന്നൊരു സന്ദേശവും
ഭംഗിയായ് നൽകാനായ കാര്യത്തിൽ തോന്നി തൃപ്തി.

## വിരമിച്ചു



നാളികേര വികസന ബോർഡിന്റെ വിവിധ ഓഫീസുകളിലെ സേവനത്തിനു ശേഷം ശ്രീ പി. എക്സ്. റാഫേൽ 2019 ഓഗസ്റ്റ് 31 ന് സർവീസിൽ നിന്നു വിരമിച്ചു. 1988 ൽ ആണ് ശ്രീ. റാഫേൽ ബോർഡിൽ സേവനം ആരംഭിച്ചത്.



*ദേശീയ ഹിന്ദിവാരാചാരണത്തിന്റെ ഭാഗമായി നാളികേര വികസന ബോർഡിൽ നടന്ന ഹിന്ദി വാരാചരണം ബോർഡ് സെക്രട്ടറി ശ്രീ ആർ. മധു ഉദ്ഘാടനം ചെയ്യുന്നു. ഔദ്യോഗിക ഭാഷാ വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി എസ് ബീന സമീപം.*

## അന്നപൂർണ പ്രദർശനത്തിൽ നാളികേര വികസന ബോർഡ് പങ്കെടുത്തു



മുംബെ ഗുർഗാവൊണിൽ നടന്ന അന്നപൂർണ അനുഫുഡ് ഇന്ത്യ അന്താരാഷ്ട്ര പ്രദർശനത്തിൽ നാളികേര വികസന ബോർഡ് പങ്കെടുത്തു.ന്യൂഡൽഹിയിലെ ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയാണ് പ്രദർശനം സംഘടിപ്പിച്ചത്. രാജ്യത്തിനകത്തും പുറത്തു നിന്നുമായി 300 പ്രദർശകർ മേളയിൽ പങ്കെടുത്തു.

നാളികേര വികസന ബോർഡിന്റെ ബാനറിൽ വിവിധ നാളികേര ഉത്പ്പന്നങ്ങളുമായി എട്ടു സംരംഭകരാണ് പ്രദർശനത്തിന് എത്തിയത്. കേരളത്തിൽ നിന്ന് കേരടെക്, നാറ്റനുട്രിക്കോ എന്നിവരാണ് മേളയ്ക്ക് എത്തിയത്. പായ്ക്ക് ചെയ്ത കരിക്കിൻവെള്ളം, നാറ്റ ഡി കൊക്കോ, വെളിച്ചെണ്ണ, വിർജിൻ കോക്കനട്ട് ഓയിൽ, നാളികേര പാൽ, നാളികേര പാൽപൊടി, ബോർഡിന്റെ പ്രസിദ്ധീകരണങ്ങൾ, വിവിധ ഭാഷാ ജേണലുകൾ, ലഘു ലേഖകൾ തുടങ്ങിയവ ബോർഡിന്റെ വിവിധ സ്റ്റാളുകളിൽ പ്രദർശിപ്പിച്ചിരുന്നു.

## തെങ്ങു പുതുകൃഷിയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു

നാളികേര വികസന ബോർഡ് 2019-20 വർഷത്തേയ്ക്ക് തെങ്ങുപുതുകൃഷിക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് തെങ്ങിനവും പ്രദേശവുമനുസരിച്ച് ഹെക്ടർ ഒന്നിന് 6500/- മുതൽ 15000 രൂപ വരെ രണ്ടു തുല്യ വാർഷിക ഗഡുക്കളായി ധനസഹായം ലഭിക്കും. ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറവും നിബന്ധനകളും ബോർഡിന്റെ വെബ്സൈറ്റിലും (www.coconutboard.gov.in) ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷാ ഫോറം സംസ്ഥാന ഗവൺമെന്റിന്റെ കൃഷി ഓഫീസറുടെ സാക്ഷ്യ പത്രത്തിനൊപ്പം ബോർഡ് ഓഫീസിൽ സമർപ്പിക്കണം.

## വടകര കമ്പനിയുടെ കാർഷിക - വ്യാവസായിക പ്രദർശന മേള

വടകര നാളികേര ഉത്പാദക കമ്പനിയുടെ ആഭിമുഖ്യത്തിൽ 2019 ഒക്ടോബർ 4 -14 വരെ ദീർഘിക്കുന്ന കാർഷിക - വ്യാവസായിക - വിദ്യാഭ്യാസ പ്രദർശനം നടക്കും. വടകര ടൗൺഹാളിൽ നടക്കുന്ന മേള കൃഷി മന്ത്രി അഡ്വ.വിഎസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യും.മേളയോടനുബന്ധിച്ച് കർഷക ക്ലാസ്, ആരോഗ്യ സെമിനാർ, കലാമത്സരങ്ങൾ എന്നിവയും ഉണ്ടായിരിക്കും.

നാളികേര വികസന ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന വടകര കമ്പനി ഇതുവരെ നീര, വെളിച്ചെണ്ണ, വിനാഗിരി, ചക്കര, ചോക്കലേറ്റ്, ചട്നി പൗഡർ, സോപ്പ്, വിർജിൻ കോക്കനട്ട് ഓയിൽ തുടങ്ങി 20 ൽപരം നാളികേര ഉത്പ്പന്നങ്ങൾ നിർമ്മിച്ചു വിതരണം ചെയ്യുന്നുണ്ട്. ഡി കൊക്കോസ് എന്ന ബ്രാൻഡിൽ നിർമ്മിച്ചു വിപണനം ചെയ്യുന്ന ഉത്പ്പന്നങ്ങളിൽ ഏറ്റവും പുതിയത് ആന്റി ഡാൻഡ്രഫ് ഓയിലാണ്. കമ്പനിയിൽ അംഗങ്ങളായി 30000 കൃഷിക്കാരും 8100 ഓഹരി ഉടമകളും ഉണ്ട്.

# 3–ാമത് ബാലി നാളികേര കോൺഗ്രസിൽ കേരളത്തിൽ നിന്ന് സംരംഭകർ

ബാലിയിലെ കരംഗേശം പ്രവിശ്യയിൽ ലോക നാളികേര ദിനാഘോഷവും മൂന്നാമത് നാളികേരോത്സവവും സെപ്റ്റംബർ 14– മുതൽ 17 വരെ നടന്നു. നാളികേര വിനോദ സഞ്ചാരവും സാമ്പത്തിക വികസനവും എന്നതായിരുന്നു ഇന്തോനേഷ്യയിലെ നാളികേര അസോസിയേഷനുകളുടെ കൂട്ടായ്മയും ബാലി പ്രവിശ്യ ഭരണകൂടവും സംയുക്തമായി കരംഗേശം വാട്ടർ പാലസിൽ നടത്തിയ ഉത്സവ പരിപാടിയുടെ മുഖ്യ വിഷയം. കരംഗേശം പ്രവിശ്യാ ഭരണാധികാരി ഗുസ്തി ആയു മാസ് സുമന്ത്രിയുടെ സാന്നിധ്യത്തിൽ ഗൊറോൺതലോ പ്രവിശ്യാ ഭരണാധികാരി ഡോ. നെൽസൺ പൊമലിംഗോ ഉത്സവ പരിപാടികൾ ഉദ്ഘാടനം ചെയ്തു. ടാൻസാനിയ വ്യവസായ മന്ത്രി അമിന അലി മുഖ്യാതിഥി ആയിരുന്നു.



*കിരൺ കുമാർ (പാലക്കാട് ലൈഫ്ട്രീ അഗ്രോ ഫുഡ്സ്), അർഷിദ് (കോഴിക്കോട് കേരപുര പ്രൊഡക്ട്സ്) എന്നിവർ ബാലിയിലെ പ്രദർശന മേളയിൽ.*

സെമിനാർ, നാളികേര ഉത്പ്പന്നങ്ങളുടെ പ്രദർശനം വ്യവസായ സമ്മേളനം എന്നിവായിരുന്നു പരിപാടികൾ. ഇന്ത്യ, ഇന്തോനേഷ്യ, ശ്രീലങ്ക, ടാൻസാനിയ, ചൈന, ടിമോർ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പരിപാടിയിൽ സംബന്ധിച്ചു. ക്വീൻസ് ലാൻഡ് സർവകലാശാല, ഇന്തോനേഷ്യൻ കൃഷി വകുപ്പ്, കോക്കനട്ട് നോളജ് സെന്റർ ഇന്തോനേഷ്യ, ഇന്തോനേഷ്യൻ പാം ക്രോപ്സ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ധരാണ് നടീൽ വസ്തുക്കളുടെ ഉത്പാദനം, നാളികേരത്തിന്റെ ടിഷ്യുകൾച്ചർ, നാളികേര ഉത്പ്പന്നങ്ങളുടെ നിർമ്മാണം വിപണനം തുടങ്ങിയ വിഷയങ്ങൾ അവതരിപ്പിച്ചത്. നാളികേര വിനോദസഞ്ചാരവുമായി ബന്ധപ്പെട്ടതായിരുന്നു ഉത്സവ പ്രമേയം എന്നിരുന്നതിനാൽ നാളികേര ടൂറിസവും അതിന്റെ ഭാവിയും എന്ന വിഷയവും സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടു.

കേരളത്തിൽ നിന്നു കെ.എൽ.എഫ്, ഇരിഞ്ഞാലക്കുട, കേരടെക് തൃശ്ശൂർ, പാലക്കാട് ലൈഫ്ട്രീ അഗ്രോ ഫുഡ്സ്, കോഴിക്കോട് കേരപുര പ്രൊഡക്ട്സ് എന്നിവർ ഉൾപ്പടെ ഇന്ത്യയിൽ നിന്ന് 10 സംരംഭകർ മേളയിൽ പങ്കെടുത്തു.

## ബോർഡ് ജേണലുകളുടെ പരസ്യനിരക്കുകൾ

*നാളികേര വികസന ബോർഡിന്റെ പ്രസിദ്ധീകരണങ്ങളാണ് ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ്), ഇൻഡ്യൻ നാളികേര ജേണൽ (മലയാളം), ഭാരതീയ നാരിയൽ പത്രിക (ഹിന്ദി), ഭാരതീയ തെങ്ങുപത്രിക (കന്നട), ഇന്ത്യ തെന്നൈ ഇദഴ് (തമിഴ്), ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക്), ഭാരതീയ നാരൾ പത്രിക (മറാഠി) എന്നിവ. ശാസ്ത്രീയ തെങ്ങുകൃഷിയേയും കേരവ്യവസായത്തേയും സംബന്ധിച്ച ലേഖനങ്ങൾ ഈ ജേണലുകളിൽ പതിവായി പ്രസിദ്ധീകരിച്ചുവരുന്നു. ഈ ജേണലുകളുടെ വരിക്കാരിലേറിയപങ്കും കർഷകർ, ഗവേഷകർ, വ്യവസായികൾ, വ്യാപാരികൾ, ലൈബ്രറികൾ തുടങ്ങിയവരാണ്.*

| പരസ്യ വലിപ്പം | ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ് മാസിക) | ഇന്ത്യൻ നാളികേര ജേണൽ (മലയാളം മാസിക) | ഇന്ത്യ തെന്നൈ ഇദഴ് (തമിഴ് ത്രൈമാസികം) | ഭാരതീയ തെങ്ങു പത്രിക (കന്നട ത്രൈമാസികം) | ഭാരതീയ നാരിയൽ പത്രിക (ഹിന്ദി ത്രൈമാസികം) | ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക് അർദ്ധവാർഷികം) | ഭാരതീയ നാരൾ പത്രിക (മറാഠി അർദ്ധവാർഷികം) |
|---|---|---|---|---|---|---|---|
| ഫുൾ പേജ് – ബ്ലാക്ക് & വൈറ്റ് | Nil | Nil | 5000 | 5000 | Nil | 5000 | 5000 |
| ഫുൾ പേജ് – കളർ | 20000 | 20000 | 10000 | 10000 | 5000 | 10000 | 10000 |
| ഹാഫ് പേജ് – ബ്ലാക്ക് & വൈറ്റ് | Nil | Nil | 3000 | 3000 | Nil | 3000 | 3000 |
| ക്വാർട്ടർ പേജ് – ബ്ലാക്ക് & വൈറ്റ് | Nil | Nil | 1500 | 1500 | Nil | 1500 | 1500 |
| പുറംകവർ ഉൾവശം – കളർ | 25000 | 25000 | 10000 | 10000 | 8000 | 10000 | 10000 |
| പുറംകവർ – കളർ | 30000 | 30000 | 15000 | 15000 | 10000 | 15000 | 15000 |

** ഒരു ജേണലിൽ ഒരു തവണ പരസ്യം പ്രസിദ്ധീകരിക്കുന്നതിനുള്ള നിരക്ക്.*

** * ഏതെങ്കിലും 2 പതിപ്പുകളിൽ ഒരേസമയം പരസ്യം നൽകിയാൽ 10 ശതമാനവും മൂന്നോ അതിൽ കൂടുതലോ പതിപ്പുകളിൽ ഒരേ സമയം നൽകിയാൽ 12ശതമാനവും കിഴിവ് നൽകുന്നതാണ്. നിയമാനുസൃത പരസ്യ ഏജൻസികൾക്ക് 15 ശതമാനം കിഴിവ് നൽകുന്നതാണ്.*



# തെങ്ങിൻ തോപ്പിൽ ഒക്ടോബറിലെ കൃഷിപ്പണികൾ

ഓഗസ്റ്റിലെ പ്രളയത്തിനു ശേഷവും സംസ്ഥാനത്തുടനീളം ഇക്കഴിഞ്ഞ മാസത്തിലും പൊതുവെ നല്ല മഴ ലഭിക്കുകയുണ്ടായി. ചില പ്രദേശങ്ങളിൽ ശക്തമായ മഴ തന്നെ കിട്ടി. കുറഞ്ഞ തോതിൽ മഴ ഇപ്പോഴും ലഭിക്കുന്നുമുണ്ട്. സെപ്റ്റംബറിൽ അത്ര പതിവില്ലാത്ത ഈ മഴ കേരമേഖലയ്ക്ക് ഒരേ സമയം ഗുണവും ദോഷവും ആണ്. നനയെ ആശ്രയിച്ച് കൃഷി ചെയ്യുന്ന പ്രദേശങ്ങളിൽ ഈ മാസം തെങ്ങിന് ജലസേചനം നല്കേണ്ടതില്ല എന്നതാണ് പ്രയോജനം. പക്ഷെ അനവസരത്തിലെ മഴയും മൂടിക്കെട്ടിയ ദിനാന്തരീക്ഷവും തെങ്ങുകളിൽ രോഗകീട ആക്രമണ സാധ്യത വർധിപ്പിക്കുന്നു. അതിനാൽ കൃഷിക്കാർ ജാഗ്രത പുലർത്തുകയും രോഗ കീടങ്ങളുടെ നിയന്ത്രണത്തിനാവശ്യമായ പ്രതിരോധ നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യണം.

### തൈ നടീൽ

നീർ വാർച്ച കുറഞ്ഞ താഴ്ന്ന പ്രദേശങ്ങളിൽ ഇപ്പോൾ തെങ്ങിൻ തൈകൾ നടാം. തെങ്ങിൻ തൈകൾ നട്ട കുഴികളിൽ വെള്ളം കെട്ടി നിൽക്കാതിരിക്കാൻ ആവശ്യത്തിന് നീർവാർച്ചാ സൗകര്യം ഏർപ്പെടുത്തണം.

### ജലസേചനം

മഴ ലഭിക്കാത്ത മേഖലകളിൽ തൈകൾ നനച്ചു കൊടുക്കണം. കാലവർഷത്തിനു ശേഷം തോട്ടത്തിൽ ആവശ്യത്തിന് ഈർപ്പം ലഭിക്കത്തക്ക വിധം മഴ കിട്ടുന്നില്ലെങ്കിൽ ഒക്ടോബറിൽ കായ്ക്കുന്ന തെങ്ങുകൾക്ക് ജലസേചനം നൽകാം. തടം നനയ്ക്കുന്ന രീതിയാണ് അനുവർത്തിക്കുന്നതെങ്കിൽ തെങ്ങൊന്നിന് നാലു ദിവസത്തിലൊരിക്കൽ 200-250 ലിറ്റർ വെള്ളം ലഭ്യമാക്കണം. തെങ്ങിന് അനുയോജ്യമായ ജലസേചന രീതി കണിക ജലസേചനമാണ്. (തുള്ളി നന) തെങ്ങിന്റെ ചുവട്ടിൽ നിന്നും ഒരു മീറ്റർ അകലത്തിൽ നാലിടത്തായി തടത്തിനകത്ത് ഒരടി നീളവും വീതിയും ആഴവുമുള്ള കുഴികൾ തുല്യ അകലത്തിലായി കുഴിക്കണം. മണൽ മണ്ണാണെങ്കിൽ ആറ് കുഴികൾ വേണം. കുഴികൾ ചകിരിചോറ് ഉപയോഗിച്ച് നിറയ്ക്കുക. കണിക ജലസേചനത്തിനുപയോഗിക്കുന്ന ഡ്രിപ്പറുകൾ/ മൈക്രോട്യൂബുകൾ ഈ കുഴികളുടെ അടിഭാഗത്തെത്തുന്ന വിധം പോളിത്തീൻ കുഴലുകൾ വഴി ഇറക്കി വയ്ക്കണം. ഇങ്ങനെ ഡ്രിപ്പറുകൾ ക്രമീകരിച്ചു വയ്ക്കുന്നതുവഴി ജലസേചനത്തിനുപയോഗിക്കുന്ന വെള്ളം നഷ്ടപ്പെടുന്നത് പരമാവധി ഒഴിവാക്കാം. തെങ്ങൊന്നിന് പ്രതിദിനം 30 - 45 ലിറ്റർ വെള്ളം കണിക ജലസേചനം വഴി ലഭ്യമാക്കണം.

### വളപ്രയോഗം

ജലസേചന സൗകര്യമുള്ള തോട്ടങ്ങളിൽ രണ്ടാം ഗഡുവായി രാസവളങ്ങളുടെ നാലിലൊരു ഭാഗം സെപ്റ്റംബറിൽ നൽകിയിട്ടില്ലെങ്കിൽ ഒക്ടോബറിൽ അവ ചേർത്തു കൊടുക്കണം.



ജൂൺ മാസത്തിൽ നട്ട തെങ്ങിൻ തൈകൾക്ക് ആദ്യത്തെ രാസവള പ്രയോഗം ഒക്ടോബറിൽ നടത്താം. തൈ ഒന്നിന് 100 ഗ്രാം യൂറിയ, 200 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്, 150 ഗ്രാം റോക്ക് ഫോസ്ഫേറ്റ് എന്ന തോതിൽ ചേർത്തു കൊടുക്കണം.

പൊതുവായി നിർദ്ദേശിച്ച അളവിനു പകരം തെങ്ങിൻ തോട്ടത്തിലെ മണ്ണു പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കുന്ന അളവിൽ വളം നാല് തുല്യ തവണകളായി നൽകാവുന്നതാണ്. ഇതാണ് അഭികാമ്യം

### ഇടയിളക്കൽ

സെപ്റ്റംബറിൽ തെങ്ങിൻ തോട്ടത്തിൽ കളനിയന്ത്രണത്തിനും ഈർപ്പം സംരക്ഷിക്കുന്നതിനുമായി ഇടയിളക്കിയിട്ടില്ലെങ്കിൽ ഒക്ടോബറിൽ ഉഴുതോ കിളച്ചോ ഇടയിളക്കൽ നടത്താം.

തെങ്ങിൻ തോട്ടത്തിൽ ഉഴവ് നടത്തുകയോ കിളക്കുകയോ ചെയ്യുമ്പോൾ തെങ്ങിൻ തടിക്ക് ക്ഷതം പറ്റാതെ സൂക്ഷിക്കണം.

### നഴ്സറി പരിപാലനം

ആവശ്യമെങ്കിൽ നഴ്സറിയിൽ നിന്നും കളകൾ നീക്കം ചെയ്യണം.

അഞ്ചു മാസം കഴിഞ്ഞിട്ടും മുളയ്ക്കാത്ത വിത്തു തേങ്ങകളുണ്ടെങ്കിൽ അവ നഴ്സറിയിൽ നിന്നും നീക്കണം.

ഉണങ്ങിയ പുല്ലോ തെങ്ങോലകളോ ഉപയോഗിച്ച് നഴ്സറിയിൽ പുതയിടണം. അതല്ലെങ്കിൽ പയറു വർഗ്ഗത്തിൽപ്പെട്ട പച്ചിലവളച്ചെടികൾ നഴ്സറിയിൽ വളർത്തിയും പുത നൽകാം.

കഴിഞ്ഞ മാസം നല്ല മഴ ലഭിക്കാത്ത മേഖലകളിലെ നഴ്സറികളിൽ തൈകൾക്ക് ജലസേചനം നൽകണം.

### പുതയിടൽ

തെങ്ങിൻ തടത്തിൽ സെപ്റ്റംബറിൽ പുതയിട്ടിട്ടില്ലെങ്കിൽ

ഒക്ടോബറിൽ പുതയിടൽ നടത്തണം. തെങ്ങിൻ തോട്ടത്തിൽ തന്നെ ലഭ്യമായ ഉണങ്ങിയ തെങ്ങോലകൾ പുതയിടാനായി ഉപയോഗിക്കാം.

## സസ്യ സംരക്ഷണം

തെങ്ങിൻ തോട്ടത്തിൽ ഏതെങ്കിലും കീടമോ രോഗമോ കാണപ്പെട്ടാൽ ഉചിതമായ സസ്യ സംരക്ഷണ നടപടികൾ അനുവർത്തിക്കണം.

## കീട നിയന്ത്രണം

***കൊമ്പൻ ചെല്ലി***

തെങ്ങിന്റെ മണ്ട വൃത്തിയാക്കുമ്പോൾ ചെല്ലിക്കോലുപയോഗിച്ച് കൊമ്പൻ ചെല്ലിയെ കുത്തിയെടുത്ത് നശിപ്പിക്കുക.

വളക്കുഴികളിലും ചെല്ലിയുടെ പുഴുക്കൾ വളരുന്ന മറ്റിടങ്ങളിലും മെറ്റാ റൈസിയം കുമിൾ തളിച്ചു കൊടുക്കുക. ചെല്ലികൾ പെരുകുന്ന ഇടങ്ങളിൽ പെരുവലം എന്ന കള സസ്യം വേരോടെ പിഴുതിടുക.

തെങ്ങിൻ തൈകളിൽ തിരി നാമ്പിനു ചുറ്റുമുള്ള മൂന്ന് ഓലക്കവിളുകളിൽ ഓരോ പാറ്റാഗുളിക (നാലു ഗ്രാം) വീതം നിക്ഷേപിച്ച് മുകളിൽ മണൽ നിറയ്ക്കുക.

വലിയ തെങ്ങുകളിൽ തിരിനാമ്പിനു ചുറ്റുമുള്ള മൂന്നു നാല് ഓലക്കവിളുകളിൽ 250 ഗ്രാം മരോട്ടി/ വേപ്പിൻ പിണ്ണാക്ക് തുല്യ അളവ് മണലുമായി ചേർത്ത് നിറച്ചു കൊടുക്കുക.

ക്ലോറാൻ ട്രിനിലിപ്രോൾ അടങ്ങിയ പച്ച ലേബലിലുള്ള കീടനാശിനി മൂന്നു ഗ്രാം തുണിക്കിഴികളിലാക്കി തിരിനാമ്പിനു ചുറ്റുമുള്ള മൂന്നു നാല് ഓലക്കവിളുകളിൽ നിക്ഷേപിക്കുക.

***ചെമ്പൻ ചെല്ലി***

കീടബാധയേറ്റ ഭാഗം ചെത്തി മാറ്റി ഇമിഡാക്ലോപ്രിഡ് (0.02%) ഒരു മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി കീടബാധയേറ്റ ഭാഗത്തുകൂടി ഒഴിച്ചു കൊടുക്കുക.

മുൻ കരുതൽ എന്ന നിലയിൽ 1) തെങ്ങിൻ തടിയിൽ മുറിവുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. 2) കൂമ്പു ചീയൽ, കൊമ്പൻ ചെല്ലി എന്നിവയ്ക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കുക. 3) പച്ച മടലുകൾ കഴിവതും ഒരു മീറ്റർ എങ്കിലും നീട്ടി മാത്രം വെട്ടുക. 4) ചെല്ലി ബാധ കൊണ്ട് നശിച്ച തെങ്ങുകൾ വെട്ടിക്കീറിതീയിട്ടു നശിപ്പിക്കുക.

***മണ്ടരി***

പരാഗണം കഴിഞ്ഞ അഞ്ച് ഇളം കുലകളിൽ വെളുത്തുള്ളി – വേപ്പെണ്ണ – സോപ്പ് മിശ്രിതം (200 ഗ്രം + 20 മില്ലി ലിറ്റർ + അഞ്ചു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ അസാഡിരാക്റ്റിൻ (ഒരു ശതമാനം) നാലു മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ പാമോയിൽ (200 മില്ലി ലിറ്റർ) സൾഫർ (അഞ്ചു ഗ്രാം) സോപ്പ് (12 ഗ്രാം) 800 മില്ലി ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി തളിക്കുക.

അസാഡിറാക്റ്റിൻ (1 %) 10 മില്ലി ലിറ്റർ തുല്യ അളവ് വെള്ളവുമായി ചേർത്ത് വേരിലൂടെ നൽകുന്നതും ഫലപ്രദമാണ്.

***പൂങ്കുലച്ചാഴി***

വേപ്പെണ്ണ – സോപ്പ് എമൽഷൻ (0.5%) പരാഗണം കഴിഞ്ഞ കുലകളിൽ തളിക്കുക. (അഞ്ചു മില്ലി ലിറ്റർ വേപ്പെണ്ണ + എട്ടു ഗ്രാം ബാർസോപ്പ് ഒരു ലിറ്റർ വെള്ളത്തിൽ)

***വെള്ളീച്ച***

രാസകീടനാശിനികളൊന്നും ഉപയോഗിക്കരുത്.

കരിംപൂപ്പൽ ഇളകിപ്പോകാൻ ഒരു ശതമാനം വീര്യത്തിൽ സ്റ്റാർച്ച് (കഞ്ഞിപ്പശ) തളിക്കുക.

അത്യാവശ്യ ഘട്ടത്തിൽ 0.5 % വീര്യത്തിൽ വേപ്പെണ്ണ എമൽഷൻ തളിക്കാം.

## രോഗനിയന്ത്രണം.

***കൂമ്പു ചീയൽ***

കൂമ്പു ചീയൽ ബാധിച്ച് അഴുകിയ ഭാഗങ്ങൾ നീക്കം ചെയ്ത് ബോർഡോ കുഴമ്പ് പുരട്ടിയ ശേഷം മഴ വെള്ളം വീഴാത്ത വിധത്തിലും എന്നാൽ വായു സഞ്ചാരം കിട്ടത്തക്ക വിധത്തിലും പോളിത്തീൻ സഞ്ചികൊണ്ട് നാമ്പ് മൂടണം.

ചുറ്റുമുള്ള തെങ്ങുകൾക്ക് ഒരു ശതമാനം വീര്യത്തിലുള്ള ബോർഡോ മിശ്രിതം തളിക്കുക.

തെങ്ങിൻ തോട്ടത്തിൽ നീർ വാർച്ച ഉറപ്പാക്കുക.

***ചെന്നീരൊലിപ്പ്***

തെങ്ങിൻ തടിയോട് ചേർത്ത് ചുവട്ടിൽ ചപ്പ് കൂട്ടിയിട്ട് കത്തിക്കുന്നത് ഒഴിവാക്കുക.

രോഗം ബാധിച്ച ഭാഗത്ത് ട്രൈക്കോഡർമ്മ ടാൽക് മിശ്രിതം കുഴമ്പു രൂപത്തിലാക്കി തേച്ച് പിടിപ്പിക്കുക.

തോട്ടത്തിൽ നീർവാർച്ചാ സൗകര്യം ഉറപ്പുവരുത്തുക.

ജൈവ വളങ്ങൾക്കൊപ്പം അഞ്ചു കിലോ ഗ്രാം വേപ്പിൻ പിണ്ണാക്ക് 100 ഗ്രാം ട്രൈക്കോഡർമ്മ ചേർത്ത് ഇട്ടു കൊടുക്കുക.

***ഓല ചീയൽ***

നാമ്പോലയുടേയും അതിനു താഴെയുള്ള രണ്ട് ഓലകളുടേയും അഴുകിയ ഭാഗങ്ങൾ നീക്കം ചെയ്ത് നശിപ്പിക്കുക. അതിനു ശേഷം ഹെക്സാകൊണാസോൾ 5 ഇ.സി. രണ്ടു മില്ലി





ലിറ്റർ അളവിൽ300 മില്ലി ലിറ്റർ വെള്ളത്തിൽ കലക്കി നാമ്പോലയുടെ കവിളിൽ ഒഴിച്ചു കൊടുക്കുക. അല്ലെങ്കിൽ സ്യൂഡോമോണാസ് ഫ്ളൂറസൻസ്, ബാസിലസ് സബ്ടിലിസ് ടാൽക് മിശ്രിതം 50 ഗ്രാം 500 മില്ലി ലിറ്റർ കലക്കി ഒഴിച്ചു കൊടുക്കുക.

***തഞ്ചാവൂർ വാട്ടം***

രോഗം ബാധിച്ച് പൂർണ്ണമായും നശിച്ച തെങ്ങുകൾ വേരോടെ പിഴുതു നശിപ്പിക്കുക.

രോഗം ബാധിച്ച തെങ്ങിനു ചുറ്റും 60 സെന്റി മീറ്റർ ആഴത്തിലും 30 സെന്റി മീറ്റർ വീതിയിലുമായി കിടങ്ങ് കുഴിച്ച് മറ്റു തെങ്ങുകളിലേക്ക് രോഗം പടരുന്നത് തടയുക.

ട്രൈക്കോഡർമ്മ ചേർത്ത വേപ്പിൻ പിണ്ണാക്ക് തെങ്ങൊന്നിന് അഞ്ച് കിലോ ഗ്രാം എന്ന തോതിൽ ചേർത്തു കൊടുക്കുക. തെങ്ങിൻ തടം നനച്ചു കൊടുക്കുകയും ഓലകളും ചപ്പു ചവറുകളുമുപയോഗിച്ച് പുതയിടുകയും ചെയ്യുക.

*തയ്യാറാക്കിയത്: ഡോ. സി. തമ്പാൻ, ഡോ. പി. സുബ്രഹ്മണ്യം, സി.പി.സി.ആർ.ഐ, കാസർഗോഡ് . ഡോ. ജോസഫ് രാജ് കുമാർ, സി.പി.സി.ആർ.ഐ, കായങ്കുളം* ■

# കമ്പോള അവലോകനം

## ആഭ്യന്തര വില നിലവാരം

### വെളിച്ചെണ്ണ

കേരളത്തിലെ മൂന്നു വെളിച്ചെണ്ണ വിപണികളിലും 2019 ഓഗസ്റ്റ് മാസത്തിൽ വെളിച്ചെണ്ണ വിലയിൽ ഉണർവാണ് അനുഭവപ്പെട്ടത്. കൊച്ചി ആലപ്പുഴ വിപണികളിൽ ക്വിന്റലിന് 14800 രൂപയിലും, കോഴിക്കോട്ട് 15100 രൂപയിലുമാണ് വ്യാപാരം ആരംഭിച്ചതെങ്കിലും മാസാവസാനം വിലകൾ താഴ്ന്നു. മാസാവസാനം വിപണി ക്ലോസ് ചെയ്തപ്പോൾ, കൊച്ചി, ആലപ്പുഴ വിപണികളിൽ ക്വിന്റലിന് 16400 രൂപയും, കോഴിക്കോട് വിപണിയിൽ 17300 രൂപയുമായിരുന്നു വില നിലവാരം. വ്യാപാരം അവസാനിച്ചപ്പോൾ വെളിച്ചെണ്ണ ക്വിന്റലിന് കൊച്ചിയിലും ആലപ്പുഴയിലും 1600 രൂപയുടെയും കോഴിക്കോട്ട് 2200 രൂപയുടെയും വീതം നേട്ടം രേഖപ്പെടുത്തി.

തമിഴ് നാട്ടിലെ കാങ്കയം വിപണിയിൽ കഴിഞ്ഞ മാസം വെളിച്ചെണ്ണ വിലയിൽ മൊത്തത്തിൽ ഉണർവാണ് ദൃശ്യമായത്. ക്വിന്റലിന് 12000 രൂപയിൽ ആരംഭിച്ച വെളിച്ചെണ്ണ വ്യാപാരം ക്വിന്റലിന് 1333 രൂപ നേട്ടത്തിൽ 13333 രൂപയിൽ ക്ലോസ് ചെയ്തു. 2019 ഓഗസ്റ്റ് മാസത്തിൽ പ്രധാന വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 1 ൽ:



പട്ടിക 1 : വെളിച്ചെണ്ണയുടെ വാരാന്ത്യ ശരാശരി വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01-08-2019 | 14800 | 14800 | 15100 | 12000 |
| 11-08-2019 | 15600 | 15500 | 16000 | 13000 |
| 18-08-2019 | 15800 | 15800 | 17100 | 14000 |
| 25-08-2019 | 16700 | 16500 | 17650 | 14000 |
| 31-08-2019 | 16400 | 16400 | 17300 | 13333 |




### ഭക്ഷ്യയോഗ്യമായ കൊപ്ര

രാജാപൂർ കൊപ്രയുടെ വ്യാപാരം കോഴിക്കോട് വിപണിയിൽ കഴിഞ്ഞ മാസം ക്വിന്റലിന് 12600 രൂപയിൽ ആരംഭിച്ചു. ഓഗസ്റ്റ് മാസത്തിലുടനീളം വിലയിൽ ചാഞ്ചാട്ടമാണ് ദൃശ്യമായത്. മാസാവസാനം ക്വിന്റലിന് 400 രൂപ നേട്ടത്തിൽ 13000 രൂപയിൽ വിപണി ക്ലോസ് ചെയ്തു. ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 2 ൽ:

പട്ടിക 2 : ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ)

| | |
|---|---|
| 01-08-2019 | 12600 |
| 11-08-2019 | 12500 |
| 18-08-2019 | 13500 |
| 25-08-2019 | 13600 |
| 31-08-2019 | 13000 |

### ആട്ടുകൊപ്ര

ആട്ടു കൊപ്രയുടെ വ്യാപാരം കഴിഞ്ഞ മാസം കൊച്ചിയിൽ ക്വിന്റലിന് 9500 രൂപയിലും ആലപ്പുഴയിൽ 9400 രൂപയിലും, കോഴിക്കോട് 9600 രൂപയിലുമാണ് ആരംഭിച്ചത്. മാസാവസാനം വിലകൾ കുറഞ്ഞെങ്കിലും, ആട്ടുകൊപ്രയുടെ വിലയിൽ ഓഗസ്റ്റ് മാസം മൂന്നു വിപണികളിലും ഉണർവാണ് കാണാൻ കഴിഞ്ഞത്. വിപണി ക്ലോസ് ചെയ്യുമ്പോൾ കൊച്ചിയിലും കോഴിക്കോട്ടും ക്വിന്റലിന് 10700 രൂപയും, ആലപ്പുഴയിൽ 10600 രൂപയും വീതം വിലകൾ രേഖപ്പെടുത്തി. വ്യാപാരം അവസാനിക്കുമ്പോൾ കോഴിക്കോട്ട് ക്വിന്റലിന് 1100 രൂപയുടെയും, കൊച്ചിയിലും ആലപ്പുഴയിലും1200 രൂപയുടെയും വീതം നേട്ടം രേഖപ്പെടുത്തി. തമിഴ്നാട്ടിലെ കാങ്കയം നാളികേര വിപണിയിൽ ക്വിന്റലിന് 8800 രൂപയിൽ ആരംഭിച്ച വ്യാപാരം ക്വിന്റലിനു 900 രൂപ നേട്ടത്തിൽ 9700 രൂപയിൽ ക്ലോസ് ചെയ്തു. വിവിധ കമ്പോളങ്ങളിൽ ആട്ടു കൊപ്രയുടെ വാരാന്ത്യ വില നിലവാരം പട്ടിക 3 ൽ:

| പട്ടിക 3 : ആട്ടുകൊപ്രയുടെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ) | | | | |
|---|---|---|---|---|
| | കൊച്ചി | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | കാങ്കയം |
| 01-08-2019 | 9500 | 9400 | 9600 | 8800 |
| 11-08-2019 | 10300 | 10100 | 10100 | 8800 |
| 18-08-2019 | 10500 | 10400 | 10800 | 9300 |
| 25-08-2019 | 11000 | 10800 | 10700 | 9600 |
| 31-08-2019 | 10700 | 10600 | 10700 | 9700 |



**ഉണ്ടക്കൊപ്ര**

കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിതവിപണിയിൽ 2019 ഓഗസ്റ്റ് മാസത്തിൽ ഉണ്ടക്കൊപ്രയുടെ വിലയിൽ സമ്മിശ്ര പ്രവണത രേഖപ്പെടുത്തി. ക്വിന്റലിന് 13800 രൂപയിൽ ആരംഭിച്ച വ്യാപാരം മാസാവസാനം ക്വിന്റലിന് 200 രൂപ നഷ്ടത്തിൽ 13600 രൂപയിൽ അവസാനിച്ചു. ഉണ്ടക്കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 4 ൽ :



| പട്ടിക 4 : ഉണ്ട കൊപ്രയുടെ വാരാന്ത്യവില തിപ്തൂർ വിപണിയിൽ (ക്വിന്റലിന് രൂപയിൽ) | |
|---|---|
| 01-08-2019 | 13800 |
| 11-08-2019 | 13600 |
| 18-08-2019 | 13800 |
| 25-08-2019 | 13400 |
| 31-08-2019 | 13600 |

**കൊട്ടത്തേങ്ങ**

കോഴിക്കോട് വിപണിയിൽ കൊട്ടത്തേങ്ങയുടെ വിലയിൽ 2019 ഓഗസ്റ്റ് മാസത്തിലുടനീളം ചാഞ്ചാട്ടമാണ് രേഖപ്പെടുത്തിയത്. ക്വിന്റലിന് 9400 രൂപയിൽ ആരംഭിച്ച വ്യാപാരം മാസാവസാനം 2100 രൂപ നേട്ടത്തിൽ 11500 രൂപയിൽ അവസാനിച്ചു. കൊട്ടത്തേങ്ങയുടെ വാരാന്ത്യ വില നിലവാരം പട്ടിക 5 ൽ:



| പട്ടിക 5 : കൊട്ട തേങ്ങയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ ) | |
|---|---|
| 01-08-2019 | 9400 |
| 11-08-2019 | 12500 |
| 18-08-2019 | 12500 |
| 25-08-2019 | 12100 |
| 31-08-2019 | 11500 |



**നാളികേരം**

നെടുമങ്ങാട് വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വ്യാപാരം 2019 ഓഗസ്റ്റ് മാസത്തിൽ ആയിരത്തിന് 13000 രൂപയ്ക്ക് ആരംഭിച്ച്, മാസവസാനം 15000 രൂപയിൽ ക്ലോസ് ചെയ്തു. തമിഴ്നാട്ടിലെ പൊള്ളാച്ചി വിപണിയിൽ ആയിരത്തിന് 11000 രൂപയിൽ ആരംഭിച്ച നാളികേര വ്യാപാരം, മാസാവസാനം 13000 രൂപയിൽ ക്ലോസ് ചെയ്തു. ബാംഗ്ളൂർ നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വ്യാപാരം ആയിരത്തിന് 14000 രൂപയിൽ ആരംഭിച്ച് മാസാവസാനം വരെ അതെ വിലനിലവാരം നിലനിർത്തി വിപണി ക്ലോസ് ചെയ്തു. മംഗലാപുരം വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വ്യാപാരം 21000 രൂപയിൽ ആരംഭിച്ച് മാസാവസാനം വരെ ആ വില നിലനിർത്തി വിപണി ക്ലോസ് ചെയ്തു. വിവിധ കമ്പോളങ്ങളിൽ നാളികേരത്തിന്റെ വാരാന്ത്യ വിലനിലവാരം പട്ടിക 6 ൽ:

| പട്ടിക 6 : ഭാഗികമായി തൊണ്ടുരിഞ്ഞ നാളികേരത്തിന്റെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ആയിരത്തിന്) | | | | |
|---|---|---|---|---|
| | നെടുമങ്ങാട് | പൊള്ളാച്ചി | ബംഗളുരു | മംഗളുരു (ഗ്രേഡ് 1) |
| 01-08-2019 | 13000 | 11000 | 14000 | 21000 |
| 11-08-2019 | 13000 | 12000 | 14000 | 21000 |
| 18-08-2019 | 15000 | 13000 | 14000 | 21000 |
| 25-08-2019 | 14000 | 14000 | 14000 | 21000 |
| 31-08-2019 | 15000 | 13000 | 14000 | 21000 |

# അന്താരാഷ്ട്ര വില നിലവാരം

**വെളിച്ചെണ്ണ**

അന്താരാഷ്ട്ര വിപണിയിൽ കഴിഞ്ഞ മാസത്തിലുടനീളം വെളിച്ചെണ്ണ വിലയിൽ ഉണർവാണ് പ്രകടമായത്. അതെ സമയം ഇന്ത്യയിലെയും ഫിലിപ്പീൻസിലെയും ഇന്തോനേഷ്യയിലെയും ശ്രീലങ്കയിലെയും ആഭ്യന്തര വിപണികളിൽ വിലയിൽ ചാഞ്ചാട്ടമാണ് പ്രകടമായത്. വിവിധ അന്താരാഷ്ട്ര ആഭ്യന്തര വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 7 ൽ:

| പട്ടിക 7 : വെളിച്ചെണ്ണ ഉത്പാദക രാജ്യങ്ങളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | | |
|---|---|---|---|---|---|
| | അന്താരാഷ്ട്ര വില നിലവാരം | ആഭ്യന്തര വില നിലവാരം | | | |
| | ഫിലിപ്പെൻസ്/ഇൻഡോനേഷ്യ (സി.ഐ.എഫ് യൂറോപ്പ്) | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 03.08.2019 | 689 | 638 | 641 | 1725 | 1688 |
| 10.08.2019 | 701 | 663 | 668 | 1654 | 1828 |
| 17.08.2019 | 708 | 671 | 668 | 1626 | 1969 |
| 24.08.2019 | 712 | 670 | 668 | 1560 | 1969 |
| 31.08.2019 | 740 | 675 | 673 | 1605 | 1875 |

*കാങ്കയം



**തേങ്ങ**

പ്രമുഖ നാളികേര ഉത്പാദക രാജ്യങ്ങളായ ഇന്ത്യ, ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക എന്നീ രാജ്യങ്ങളിലെ നാളികേര വിപണികളിലെ വില നിലവാരം പട്ടിക 8 ൽ :

| പട്ടിക 8 : നാളികേരത്തിന്റെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 03.08.2019 | 103 | 106 | 130 | 345 |
| 10.08.2019 | 96 | 121 | 133 | 373 |
| 17.08.2019 | 95 | 121 | 130 | 408 |
| 24.08.2019 | 95 | 128 | 122 | 422 |
| 31.08.2019 | 95 | 128 | 122 | 408 |

*പൊള്ളാച്ചി





**കൊപ്ര**

പ്രധാനപ്പെട്ട നാളികേര ഉത്പാദക രാജ്യങ്ങളായ ശ്രീലങ്ക1, ഇന്തോനേഷ്യ, ഫിലിപ്പീൻസ് എന്നീ രാജ്യങ്ങളിലെ ആഭ്യന്തര വിപണികളിൽ കഴിഞ്ഞ മാസം കൊപ്രയുടെ വിലയിൽ സമ്മിശ്ര പ്രതികരണമാണ് കണ്ടത്. അതെ സമയം ഇന്ത്യൻ വിപണിയിൽ വിലയിൽ നേരിയ ഉണർവും രേഖപ്പെടുത്തി. വിവിധ വിപണികളിലെ വാരാന്ത്യ അന്താരാഷ്ട്ര വില നിലവാരം പട്ടിക 9 ൽ :

| പട്ടിക 9 : കൊപ്ര ഉത്പാദക രാജ്യങ്ങളിലെ കൊപ്രയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 03.08.2019 | 398 | 398 | 826 | 1238 |
| 10.08.2019 | 389 | 402 | 852 | 1238 |
| 17.08.2019 | 392 | 415 | 887 | 1308 |
| 24.08.2019 | 403 | 408 | 881 | 1350 |
| 31.08.2019 | 420 | 415 | 791 | 1364 |

*കാങ്കയം



ഇന്ത്യൻ നാളികേര ജേണലിന്റെ വായനക്കാരായ വീട്ടമ്മമാർക്കു വേണ്ടിയുള്ള പംക്തി - കേരപാചകം. നാളികേരവും കരിക്കും തേങ്ങാപ്പാലും മറ്റും മുഖ്യ ചേരുവയായി ഉപയോഗിച്ച് തയാറാക്കുന്ന വിഭവങ്ങളാണ് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്. പാചക വിദഗ്ധനും നെടുമ്പാശേരി ഫ്ളോറ എയർപോർട്ട് ഹോട്ടലിലെ എക്സിക്യൂട്ടിവ് ഷെഫുമായ റോയ് ജോസഫ് പോത്തനാണ് വായനക്കാർക്കുവേണ്ടി ഈ പാചകക്കുറിപ്പുകൾ തയാറാക്കുന്നത്. ബൊൺസൈഡെ ഹൗസ് എഡിൻബർഗ്, കൊച്ചിയിലെ വൈറ്റ് ഫോർട്ട്, അവന്യു റിജന്റ്, താജ് മലബാർ തുടങ്ങിയ ഹോട്ടലുകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള റോയിക്ക് ഈ മേഖലയിൽ 25 വർഷത്തെ പരിചയമുണ്ട്. ഏഷ്യാനെറ്റ്, ജീവൻ,അമൃത തുടങ്ങിയ ചാനലുകളിൽ പാചക പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. കോട്ടയം ജില്ലയിലെ വെളിയന്നൂർ സ്വദേശിയാണ്.

ഫോൺ - 9495325526 ,8157994173

# ഇളനീർ കാന്താരി

**ആവശ്യമായ ചേരുവകകൾ**

ഇളനീർ - ഒന്ന് (കട്ടി കുറച്ച് നീളത്തിൽ അരിഞ്ഞത്)
പച്ചകാന്താരി - 10 എണ്ണം
ഇഞ്ചി - ഒരു കഷണം ( അഞ്ച് ഗ്രാം)
വെളുത്തുള്ളി -ഒന്ന് (അഞ്ച് ഗ്രാം)
കറിവേപ്പില - ഒരു തണ്ട്
പച്ച കാപ്സിക്കം - ഒന്ന്
ഉപ്പ് -ആവശ്യത്തിന്
മൈദ - ആവശ്യത്തിന്
അരിപ്പൊടി - ആവശ്യത്തിന്
മുട്ട - രണ്ട്
വെളിച്ചെണ്ണ - 250 ഗ്രാം
വിനാഗിരി - ഒരു സ്പൂൺ

**മസാലക്കൂട്ട്**

മഞ്ഞൾ പൊടി, മുളകു പൊടി, മല്ലി പൊടി, ഗരം മസാല, പെരുംജീരകം - എല്ലാം ഓരോ നുള്ള്.

**തയാറാക്കുന്ന വിധം**

മുളക്, ഇഞ്ചി, വെളുത്തുള്ളി, കറിവേപ്പില, കാപ്സിക്കം എന്നിവ മിക്സിയിൽ നന്നായി അരയ്ക്കുക..

ഈ മിശ്രിതത്തിലേയ്ക്ക് മസാലക്കൂട്ട്, പാകത്തിന് ഉപ്പ്, മൈദ, അരിപ്പൊടി, മുട്ട ഉടച്ചത്, കുച്ച് വിനാഗിരി എന്നിവ ചേർത്ത് അതിന്റെകൂടെ അരിഞ്ഞു വച്ചിരിക്കുന്ന ഇളനീർ കഷണങ്ങളും ചേർത്ത് അഞ്ച് മിനിറ്റ് മാരിനേറ്റ് ചെയ്യുക.

അടി കട്ടിയുള്ള ഫ്രൈയിംങ് പാനിൽ എണ്ണ ഒഴിച്ച് ചൂടാകുമ്പോൾ മസാലക്കൂട്ടു ചേർത്തു വച്ചിരിക്കുന്ന ഇളനീർ നന്നായി ഫ്രൈചെയ്ത് എടുക്കാം.



കടപ്പാട്: FLORA